2

# സകല ആത്മിയ അനുഗ്രഹങ്ങളും സഭയുടെ ഉദ്ദേശവും

## (1:3-14)

"ക്രിസ്തുവിൽ" പരിമിതിയില്ലാത്ത അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടാണ് പൗലൊസ് സഹോദരന്മാർക്ക് ലേഖനം എഴുതി തുടങ്ങുന്നത് (1:3-14). ഗ്രീക്ക് പുതിയ നിയമത്തിലെ ഒറ്റ വാചകത്തിൽ, വിശുദ്ധന്മാർക്ക് നൽകുന്ന സകല ആത്മിയമായ അനുഗ്രഹങ്ങൾക്കും ദൈവത്തെ പുകഴ്ത്തുകയും, ഏഴിൽ കുറയാത്ത അനുഗ്രഹങ്ങളെ പറയുകയും ചെയ്തിരിക്കുന്നു (ആ സംഖ്യ പൂർണ്ണതയെ കാണിക്കുന്നു). ഓരോന്നും ദൈവമഹത്വത്തിനായി തന്നിരിക്കുകയാണ് (1:6, 12, 14 നോക്കുക). മനുഷ്യന്റെ രക്ഷക്കായി പ്രവർത്തിച്ച ദൈവികത്വത്തിലെ എല്ലാ വ്യക്തികൾക്കും പൗലൊസ് പുകഴ്ച്ച അർപ്പിക്കുന്നു. അവന്റെ ദൈവസ്തുതി ദൈവമായ പിതാവിനേയും, പുത്രനേയും, പരിശുദ്ധാത്മാവിനേയും ഉൾപ്പെടുത്തിയിരിക്കുന്നു; കാരണം ദൈവത്തിന്റെ ഉദ്ദേശത്തിൽ മൂന്നു പേരും ഉൾപ്പെട്ടിരിക്കുകയാണ്.

### ക്രിസ്തുവിൽ തിരഞ്ഞെടുത്തിരിക്കുന്നു (1:3-4)

**3സ്വർഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. 4നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിനു മുൻപേ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും ചെയ്തു.**

**വാക്യം 3. കർത്താവായ യേശുക്രിസ്തുവിൻെറ പിതാവും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവൻ.** ആ വാക്കുകളാൽ പൗലൊസിന്റെ ദൈവസ്തുതി ആരംഭിക്കുകയും, അത് വാക്യം 14 വരെ തുടരുകയും ചെയ്യുന്നു. "വാഴ്ത്തപ്പെട്ടവൻ" എന്ന വാക്ക് തർജിമ ചെയ്തത് *യൂലോജെറ്റോസ്* ആണ്, അത് ദൈവത്തിനു പ്രത്യേകമായി ഉപയോഗിച്ചിരിക്കുകയാണ്-മനുഷ്യനു വേണ്ടി അത് ഒരിക്കലും ഉപയോഗിച്ചിട്ടില്ല.[1] ഈ വിധത്തിൽ അത് മനുഷ്യനെ ഉദ്ദേശിച്ച് പറയുവാനും സാധ്യമല്ല. ആ വാക്കിന്റെ ശരിയായ അർത്ഥം "നന്നായി-സംസാരിക്കുന്ന"[2] എന്നാണ്. മനുഷ്യന്നായി ദൈവത്തിനു വലിയ ഉദ്ദേശം ഉള്ളതിനാൽ, നമ്മുടെ പുകഴ്ച്ചക്ക് അവൻ യോഗ്യനാണെന്നാണ് പൗലൊസ് പറഞ്ഞു തുടങ്ങുന്നത്.[3]

ദൈവത്തെ "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും" എന്നാണ് പറഞ്ഞിരിക്കുന്നത്, അത് ഏതാണ്ട് അസാധാരണമാണ്. യേശു പലപ്പോഴും ദൈവത്തെ "പിതാവ്" എന്നാണ് വിളിച്ചിരിക്കുന്നത്, എന്നാൽ വിരളമായിട്ടാണ് അവൻ "എന്റെ ദൈവം" എന്നു വിളിച്ചിരിക്കുന്നത്

(മത്താ. 27:46; യോഹ. 20:17). പൗലൊസ് ഇവിടെ രണ്ടു പദവികളും ഉപയോഗിച്ചിരിക്കുന്നു: “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ... ദൈവം” “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവ്.” യേശു ഒരിക്കലും “നമ്മുടെ ദൈവം,” “നമ്മുടെ പിതാവ്” എന്നു തന്നെയും ശിഷ്യന്മാരെയും ഉൾപ്പെടുത്തി പറഞ്ഞിട്ടില്ല, കാരണം ദൈവികത്വത്തോടുള്ള അവന്റെ ബന്ധം പ്രത്യേകതയുള്ളതാണ്. മാതൃകാ പ്രാർത്ഥന ഒഴികഴിവുള്ളതാണ്, കാരണം അത് യേശുവിന്റെ പ്രാർത്ഥനയല്ല, മറിച്ച് ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതാണ് (മത്താ. 6:9).

വചനം ജഡമായി തീർന്നത് മുൻപ് തന്നെ ഉണ്ടായിരുന്നു എന്നാണ് യോഹന്നാന്റെ സുവിശേഷത്തിലെ ആമുഖം പറയുന്നത് (1:1–18). കൂടാതെ വചനം ദൈവത്തോടുകൂടെയായിരുന്നു, ദൈവസാന്നിധ്യത്തിൽ തന്നെയായിരുന്നു. (അവൻ “ദൈവത്തോടു മുഖാമുഖമായിരുന്നു”[4] ദൈവത്തോടുള്ള കൂട്ടായ്മയിലുമായിരുന്നു.) വചനം ദൈവം *ആയിരുന്നു*. (അവൻ *ഒരു ദൈവം* അല്ലെങ്കിൽ *ദൈവങ്ങളിൽ ഒന്നോ* ആയിരുന്നില്ല, എല്ലാ ദൈവികത്വഗുണങ്ങളുമുള്ള *ദൈവമാണ്*.[5]) ഫിലിപ്പിയർ 2-ൽ, ക്രിസ്തുവിന്റെ സ്വഭാവത്തെ കുറിച്ചു പറയുമ്പോൾ, അവൻ “ദൈവരൂപത്തിൽ ആയിരുന്നു” എന്നു പറഞ്ഞിരിക്കുന്നു (വാ. 6). “രൂപം” എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *മോർഫെ* എന്ന വാക്കാണ്, അർത്ഥം, “ദൈവമായിരിക്കുന്നത് എല്ലാം” എന്നാണ്–“ആഴത്തിൽ അവൻ ആരാണോ അതാണ്.”[6] “ഉണ്ടായിരുന്നു” എന്നത് തർജിമ ചെയ്തിരിക്കുന്നത് *ഹുപാർക്കോ* ആണ്, അത് വ്യക്തമാക്കുന്നത് യേശു അവതാരം എടുക്കുന്നതിനു മുൻപ് എങ്ങനെയായിരുന്നുവോ അങ്ങനെ തുടരുന്നു എന്നാണ്.[7] ദൈവസത്തയാകയാൽ, ദൈവത്തോടുള്ള സമത്വം അവകാശമാക്കുന്നു എന്നു കരുതരുത്. ദൈവത്തോടു തുല്യനായിരുന്നവൻ ആ മഹത്വം സ്വർഗത്തിൽ വിട്ടിട്ട് കുറച്ചു നാളത്തേക്ക് മനുഷ്യവേഷമെടുത്ത് തികഞ്ഞ മനുഷ്യനും ദൈവവുമായി ജീവിച്ചു.

യേശു ദൈവമാകയാൽ, ഏതർത്ഥത്തിലാണ്, ദൈവം അവന്റെ ദൈവമാകുന്നത്? “മനുഷ്യസ്വഭാവമനുസരിച്ച്, ദൈവം അവന്റെ ദൈവമാണ്.”[8] ക്രിസ്തുവിന്റെ പ്രവൃത്തി മുഖാന്തരം അവൻ നമ്മുടെ ദൈവമാണ്. ദൈവം നിത്യത മുഴുവൻ “ജഡമായി തീർന്നു നമ്മുടെ ഇടയിൽ പാർത്തവന്റെ” “പിതാവാണ്” (യോഹ. 1:14). യേശു “നമ്മുടെ കർത്താവ്” ആകയാൽ, ദൈവം നമ്മുടേയും പിതാവാണ്, കാരണം നമ്മെ ദത്തെടുത്തിരിക്കകൊണ്ട് നാം അവന്റെ മക്കളായിരിക്കുന്നു (എഫെ. 1:5 നോക്കുക). യേശുവും പിതാവായ ദൈവവും ആയി പ്രത്യേകമായ ബന്ധമുണ്ട് എന്ന് നാം മനസിലാക്കണം.

> അത്ഭുത ഗർഭധാരണത്താൽ ജനിച്ചതിനാലും, മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റതിനാലും ആണ് നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ പുത്രൻ എന്നു വിളിച്ചത് (ലൂക്കൊ. 1:35; റോമർ. 1:3–4). അവനു പിതാവിനോടുള്ള ബന്ധം പ്രത്യേകമായിരുന്നു, കാരണം അവൻ പിതാവിന്റെ ഏകജാതനായിരുന്നു (യോഹ. 1:14, 18). എബ്രായ ലേഖകൻ സങ്കീ. 1:7 ഉദ്ധരിച്ച്, “നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്ന് അവന്റെ ജനനത്തെ കുറിച്ച് പറയുന്നു (എബ്രാ. 1:5). ഉയർത്തെഴുന്നേൽപുമായുള്ള ബന്ധത്തിൽ, അന്ത്യോക്യയിലെ യെഹൂദന്മാരോട് പ്രസംഗിക്കുമ്പോൾ പൗലൊസും അതേ ഉദ്ധരണി ഉപയോ

ഗിച്ചിരിക്കുന്നു (പ്രവൃ. 13:33). പിന്നീട്, പുത്രത്വവുമായുള്ള ബന്ധത്തിൽ അവന്റെ അത്ഭുത ഗർഭധാരണത്തെ പറയുന്നു, അതിന്റെ തെളിവിനായി, പ്രവൃത്തികളും.[9]

ദൈവത്തിന്റെ "ഏകജാതനാണ്" യേശു (1 യോഹ. 4:9), അതായത് അവൻ മാത്രം നിത്യതയിലായിരിക്കുകയും പിന്നീട് കന്യകയിൽകൂടെ ജനിക്കുകയും ചെയ്തു. ആ പ്രത്യേക നിലനിൽപിനെ കുറിച്ച് യേശു മറിയയോടുള്ള സംഭാഷണത്തിൽ പറയുകയുണ്ടായി, "എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല ... *എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു"* (യോഹ. 20:17; എംഫസിസ് ആഡഡ്). "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?" എന്നു ക്രൂശിലായിരുന്ന യേശു നിലവിളിച്ച് അവന്റെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്നു (മത്താ. 27:46); എന്നാൽ, അവനിലെ ദൈവികഭാഗം പറഞ്ഞു, "പിതാവേ, എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഭരമേൽപിക്കുന്നു" (ലൂക്കൊ. 23:46).

**വാക്യം 3**. "അവൻ സകല ജഡത്തിനും ആഹാരം നൽകുന്നതുപോലെ" ഭൗതികമായി ദൈവം എല്ലാവരേയും അനുഗ്രഹിക്കും (സങ്കീ. 136:25), അവൻ "നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കുന്നു" (മത്താ. 5:45). എങ്ങനെയായാലും, **ആത്മികാനുഗ്രഹങ്ങ**[ൾ] **ക്രിസ്തുവിൽ** ഉള്ളവർക്കാണ്. ആത്മിയ ഗോളത്തിലുള്ള ആത്മിയന്മാർക്കാണ് ആ ആത്മിയമായ അനുഗ്രഹങ്ങൾ; ക്രിസ്ത്യാനികളെ ദത്തെടുക്കുന്നത് "ക്രിസ്തുവിൽ" ജീവിക്കുവാനാണ് (ഈ പാഠത്തിൽ കാണുന്ന " 'ക്രിസ്തുവിൽ' ആയവർക്കുള്ള അനുഗ്രഹങ്ങളും പ്രയോജനങ്ങളും" എന്ന ചാർട്ട് നോക്കുക).

**സ്വർഗത്തിലെ** എന്ന വാക്ക് സൂചിപ്പിക്കുന്നത് എവിടെ ആ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ കഴിയുമെന്നാണ്, ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *എപ്പൗരാണിയോസ്* ആണ്, അക്ഷരികമായ അർത്ഥം, (സ്വർഗീയ "സ്ഥാനങ്ങൾ" എന്ന് തർജിമക്കാർ നൽകിയതാണ്).[10] എഫെസ്യ ലേഖനത്തിൽ ആ വാക്ക് അഞ്ചു പ്രാവശ്യം കാണാം (1:3, 20; 2:6; 3:10; 6:12). ക്രിസ്തുവിൽ ആയവരെ അവനോടുകൂടി ഇരുത്തിയിരിക്കുന്നത് "സ്വർഗത്തിൽ" ആണ് (2:6), ക്രിസ്തു സഭയുടെ തലയായി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും സ്വർഗത്തിലാണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (1:20–22). അവിടെ നിന്നാണ് സഭ ദൈവജ്ഞാനത്തെ അറിയിക്കുന്നതും (3:10), സഭയിലാണ് നാം ആത്മിയമായി ദുഷ്ടശക്തികളോട് പോരാടുന്നത് (6:12). ദൈവം വസിക്കുന്ന മുഴുവനും ആത്മിയമായ ഗോളത്തെ അല്ല ആ വാക്കു പറയുന്നത്. അത് ക്രിസ്തുവിൽ ആയവർക്ക് ദൈവം എല്ലാ ആത്മികാനുഗ്രഹങ്ങളും നൽകുന്ന സ്ഥാനമാണ്.


**വാക്യം 4**. ആദ്യമായി പറഞ്ഞിരിക്കുന്ന ആത്മികാനുഗ്രഹം, ക്രിസ്തുവിൽ **അവൻ നമ്മെ തിരഞ്ഞെടുക്കുന്നതാണ്**. "തിരഞ്ഞെടുത്തു" എന്നതിന്റെ ഗ്രീക്ക് വാക്ക് *എക്ലേഗോമായി* എന്നതിന്റെ അർത്ഥം, "എടുക്കുക, തിരഞ്ഞെടുക്കുക" എന്നാണ്. പുതിയ നിയമത്തിൽ ആ വാക്ക് എപ്പോഴും മദ്ധ്യശബ്ദത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം, "ഒരാൾക്ക് വേണ്ടി ആരെയെങ്കിലും/എന്തിനെയെങ്കിലും തിരഞ്ഞെടുക്കുക" എന്നാണ്.[11] ഈ വേദഭാഗത്ത്, ദൈവമാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്; അവൻ തന്റെ ദൈവികമായ

ഉദ്ദേശത്തിനു വേണ്ടിയാണ് തിരഞ്ഞെടുക്കുന്നത്. ദൈവിക ഉദ്ദേശത്തിനായി ദൈവം യിസ്രായേലിനേയും (പ്രവൃ. 13:17) ക്രിസ്തു ദൈവിക ഉദ്ദേശത്തിനായി അപ്പൊസ്തലന്മാരേയും (ലൂക്കൊ. 6:13; യോഹ. 15:16–19), ദൈവം നമ്മെയും, പൗലൊസിനേയും "ക്രിസ്തുവിൽ" ഉള്ള എല്ലാ വിശ്വസ്ത വിശുദ്ധന്മാരെയും തിരഞ്ഞെടുത്തിരിക്കുന്നു (1:1). ദൈവത്തിന്റെ ആ തിരഞ്ഞെടുപ്പ് നടത്തുന്നത് അനിയന്ത്രിതമായി ചിലരെ നിത്യജീവനായും മറ്റുള്ളവരെ നിത്യമരണത്തിനായും ആണോ? തീർച്ചയായും, ദൈവത്തിനു ചിലരെ തന്റെ പരമാധികാരപ്രകാരം തന്റെ പ്രവൃത്തികൾക്കായി തിരഞ്ഞെടുക്കുവാൻ കഴിയും. അവൻ യിസ്രായേൽ ദേശത്തിന്റെ പിതാവാകുവാൻ മറ്റാരേയും തിരഞ്ഞെടുക്കാതെ അബ്രഹാമിനെയാണ് തിരഞ്ഞെടുത്തത്. മശിഹയുടെ വംശാവലിയിൽ വരുവാൻ അവൻ ഏശാവിനെ തള്ളി യാക്കൊബിനെ തിരഞ്ഞെടുത്തു, മശിഹയെ പുറപ്പെടുവിക്കുവാൻ, അവൻ മറ്റു ദേശങ്ങളെ തള്ളി യിസ്രായേലിനെ തിരഞ്ഞെടുത്തു. ദൈവം ചില ആളുകളെ തിരഞ്ഞെടുത്ത് തന്റെ പ്രവൃത്തിക്കായി നിയോഗിക്കുമ്പോൾ, അവൻ മറ്റുള്ളവരെ കരുതാതിരിക്കുന്നില്ല.

അതുപോലെ, ദൈവം ജനങ്ങൾക്ക് വ്യത്യസ്തമായ താലന്തുകൾ അഥവാ കഴിവുകൾ നൽകിയിരിക്കുന്നു. അങ്ങനെ ചെയ്യുവാനുള്ള ദൈവത്തിന്റെ പരമാധികാരത്തെ സംശയിക്കുവാൻ ആർക്കു കഴിയും? എങ്ങനെയായാലും, നിത്യ രക്ഷയെ സംബന്ധിച്ച്, ചിലർ എന്തു ചെയ്താലും, ചെയ്തില്ലെങ്കിലും, അവൻ അനിയന്ത്രിത കൽപനയാൽ അവരെ നിത്യമായി രക്ഷിക്കുകയോ മറ്റുള്ളവരെ നിത്യമായി ശിക്ഷിക്കുകയോ ഇല്ല. ദൈവം തന്റെ രക്ഷ എല്ലാവർക്കുമായി വെച്ചിരിക്കുന്നു (തിത്തൊ. 2:11); തന്റെ അടുക്കൽ വന്നു കൃപ സ്വീകരിക്കുവാൻ അവൻ എല്ലാവരേയും ക്ഷണിക്കുന്നു (മത്താ. 11:28; വെളി. 22:17). ക്രിസ്തുവിൽ ദൈവം നമ്മെ തിരഞ്ഞെടുക്കുവാൻ അനുവദിക്കണോ വേണ്ടയോ എന്നത് തീരുമാനിക്കേണ്ടത് നാം ഓരോരുത്തരുമാണ്. ക്രിസ്തുവിൽ ആകുന്നവർ രക്ഷിക്കപ്പെടും എന്നു ദൈവം കൽപിച്ചിരിക്കുന്നു, പക്ഷെ വിശ്വസിച്ച്, പാപങ്ങളെ ഉപേക്ഷിച്ച്, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുമോ എന്നു തീരുമാനിക്കേണ്ടത് ഓരോ വ്യക്തിയുമാണ് (റോമർ 6:3). സുവിശേഷം അനുസരിക്കുന്ന വ്യക്തി ക്രിസ്തുവിൽ ആകുകയും, ദൈവം തിരഞ്ഞെടുക്കുകയും ചെയ്യുന്നു. പത്രൊസ് പറയുന്നത് "... പിതാവായ ദൈവത്തിന്റെ മുന്നറിവിന്ന് ഒത്തവണ്ണം തിരഞ്ഞെടുക്കുകയും, ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനും ..." എന്നാണ് (1 പത്രൊ. 1:1, 2).

തിരഞ്ഞെടുക്കപ്പെട്ടവർ അനുസരണം തിരഞ്ഞെടുക്കുന്നു. ഒരാൾ ക്രിസ്തുവിനെ അനുസരിക്കുന്നത് തിരഞ്ഞെടുക്കുമ്പോൾ, അവൻ തിരഞ്ഞെടുക്കപ്പെടുന്നവരുടെ കൂട്ടത്തിൽ അകപ്പെടുന്നു. രക്ഷിക്കപ്പെടുന്നവർ ആരെല്ലാമായിരിക്കുമെന്നും നഷ്ടപ്പെടുന്നവർ ആരെല്ലാമായിരിക്കുമെന്നും ദൈവത്തിന് അറിയുവാൻ കഴിയും; എന്നാൽ ദൈവം തന്റെ അനിയന്ത്രിത നിയമത്താൽ, ചിലരെ സ്വർഗത്തിലേക്കും മറ്റുള്ളവരെ നരകത്തിലേക്കും അയക്കുവാൻ അവൻ മുൻനിശ്ചയിച്ചു എന്നത് ബൈബിൾ ഉപദേശമല്ല. മനുഷ്യന് സ്വതന്ത്രമായി തിരഞ്ഞെടുക്കുവാൻ കഴിയുമെന്നാണ് തിരുവെഴുത്ത് ഊന്നി പറയുന്നത്. ഡി. എൽ. മൂഡി പറഞ്ഞു, "ആരെല്ലാം മനസ് കാണിക്കുന്നുവോ, അവരെ തിരഞ്ഞെടുക്കുകയും, ആരെല്ലാം മനസ്-കാണിക്കാതിരിക്കുന്നുവോ, അവരെ തിരഞ്ഞെടു-ക്കാതിരിക്കുകയും ചെയ്യുന്നു."[12]

## “ക്രിസ്തുവിൽ” ആകുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങളും പ്രയോജനങ്ങളും




ഞാൻ “ക്രിസ്തുവിങ്കലേക്ക്” എങ്ങനെ ചേരും?

- ഗലാ. 3:27–
  “ക്രിസ്തുവിനോട്” ചേരുവാൻ സ്നാനം ഏറ്റു.
- റോമ. 6:3, 4–
  “ക്രിസ്തുവിനോട്” ചേരുവാൻ സ്നാനം ഏൽക്കുന്നു.

---

ഈ ചാർട്ട് എടുത്തിരിക്കുന്നത് ഓവെൻ ഡി. ഓൾബ്രൈറ്റ്, *ടീച്ചേഴ്സ് ഗൈഡ് ഫോർ സക്സസ്ഫുൾ പെഴ്സണൽ വർക്ക്* (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., 1993), 22. അനുവാദത്തോടുകൂടെ ഉപയോഗിച്ചിരിക്കുന്നു.

ക്രിസ്തുവിൽ ആകുന്നവരെ എല്ലാം ദൈവം തിരഞ്ഞെടുത്ത് വീണ്ടെടുക്കും, ആ **തിരഞ്ഞെടുപ്പ് ലോകസ്ഥാപനത്തിന് അടിസ്ഥാനമിടുന്നതിന് മുൻപ് സംഭവിച്ചു**. “അടിസ്ഥാനം” എന്നതിന്റെ ഗ്രീക്ക് വാക്ക് *കാറ്റാബോൾ* എന്നാണ്, അത് *കാറ്റാ (“താഴെ”)* യിൽ നിന്നും *ബല്ലോ* യിൽ നിന്നും (“എറിയുക”)

വന്നതാണ്, അർത്ഥം, "എറിയുക," അല്ലെങ്കിൽ "താഴെ വെക്കുക."[13] മുൻപ് നിലവിലില്ലാതിരുന്ന ഒരു ലോകത്തെ കുറിച്ചാണ് ദൈവം സംസാരിക്കുന്നത്. "ലോകം" എന്നതിന്റെ ഗ്രീക്ക് വാക്ക് *കോസ്മോസ്* സൂചിപ്പിക്കുന്നത്, "തക്കതായ യോജിപ്പുള്ള ഏർപ്പാട്, അല്ലെങ്കിൽ ക്രമമായ, ഭരണഘടനയാണ്."[14] അതുകൊണ്ട്, "ലോകസ്ഥാപനത്തിനു മുൻപ്" എന്നു പൗലൊസ് ഉപയോഗിച്ചത്, ദൈവം സൃഷ്ടിച്ച് ലോകം ക്രമപ്പെടുത്തുന്നതിനുമുൻപ് എന്നാണ് അർത്ഥമാക്കുന്നത്. പുതിയനിയമ ഗ്രീക്ക് പുസ്തകത്തിൽ ആ വാക്ക് ചുരുങ്ങിയത് അഞ്ചു പ്രാവശ്യം കാണാം. അതിനാൽ അത് വന്നിരിക്കുന്ന സന്ദർഭത്തിലെല്ലാം അതേ "ലോകസ്ഥാപനത്തിനു മുൻപ്" എന്നാണുള്ളത്, അതായത്, ലോകവും മനുഷ്യനും ഉണ്ടാകുന്നതിനു മുൻപ് എന്നാണർത്ഥം.

കാലം ഉണ്ടാകുന്നതിനു മുൻപ്, പിതാവ് തന്റെ പുത്രനെ സ്നേഹിക്കുകയും (യോഹ. 17:24), അവന്റെ വിലയേറിയ രക്തം നമുക്ക് വേണ്ടി ചിന്തുവാൻ മുൻനിശ്ചയിക്കുകയും ചെയ്തു (1 പത്രൊ. 1:18–20; കെജെവി നോക്കുക). അവനായിരുന്നു അറുക്കുവാനുള്ള കുഞ്ഞാട് (വെളി. 13:8), അതു ലോകസ്ഥാപനത്തിനു മുൻപ് മുൻനിശ്ചയിച്ചിരുന്നു (മത്താ. 13:35; 25:34; ലൂക്കൊ. 11:50; എബ്രാ. 4:3; 9:26; വെളി. 17:8). ലോകം ഉണ്ടാക്കുന്നതിനു മുൻപ് തന്നെ ക്രിസ്തുവിലുള്ള ദൈവ പദ്ധതി അവന്റെ മനസിലുണ്ടായിരുന്നു.

ആ പദ്ധതി, മാറ്റമില്ലാത്തതും, മനസിലാക്കാവുന്നതും നിത്യവുമാണ്. തന്റെ വായനക്കാർ ദൈവത്തിന്റെ നിത്യമായ പദ്ധതിയിൽ ഉൾപ്പെട്ടവരാണെന്ന് ബോധ്യമാക്കി അവരെ ആശ്വസിപ്പിച്ചു പ്രോൽസാഹിപ്പിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. ഈ സന്ദർഭത്തിലെ വസ്തുത, സകലവും സൃഷ്ടിച്ച സകല ആത്മികമായ അനുഗ്രഹങ്ങളുടേയും ഉറവിടമായ ദൈവത്തിനു പുകഴ്ച്ച നൽകുന്നതാണ്.

**വാക്യം 4**. ദൈവം നമ്മെ അവന്റെ ജനമാക്കി അനുഗ്രഹിച്ചിരിക്കയാൽ, നമ്മെ അവൻ **വിശുദ്ധരും നിഷ്ക്കളങ്കരുമാക്കിയിരിക്കുന്നു**. വാക്യം 1-ൽ പൗലൊസ് തന്റെ വായനക്കാരെ "വിശുദ്ധർ" *ഹാഗിയോയിസ്* (*ഹാഗിയോ*യിൽനിന്ന്) എന്നാണ് വിളിച്ചിരിക്കുന്നത്. ഇവിടെ അതേ ഗ്രീക്ക് വാക്ക് ഉപയോഗിച്ച് ക്രിസ്ത്യാനികൾ "വിശുദ്ധർ" എന്നു പറഞ്ഞിരിക്കുന്നു. ആദ്യം "ക്രിസ്തുവിൽ" ഉള്ളവരുടെ ദൈവമുൻപാകെയുള്ള നിലവാരത്തെ സൂചിപ്പിക്കുകയും, ഇപ്പോൾ, "അവരുടെ ധാർമ്മികാവസ്ഥ" സൂചിപ്പിക്കുകയും ചെയ്യുന്നു.[15] "ഞാൻ വിശുദ്ധനായിരിക്കയാൽ, നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നാണ് ദൈവം അരുളിച്ചെയ്തത് (1 പത്രൊ. 1:16). "നിഷ്ക്കളങ്കർ," തർജിമ ചെയ്തിരിക്കുന്നത് *അമോമോസ്* ആണ്, അർത്ഥം, "കുറ്റം ഇല്ലാത്തവർ, അതായത് ഊനമില്ലാത്ത മൃഗത്തെ യാഗം അർപ്പിക്കുന്നതുപോലെ തെറ്റില്ലാത്തവരാകണം (ലേവ്യ. 22:21)."[16]

ഒരർത്ഥത്തിൽ, മനുഷ്യർക്ക് ആർക്കും ദൈവത്തെ പോലെ വിശുദ്ധരാകുവാൻ, അഥവാ കുറ്റമില്ലാത്തവരാകുവാൻ സാധ്യമല്ല (1 യോഹ. 1:8). ക്രിസ്തുവാണ് നമ്മുടെ തികഞ്ഞ മാതൃക, ആകയാൽ ക്രിസ്ത്യാനികൾ ആ മാതൃക പിൻപറ്റുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കണം (1 പത്രൊ. 2:21); എന്നാൽ എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി തീർന്നു. ക്രിസ്ത്യാനികളുടെ അപര്യാപ്തത കുറ്റമില്ലാത്ത ജീവിതം നയിക്കുവാനുള്ള പരിശ്രമത്തിൽ നമ്മെ തടസപ്പെടുത്തുന്നില്ല. ദൈവത്തിന്റെ വെളിച്ചത്തിൽ നാം നടക്കുവാൻ പരിശ്രമിക്കുമ്പോൾ, നമ്മിൽ വരുന്ന സകല പാപവും ക്രിസ്തുവിന്റെ രക്തം

കഴുകി കളയുന്നു (1 യോഹ. 1:7-9).

മറ്റൊരു മുഖ്യമായ അർത്ഥത്തിൽ, ക്രിസ്ത്യാനി "ക്രിസ്തുവിൽ" ആയതു നിമിത്തം അവൻ വിശുദ്ധനും നിഷ്ക്കളങ്കനും ആണ്. നാം "വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന്ന്" ലോകസ്ഥാപനത്തിനു മുൻപ് നമ്മെ തിരഞ്ഞെടുത്തു. "നാം ആയിരിക്കും" (*എയിനായി ഹേമാസ്*) എന്ന പ്രയോഗം "ഉദ്ദേശത്തെ അല്ലെങ്കിൽ രൂപത്തെ"[17] വ്യക്തമാക്കുന്നു. നാം ക്രിസ്തുവിൽ ആകുമ്പോൾ വിശുദ്ധരും നിഷ്കളങ്കരും ആകുവാൻ ഉദ്ദേശിക്കുന്നു എന്നാണ് അതിന്റെ അർത്ഥം. നാം പാപത്തിൽ, അവിശുദ്ധരും, അനീതിയുള്ളവരും, നഷ്ടപ്പെട്ടവരുമായിരുന്നു. ദൈവമുൻപാകെ നമുക്ക് മേന്മയായി യാതോന്നുമില്ലായിരുന്നു. പാപത്തിൽ ജീവിക്കുന്നവർക്ക് ഒരു നീതിയുമില്ല (റോമ. 6:20). മനോഗുണങ്ങളിൽ, യേശു പറഞ്ഞ "ആത്മാവിൽ ദരിദ്രരായവർ" തങ്ങളുടെ ആത്മിയ ദാരിദ്ര്യത്തെ തിരിച്ചറിഞ്ഞവരാണ് (മത്താ. 5:3).

"ക്രിസ്തുവിൽ" ആകുമ്പോൾ എല്ലാം മാറുന്നു. നമ്മിൽ നമ്മുടേതായ നീതി ഇല്ലെങ്കിലും, ക്രിസ്തു നമ്മുടെ നീതിയാകുന്നു (1 കൊ. 1:30). നാം സുവിശേഷം അനുസരിക്കുമ്പോൾ, "നീതിക്കു ദാസന്മാരായി തീരുന്നു"(റോമർ 6:17, 18). ക്രിസ്തുവിന്റെ സഭയായ, മണവാട്ടി അവന്റെ രക്തത്താൽ കഴുകപ്പെടുന്നതിനാൽ, നീതി എന്ന വസ്ത്രം ധരിക്കുന്നു (വെളി. 7:14; 19:8 നോക്കുക). ക്രിസ്തുവിനോടു ചേരുവാൻ നാം സ്നാനം ഏൽക്കുമ്പോൾ, നാം "ക്രിസ്തുവിനെ വസ്ത്രമായി" ധരിക്കുന്നു; അങ്ങനെ നാം അവന്റെ നീതി ധരിക്കുകയാണ് (ഗലാ. 3:27). നാം ക്രിസ്തുവിൽ പ്രവേശിക്കുമ്പോൾ, കൃപാലുവായ ദൈവം നമ്മിൽ നീതിയും, വിശുദ്ധിയും, നിഷ്ക്കളങ്കതയും കാണുന്നു.

"അവന്റെ മുൻപിൽ" എന്ന പ്രയോഗമായ *കാറ്റെനോപിയോൻ ഔറ്റോയു* എന്നാണ് ഗ്രീക്കിൽ, അർത്ഥം, "താഴെ കാണുക"[18] എന്നാണ്. നാം ദൈവമുൻപാകെ നിൽക്കുമ്പോൾ, നമ്മുടെ മാനുഷിക ബലഹീനതകളെല്ലാമുണ്ടെങ്കിലും, "ക്രിസ്തുവിൽ" ആയതുകൊണ്ട്, ആത്മാക്കളുടെ ഉള്ളിലേക്ക് നോക്കുകയും, അവൻ നീതിയും വിശുദ്ധിയും നിഷ്ക്കളങ്കതയും ആസ്വദിക്കുകയും ചെയ്യും.

## മുൻനിർണ്ണയിച്ചു (1:4-6)

**4നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും അകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ 5അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു 6അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ച്ചക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തുവല്ലൊ.**

**വാക്യം 4.** വാക്യം 4 ലെ അവന്റെ മുൻപാകെ എന്നതിനോടും, വാക്യം 5-ൽ പറഞ്ഞ "മുൻനിർണ്ണയിച്ചു" എന്നതിനോടും "സ്നേഹത്തിൽ" എന്ന വാക്ക് ചേർത്തിരുന്നോ ഇല്ലയോ എന്നതിൽ പണ്ഡിതന്മാർക്ക് തീർച്ചയില്ല. മുൻപ് പറഞ്ഞ ആ വാക്കുണ്ടെങ്കിൽ, തിരഞ്ഞെടുപ്പ് പ്രവൃത്തിയിൽ പെട്ട നീതിയും വിശുദ്ധിയും നിഷ്ക്കളങ്കതയുമെല്ലാം ദൈവത്തിന്റെ ഭാഗത്തുനിന്നു വരുന്നത് "അവന്റെ സ്നേഹത്താലാണെന്ന് വിശദമാക്കാം."[19] എങ്ങനെയായാലും, തന്റെ മുൻനിർണ്ണയ പദ്ധതി ദൈവത്തിന്റെ സ്നേഹത്താലായിരുന്നു

എന്നത് വാസ്തവമാണ്.

സ്നേഹത്താൽ വിശുദ്ധന്മാരായവരുടെ സ്വഭാവമാണ് "വിശുദ്ധിയും നിഷ്ക്കളങ്കതയും" എന്ന കാഴ്ച്ചപ്പാടാണ് ആർ. സി.എച്ച്. ലെൻസ്കി വാക്യം 4 ലെ "സ്നേഹത്തിൽ" എന്ന പ്രയോഗം കാണുന്നത്.[20] എങ്ങനെയായാലും, "വിശുദ്ധരും നിഷ്ക്കളങ്കരും" എന്നതു "ക്രിസ്തുവിൽ" ദൈവം നമ്മെ കാണുന്ന അവസ്ഥയാകുവാനാണ് കുടുതൽ സാധ്യത. അതുകൊണ്ട്, ക്രിസ്ത്യാനിയുടെ സ്വഭാവമല്ല, മറിച്ച് ദൈവത്തിന്റെ സ്നേഹം നിമിത്തമാണ് അവൻ നമ്മെ ആ സ്ഥാനത്തേക്ക് ഉയർത്തിയത്. എന്തുകൊണ്ട് ദൈവം നമ്മെ അവന്റെ മക്കളാകുവാൻ മുൻ നിർണ്ണയിച്ചു എന്നു തെളിയിക്കുന്നതാണ് വാക്യം 4 ലെ "സ്നേഹത്തിൽ" എന്ന പ്രയോഗം.

**വാക്യം 5. മുൻനിർണ്ണയിച്ചു** എന്നതിന്റെ ഗ്രീക്ക് വാക്ക് *പ്രൂറിസോ* എന്നാണ്. ലോകം ആരംഭിക്കുന്നതിനു മുൻപ് ചരിത്രത്തിൽ ചിലത് സംഭവിക്കുവാനായി ദൈവം തീരുമാനിച്ചു. അവൻ നമ്മെ മുൻനിർണ്ണയിക്കുവാൻ തീരുമാനിച്ചു (ക്രിസ്തുവിൽ വിശ്വസ്ത വിശുദ്ധരാകുവാനും) **മക്കളായി ദത്തെടുക്കുവാനും.** പൗലൊസിന്റെ എഴുത്തുകളിൽ. ക്രിയയായ *പ്രൂരിസോ* അഞ്ചു പ്രാവശ്യം കാണുന്നു (റോമ. 8:29, 30; 1 കൊ. 2:7; എഫെ. 1:5, 11) അത് "ദൈവം എപ്പോഴും നിത്യതയിൽ തീരുമാനിച്ചതായിട്ടാണ് പറയുന്നത് ... അല്ലെങ്കിൽ ഇവിടത്തെ പോലെ, ചിലത് മുൻകൂട്ടി നിയമിക്കുന്നതായി കാണിക്കുന്നു."[21] "ദത്തെടുക്കൽ" നടത്തുന്നത് ദൈവം നമ്മെ മുൻനിർണ്ണയിച്ചതിന്റെ ഫലമായിട്ടാണ്. തിരുവെഴുത്തിൽ പൈതങ്ങൾ (മക്കൾ) എന്ന് പലപ്പോഴും പറഞ്ഞിരിക്കുന്നത് വിശ്വാസികളെയാണ്, പൗലൊസ് മാത്രമാണ് ദത്തെടുക്കൽ എന്ന ആശയം പറഞ്ഞിരിക്കുന്നത്. ദത്തെടുക്കൽ എന്നതിനുള്ള ഗ്രീക്ക് വാക്ക് *ഹൂയിയോതെസിയ* പുതിയനിയമത്തിൽ അഞ്ചു പ്രാവശ്യം കാണാം-ഒരിക്കൽ യിസ്രായേലിന് ദൈവത്തോടുള്ള പ്രത്യേക ബന്ധത്തെ സൂചിപ്പിച്ചു പറഞ്ഞിരിക്കുന്നു (റോമർ 9:4); മൂന്നു പ്രാവശ്യം വിശ്വാസികളുടെ ഇപ്പോഴത്തെ അവസ്ഥയെ പറ്റി പറയുന്നതിനു ഉപയോഗിച്ചിരിക്കുന്നു (റോമർ 8:15; ഗലാ. 4:5; എഫെ. 1:5); ഒരു പ്രാവശ്യം, ക്രിസ്തു മടങ്ങി വരുമ്പോൾ, പുത്രത്വത്തിന്റെ മുഴുവൻ ചിത്രവും പ്രദർശിപ്പിക്കുന്നതിനെ കുറിച്ച് പറയുമ്പോൾ ഉപയോഗിച്ചിരിക്കുന്നു (റോമർ 8:23).[22]

ദത്തെടുക്കലിന്റെ മാതൃക പഴയനിയമത്തിൽ വിരളമാണ്, മുന്നു സംഭവങ്ങൾ മാത്രമാണ് പറഞ്ഞിരിക്കുന്നത്. അവയെല്ലാം പാലസ്തീനു പുറത്താണ് സംഭവിച്ചിരിക്കുന്നത്-മോശെയും (പുറ. 2:10), ഗെനൂബത്തും (1 രാജാ. 11:20), എസ്ഥേറും (എസ്. 2:7, 15).[23] "യെഹൂദ ന്യായപ്രമാണമനുസരിച്ചുള്ള കുടുംബത്തിൽ ജനിക്കാത്ത ഒരു കുടുംബത്തിലേക്ക് മറ്റൊരു ദമ്പതിയുടെ കുട്ടിയെ നിയമപരമായി കൈമാറുന്നതാണ് ഒരർത്ഥത്തിൽ ദത്തെടുക്കൽ"[24] എന്നാണ് എസ്. ഡി. എഫ്. സാൽമണ്ട് നിരീക്ഷിച്ചത്.

എങ്ങനെയായാലും, ഗ്രീക്കുകാർക്കും റോമാക്കാർക്കും ദത്തെടുക്കൽ നന്നായി അറിയാവുന്നതാണ്.

> റോമാ നിയമത്തിൽ ... കൈമാറ്റത്തെ *അഡോപ്റ്റിയോ* എന്നാണ് വിളിച്ചിരുന്നത്, ജനനത്താൽ തന്റേതല്ലാത്ത കുട്ടിയെ മകൻ ആക്കി എടുക്കുന്നതിനെയാണ് അത് സൂചിപ്പിക്കുന്നത്. ഒരു മകനെ സ്വതന്ത്രനാക്കുന്നതിനെ *അരോഗാട്ടിയ* എന്ന് പറയുന്നു, അതായത്, ഒരു കുട്ടിയുടെ

> അപ്പൻ മരിക്കുമ്പോൾ, മറ്റൊരു അപ്പൻ പരസ്യമായി ആ കുട്ടിയെ മകനായി സ്വീകരിക്കുന്നതിനെയാണ് അങ്ങനെ വിളിക്കുന്നത്. അങ്ങനെ ഒരു റോമൻ പൗരനായ ഒരാൾ തന്റേതല്ലാത്ത ഒരു കുട്ടിയെ സാക്ഷികളുടെ സാക്ഷ്യത്താൽ ഔപചാരികമായി ദത്തെടുക്കുമ്പോൾ, ആ കുട്ടിക്ക് ആ കുടുംബത്തിൽ ജനിക്കുന്ന കുട്ടിക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങളും കടമകളും ഉണ്ടായിരിക്കുന്നതാണ്.[25]

ഗ്രീക്ക് ഉപയോഗപ്രകാരവും റോമാ നിയമപ്രകാരവും അങ്ങനെ ആ കുട്ടി ആ അപ്പന്റെ വകയായി തീർന്നു, ഒരു അടിമയെ പോലെ ആയി എന്നു പറയാം. അവൻ തന്റെ ആദ്യത്തെ കുടുംബത്തെ ഉപേക്ഷിച്ച്, പുതിയ കുടുംബത്തിലെ അംഗമായി തീർന്നു.[26] ലോകത്ത് അന്നു നിലനിന്നിരുന്ന സമ്പ്രദായം പൗലൊസിനു സുപരിചിതമായിരുന്നു, പരിശുദ്ധാത്മ നിയോഗത്താൽ, എഫെസ്യർക്ക് ദൈവത്തോടുള്ള ബന്ധം ദത്തെടുക്കലാണെന്ന് അവൻ പറയുന്നു.

നമ്മെ "മക്കളായി ദത്തെടുക്കുവാൻ" ദൈവം മുൻനിർണ്ണയിച്ചു എന്നാണ് പൗലൊസ് പറഞ്ഞത്. ഇംഗ്ലീഷിലെ "ടു" എന്നതിന്റെ ഗ്രീക്ക് *എയിസ്* എന്നാണ് അർത്ഥം, "വീക്ഷണത്തിലേക്ക്"[27] എന്നാണ്, അത് ദൈവം നമ്മെ മുൻനിർണ്ണയിച്ചതിന്റെ പ്രാധാന്യം ബോധ്യമാക്കുന്നു. ഇത്തരത്തിൽ, "ക്രിസ്തുവിൽ വിശ്വസ്തരായ ... വിശുദ്ധന്മാരാകുവാൻ" തിരഞ്ഞെടുത്ത് "യേശുക്രിസ്തു മുഖാന്തരം മക്കളാകുവാൻ മുൻനിർണ്ണയിച്ചു." കെന്നത്ത് എസ്. വുവെസ്റ്റ് നിരീക്ഷിച്ചത്, ഗ്രീക്ക് സർവ്വനാമമായ *ഹുയിയോതെസിയ ടിതെമിയ* യിൽനിന്നാണ് ("സ്ഥാനത്താക്കുക") എന്നും *ഹുയിയോസ്* ("പ്രായപൂർത്തിയായ മകൻ") എന്നുമാണ്. അതുകൊണ്ട്, നിയമപരമായ സ്ഥാനം ഉണ്ടാകുവാനായി, ദൈവത്തിനു പ്രായപൂർത്തിയായ മക്കളാണ് ആവശ്യം, (ദിനന്തോറുമുള്ള ആവശ്യങ്ങൾ നൽകുന്ന ആഭ്യന്തര അധികാരാവകാശങ്ങളുള്ളവരായിട്ടു തന്നെയാണ്).[28]

മക്കൾക്കായുള്ള ദൈവത്തിന്റെ ഉദ്ദേശത്തെ കുറിച്ച് കൂടുതൽ വെളിച്ചം പകരുന്നവയാണ് ദത്തെടുക്കലിനെ കുറിച്ചുള്ള മറ്റു വേദഭാഗങ്ങൾ. (1) ഗലാത്യർ 4:4-7-ൽ, ന്യായപ്രമാണത്തിനു ദാസന്മാരായിരുന്നവർക്ക് ലഭിക്കുന്ന ദത്തെടുക്കലിനെ കുറിച്ച് പൗലൊസ് പറയുന്നുണ്ട് (അതു പ്രമാണിക്കുവാൻ അവർക്ക് കഴിവില്ലാത്തതു നിമിത്തം). ആ സന്ദർഭത്തിൽ, അടിമത്വത്തിൽനിന്നു വീണ്ടെടുക്കുന്നതാണ് ദത്തെടുക്കൽ എന്നു പറയുന്നു. "വീണ്ടെടുക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് *എക്സാഗോരാസോ*, അർത്ഥം, "അടിമച്ചന്തയിൽനിന്നു വാങ്ങുക."[29] പാപത്തിന്റെ ബന്ധനത്തിലായിരുന്നവരെ അടിമത്വത്തിൽ നിന്നു വിടുവിപ്പാൻ ക്രിസ്തു മരിക്കുകയും വില കൊടുക്കുകയും ചെയ്തതിനാലാണ് അതു സാധ്യമായത് (യോഹ. 8:34; റോമർ. 6:17, 18; 1 പത്രൊ. 1:18, 19). (2) റോമർ 8:15 പറയുന്നത് ദൈവമക്കളായി ദത്തെടുക്കപ്പെട്ടവർ അവരുടെ മാനഷ്യസ്വഭാവ അടിമത്വത്തിൽനിന്നു സ്വതന്ത്രമായി. സ്വതന്ത്രരായവർക്കാണ് ദൈവത്തോട് അവകാശവും ക്രിസ്തുവിനോട് കൂട്ടവകാശികളുമാകുന്നത്. ഒരു ദിവസം, ആ കൂട്ടവകാശികൾ അവനോടുകൂടെ മഹത്വീകരിക്കപ്പെടും. (3) റോമർ 8:23-ൽ, ക്രിസ്ത്യാനി മരിച്ചവരിൽനിന്നുയർത്തെഴുന്നേറ്റതുകൊണ്ട്, ദത്തെടുക്കൽ പ്രത്യാശ നൽകുന്നു. നാം ദൈവമക്കൾ ആകുമ്പോൾ, ലഭിക്കുന്ന ആത്മികാനുഗ്രഹങ്ങളാണ് മുൻനിർണ്ണയിച്ചു എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നത്. ദൈവഭവനത്തിലേക്ക് ദത്തെടുത്തിരിക്കുന്നവർ ഉയർന്ന

ലക്ഷ്യത്തിലാകുകയും, തന്റെ പുത്രന്റെ രൂപത്തോടു അനുരൂപരാകുന്നു എന്ന താണ് അതിന്റെ പ്രത്യേകത (റോമർ 8:29).

അപ്പോൾ, പാപത്തിന്റെ അടിമത്വത്തിലായിരുന്ന നമ്മെ അടിമച്ചന്തയിൽനി ന്നു ക്രിസ്തുവിന്റെ രക്തത്താൽ വിലക്ക് വാങ്ങി എന്ന് ഓർപ്പിക്കുകയാണ് ദത്തെടുക്കൽ എന്ന ആശയം. നാം നമ്മുടെ ആദ്യത്തെ യജമാനനോടുള്ള വിധേയത്വമവസാനിപ്പിച്ചു (റോമർ 6:1–4) ഇപ്പോൾ നീതിക്കു ദാസന്മാരായി തീർന്നു (റോമർ 6:17,18). അങ്ങനെ ദൈവത്തിനു ഏകജാതനായ യേശുവിനു മാത്രം ഉണ്ടായിരുന്ന അവകാശം നമുക്കും പങ്കിടുവാൻ കഴിഞ്ഞു, "ദൈവ ത്തിന്റെ അവകാശികളും, ക്രിസ്തുവിന്റെ കൂട്ടവകാശികളും" (റോമർ 8:17).

**യേശുക്രിസ്തു മൂഖാന്തരം** പ്രായപൂർത്തിയായ മക്കളിൽ ദൈവത്തിന്റെ പ്രവൃത്തി സ്വാധീനിക്കുന്നു. "മുഖാന്തരം" (*ഡയാ*) "ഇടനിലക്കാരൻ"[30] എന്നാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ ഉദ്ദേശമായ ദത്തെടുത്ത് തന്റെ കുടുംബത്തിലേക്ക് ചേർക്കുന്ന പദ്ധതി ക്രിസ്തു ക്രൂശിൽ മരിച്ച ഇടനില പ്ര വൃത്തിയാൽ നിറവേറി (ഗലാ. 4:4–7).

**തനിക്ക്** എന്നു പറയുന്നത് ദൈവത്തെയാണ്, ക്രിസ്തുവിലാകുന്നവരെ തന്റേതാക്കുവാൻ മുൻനിർണ്ണയിച്ചതു ദൈവമാണ്.

> അവൻ മുൻപ് തന്നെ നമ്മെ പ്രായപൂർത്തിയായ മക്കളായി തനിക്ക് സ്വയ തൃപ്തിക്കായി അടയാളപ്പെടുത്തിയിരുന്നു, മക്കളാകുന്നതിനാ ൽ അവന്റെ ധാരാളമായ സ്നേഹം നമ്മിൽ പകരുന്നതിനായിരുന്നു അത്, കൂടാതെ അവന്റെ പുത്രത്വമെന്ന ഉയർന്ന നേട്ടവും അവനോ ടുള്ള കൂട്ടായ്മയും തന്നതു, നമുക്ക് അവനെ ആരാധിക്കുവാനും, ശുശ്രൂഷിക്കുവാനും, മഹത്വപ്പെടുത്തുവാനും അത്രേ.[31]

അവൻ ചെയ്തതെല്ലാം ദൈവത്തിന്റെ ഉദ്ദേശത്തിനായിരുന്നു എന്ന് ഇംഗ്ലീ ഷിലെ "ടു" വും *എയിസ്* എന്ന ഗ്രീക്ക് വാക്കും അർത്ഥമാക്കുന്നു.[32]

**വാക്യം 5. തിരുഹിതത്തിന്റെ പ്രസാദപ്രകാരം** എന്നു പറഞ്ഞുകൊണ്ടാണ് ആ വാക്യം തുടരുന്നത്. എൻഎഎസ്ബിയുടെ ചില എഴുത്തുകളിൽ, മാർജിനി ൽ കുറിപ്പായി തർജിമ ചെയ്തിരിക്കുന്നത് "ദയാപുരസരമായി," "നല്ല ആന ന്ദത്തോടെ" (എൻകെജെവി). എൻഈബിയിൽ "അതു അവന്റെ ഇഷ്ടവും ആനന്ദവുമായിരുന്നു" എന്നാണ്, എന്നാൽ എൽബി യിൽ ആ പ്രയോഗം പ റയുന്നത്, "അവൻ ആഗ്രഹിച്ചതുകൊണ്ട്" എന്നാണ്. നാമമായ "ഇന്റൻഷൻ" തർജിമ ചെയ്തിരിക്കുന്നത് (*എയിഡോകിയ*) സുവിശേഷങ്ങളിൽ മൂന്നു പ്രാ വശ്യവും (മത്താ. 11:26; ലൂക്കൊ. 2:14; 10:21), പൗലൊസിന്റെ എഴുത്തുകളിൽ ആറു പ്രാവശ്യവുമാണ് (റോമർ 10:1; എഫെ. 1:5, 9; ഫിലി. 1:15; 2:13; 2 തെസ്സ. 1:11), മറ്റു ഭാഗങ്ങളിലൊന്നുമില്ല.[33] മാർവിൻ ആർ. വിൻസെന്റ് അവിടെ പ റഞ്ഞ വാക്കുകൾ, "*ദയവോടെയോ*, അല്ലെങ്കിൽ *സൗഹൃദവികാരത്തോടെ*യോ അല്ല (ലൂക്കൊ. 2:14 ലും ഫിലി. 1:15 ലും പറഞ്ഞതുപോലെ) മറിച്ച് അവനു പ്രസാദകരമായി തീർന്നതുകൊണ്ടാണ് [മത്താ. 11:26 ഉം ലൂക്കൊ. 10:21 ഉം നോക്കുക]. എങ്ങനെയായാലും, മറ്റൊരർത്ഥത്തിൽ, അന്തർലീനമാക്കിയിരി ക്കുന്ന പ്രയോഗം, *സ്നേഹത്തിൽ* എന്നാണ്."[34] ("അനുസരിച്ച്" എന്നതിന്റെ കൂടുതൽ വിവരങ്ങൾക്ക് 1:7, 9 ന്റെ പരാമർശം നോക്കുക.)

**വാക്യം 6. തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട്.** ഈ പ്രയോഗം

പിന്നീട് പൗലൊസ് പറഞ്ഞതുപോലെയാണ് (1:12, 14). പക്ഷെ ഇവിടെ ഊന്നൽ ദൈവത്തിന്റെ കൃപക്കാണ്. "ക്രിസ്തുവിൽ" ദൈവം മനുഷ്യർക്ക് ചെയ്ത തിന്റെ *ഫലത്തെയാണ്* "ടു" (*എയിസ്*) എന്ന വാക്ക് മനസിലാക്കി തരുന്നത്. തന്റെ പ്രവൃത്തിയേയും സ്വഭാവത്തെയും വെളിപ്പെടുത്തുന്നതാണ് ദൈവ കൃപ. അതുകൊണ്ട്, അവന്റെ മഹത്തായ കൃപ, ദൈവത്തിന്റെ വ്യക്തിത്വ മാഹാത്മ്യത്തെ വിളിച്ചോതുകയും, നിത്യമായ ആ പദ്ധതിക്ക് എന്നും അവനെ പുകഴ്ത്തുവാൻ കടപ്പെട്ടിരിക്കുകയും ചെയ്യുന്നു.

**അത് നമ്മിൽ സൗജന്യമായി പകരുന്നു** എന്നു പറഞ്ഞു പൗലൊസ് ദൈവകൃപയെ തുടർന്നു ചർച്ച ചെയ്യുകയാണ്. അവൻ ആ കൃപ നമ്മിൽ "സൗജന്യമായാണ് പകരുന്നത്." ചില തർജിമകളിൽ വായിക്കുന്നത് "അതിനാൽ നമ്മെ സ്വീകരിക്കുമാറാക്കി" എന്നാണ് (എൻകെജെവി). ദൈവം കൃപയാണ്. അവൻ തന്റെ കൃപയാലാണ് നമ്മെ അന്വേഷിച്ചതു, കൃപയാലാണ് നമ്മെ ചേർത്തത്, കൃപയാലാണ് നമ്മെ അനുഗ്രഹിച്ചതും, അവസാനം നിത്യമായി അവനെ സ്തുതിക്കുവാനുള്ള അവസരം നൽകിയതും കൃപയാലാണ്.

**പ്രിയനായവനിൽ** എന്ന പ്രയോഗം ക്രിസ്തുവിനെ ഉദ്ദേശിച്ചു പറയുന്നതാണ്, അത് വാക്യം 3 ലും 5 ലും തുടരുന്നു. യേശുവിനെ "ദൈവത്തിന്റെ പ്രിയ പുത്രൻ" എന്നാണ് വിളിച്ചിരിക്കുന്നത് (മത്താ. 3:17; 17:5; കൊലൊ. 1:13). യേശുവിലുള്ള "പ്രിയ പുത്രന്റെ *തുല്യ ശ്രേഷ്ഠതയുടെ*" അർത്ഥം ആൻഡ്രു ടി. ലിങ്കൺ വിശദമാക്കിയിരിക്കുന്നു.[35] പാപത്തെ കണ്ടില്ലെന്നു നടിക്കുന്നതായിരുന്നില്ല ദൈവം ക്രിസ്തു മുഖാന്തരം ചെയ്തതെല്ലാം. ദൈവം കൃപയും കരുണയും സ്നേഹവും നിറഞ്ഞവനാണെങ്കിലും, അവൻ നീതിയും വിശുദ്ധിയുമുള്ളവനാണ്. അതുകൊണ്ട് പാപത്തെ ശിക്ഷിക്കണം, അത് ക്രൂശിൽ നിറവേറ്റി. അവന് പാപികളോട് കരുണ കാണിക്കുവാനും, അതേ സമയത്ത് ദൈവ നീതി തൃപ്തിപ്പെടുകയും ചെയ്തതിനാൽ "ക്രിസ്തുവിൽ" ആകുന്ന എല്ലാവർക്കും അത് ലഭ്യമാകുന്നു (റോമർ 3:23-26). ഗ്രീക്കിലെ അയോറിസ്റ്റ് ഇന്റിക്കേറ്റിവ്[36] പ്രകടിപ്പിക്കുന്നത് ക്രിസ്തുവിൽ ആകുന്നവരിൽ "പകരുന്ന" കൃപയാണ്. പാപത്തിന് ഒരിക്കൽ-ആയി സർവ്വ-പര്യാപ്തതയും പാപികൾക്ക് കഴിഞ്ഞ കാലത്ത് നൽകി എന്നു സൂചിപ്പിക്കുന്നു (എബ്രാ. 10:12).

## വീണ്ടെടുപ്പ് (1:7)

**[7]അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്.**

ക്രിസ്ത്യാനികളെ ദൈവം തിരഞ്ഞെടുത്ത് വിശുദ്ധരും നിഷ്ക്കളങ്കരും ആക്കിയതിനെ കുറിച്ച് പറഞ്ഞ് പൗലൊസ്, അതെങ്ങനെ സാധ്യമാക്കി എന്നു വിശദീകരിക്കുന്നു. ദത്തെടുത്ത ദൈവ മക്കളെ ക്രിസ്തുവിന്റെ ത്യാഗപൂർണ്ണമായ മരണത്താൽ വീണ്ടെടുത്ത് കരുണാധിക്യപ്രകാരം പാപങ്ങളെ മോചിച്ചു തരുന്നു. ആ രണ്ട് ആത്മികാനുഗ്രഹങ്ങളാണ് 1:3-14-ൽ വിവരിച്ചിരിക്കുന്നത്.

**വാക്യം 7.** ക്രിസ്തുവിൽ അനുഭവിക്കുന്ന മൂന്നാമത്തെ അനുഗ്രഹത്തെ പൗലൊസ് സഹോദരന്മാരെ ഓർപ്പിക്കുന്നു: **അവനിൽ നമുക്ക് അവന്റെ രക്തത്താൽ പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്.** "വീണ്ടെടുപ്പ്" എന്ന

വാക്കിനു ചരിത്രപരമായ പ്രാധാന്യമുള്ളതിനാൽ, ഏറ്റവും അർത്ഥവത്തായ വാക്കുകളാൽ ദൈവത്തോടുള്ള ബന്ധത്തെ വിവരിച്ചിരിക്കുന്നു. അയോ റിസ്റ്റ് ടെൻസിന് പകരം (ഭൂതകാലത്തിലെ-പ്രവൃത്തിയുടെ പോയിന്റാണ് പറയുന്നത്), പൗലൊസ് വർത്തമാന കാലമാണ് ഉപയോഗിച്ചിരിക്കുന്നത് (സംസാരിക്കുന്നയാൾ സംസാരിക്കുമ്പോൾ സംഭവിക്കുന്നതുപോലെയുള്ള പ്രസ്താവന).[37] അവൻ സംസാരിച്ച അനുഗ്രഹം ഭൂതകാലത്തിൽ സംഭവി ച്ചതാണെങ്കിലും, അതിന്റെ ഫലം വർത്തമാനകാലത്തും ഭാവിയിലും ഉണ്ടാ യിരിക്കും. ഇപ്പോൾ ക്രിസ്തുവിൽ ആയവർക്ക് വീണ്ടെടുപ്പിന്റെ ഗുണങ്ങൾ ലഭിക്കും. എല്ലാ ആത്മികാനുഗ്രഹങ്ങളും ക്രിസ്തുവിലാണ്, അതുകൊണ്ട്, "അവനിൽ" "നമുക്ക് വീണ്ടെടുപ്പ് ഉണ്ട്."

പഴയനിയമ ആശയമാണ് "വീണ്ടെടുപ്പ്". യിസ്രായേലിനെ മിസ്രയിം അടിമത്വത്തിൽനിന്നു വിടുവിച്ചതിനെ "വീണ്ടെടുപ്പ്" എന്നു പറഞ്ഞിരിക്കുന്നു (ഉദാഹരണത്തിന്, പുറ. 6:6; 15:13; ആവ. 7:8; 15:15). ഈ പുതിയനിയമ തത്വം പ ൗലൊസ് പറയുമ്പോൾ, അവന് പഴയനിയമ പശ്ചാത്തലം നന്നായി അറിയാം. *അപോലുട്രോസിസ്* എന്ന വാക്കിൽനിന്നാണ് "വീണ്ടെടുപ്പ്" എന്ന വാക്ക് വന്നത്, അർത്ഥമാക്കുന്നത് "തടവിൽനിന്നുള്ള മോചനമാണ്" ആരംഭത്തിൽ, "അടിമയെ മടക്കി വാങ്ങുക, അല്ലെങ്കിൽ മറുവില കൊടുത്തു 'സ്വതന്ത്രമാ ക്കുക' എന്നാണ്."[38] "വീണ്ടെടുപ്പ്" ഗ്രീക്കിൽ ഒരു ആർട്ടിക്കിളോടുകൂടി ഉപ യോഗിച്ചിരിക്കുന്നത് അക്ഷരികമായി വായിക്കുന്നു, "വീണ്ടെടുപ്പ്" അതായത് കാത്തിരുന്നതും ഇപ്പോൾ അനുഭവിക്കുന്നതുമാണ്. ഈ വേദഭാഗം പൗലൊസ് എഴുതുമ്പോൾ, അവന്റെ മനസിൽ "വിടുതൽ," "മറുവില," "വീണ്ടെടുപ്പ്" എന്നിവ വന്നിരിക്കാം, പിന്നെ അവ എല്ലാം "അവന്റെ രക്തത്താൽ" സാധ്യ മായെന്നും പറഞ്ഞിരിക്കുന്നു.

പാപികളുടെ മോചനത്തിനായി കൊടുത്ത വില ക്രിസ്തുവിന്റെ രക്ത മാണ്. അതുകൊണ്ട് പൗലൊസ് പറഞ്ഞു, "നിങ്ങളെ വിലെക്കു വാങ്ങിയിരി ക്കുന്നു" (1 കൊ. 6:20). പത്രൊസ് പറഞ്ഞത് "നിങ്ങളെ ... വീണ്ടെടുത്തിരി ക്കുന്നത് ... ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ" (1 പത്രൊ. 1:18, 19). വീണ്ടെടുപ്പിനു എന്തുകൊണ്ട് ക്രിസ്തുവിന്റെ രക്തം വേണ്ടി വന്നു? ഉൾക്കാഴ്ച്ച നൽകുന്ന ഒരു പ്രസ്താവന ലേവ്യാ പുസ്തകം 17:11-ൽ കാണാം, അവിടെ പഴയനിയമ യാഗത്തെ വിശദമാക്കിയിരിക്കുകയാണ്. അപ്പോൾ മോ ശെ പറഞ്ഞു, "മാംസത്തിന്റെ ജീവൻ രക്തത്തിലല്ലോ ഇരിക്കുന്നത്. യാഗപീ ഠത്തിന്മേൽ നിങ്ങൾക്കു വേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അത് നി ങ്ങൾക്ക് തന്നിരിക്കുന്നു." പുരാതന യിസ്രായേലിന്റെ പാപം നിമിത്തമുള്ള ദൈവകോപം താൽക്കാലികമായി മൃഗരക്ത പ്രായശ്ചിത്തത്താൽ ശമിപ്പിച്ചി രുന്നു എങ്കിൽ, ക്രിസ്തുവിന്റെ ജീവനുള്ള രക്തത്താലുള്ള പ്രായശ്ചിത്ത ബലി യാൽ പാപത്താലുള്ള ദൈവകോപം സ്ഥിരമായി ശമിപ്പിക്കുന്നു. "അവന്റെ രക്തം മുഖാന്തരം" എന്നതിൽ *ഡയാ* എന്ന ഗ്രീക്ക് പ്രൊപോസിഷൻ ഉപയോ ഗിച്ചിരിക്കുന്നത്, പാപത്തിന്റെ വിലയായിട്ടാണ് അവന്റെ രക്തം നൽകിയത് എന്നാണ്. ദൈവത്തിന്റെ വിശുദ്ധ നിയമം അനുസരിച്ച് "പാപത്തിന്റെ ശമ്പളം മരണമത്രെ" (റോമ. 6:23), എന്നാൽ ക്രിസ്തു തന്റെ രക്തം നമ്മുടെ വീണ്ടെ ടുപ്പ് വിലയായി നൽകി.

## പാപക്ഷമാപണം (1:7-8)

**[7]അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്. [8]അത് അവൻ നമുക്ക് ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകല ജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു.**

**വാക്യം 7.** "രക്തത്താലുള്ള വീണ്ടെടുപ്പ്" എന്ന് പൗലൊസ് എഴുതുമ്പോൾ അവന്റെ മനസിൽ രണ്ട് പ്രവൃത്തികളായിരിക്കും ഉണ്ടായിരുന്നത് (1:7). "അതിക്രമങ്ങളുടെ മോചനം" (1:7). നമുക്കുള്ള മറുവിലയായി, ക്രൂശിലാണ് "വീണ്ടെടുപ്പ്" നടന്നത്; പാപികൾ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനം ഏറ്റ് "ക്രിസ്തുവിലേക്ക്" പ്രവേശിക്കുമ്പോഴാണ് "പാപമോചനം സംഭവിക്കുന്നത്" (പ്രവൃ. 2:38).

വേദഭാഗത്ത് പറഞ്ഞിരിക്കുന്ന നാലാമത്തെ ആത്മികാനുഗ്രഹമാണ് **പാപമോചനം.** ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് നാമം *അഫെസിസ്* ഗ്രീക്ക് ക്രിയ *അഫിയേമി* യിൽനിന്നും രൂപപ്പെട്ടതാണ്, അർത്ഥം "ദൂരെ അയക്കുക"[39] എന്നാണ്. അത് മോശെയുടെ ന്യായപ്രമാണത്തിൻകീഴിലായിരുന്ന ജനങ്ങളുടെ പാപം വഹിക്കുന്ന ബലിയാടിനെ "ദൂരെ ... അയക്കുന്ന" ചിത്രമാണ് നമ്മെ ഓർപ്പിക്കുന്നത് (ലേവ്യ. 16:21). ദൂരെ അയക്കുന്ന ആശയം സങ്കീർത്തനങ്ങളിലും കാണാം. ദാവീദ് എഴുതി, "ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ, അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോട് അകറ്റിയിരിക്കുന്നു" (സങ്കീ. 103:12). മീഖാ പറഞ്ഞു, "അവരുടെ പാപങ്ങൾ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും" (മീഖാ. 7:19). യെശയ്യാവ് ദൈവത്തിനു വേണ്ടി ഇതേ ആശയം പറഞ്ഞിരിക്കുന്നു, "എന്റെ നിമിത്തം ഞാൻ, ഞാൻ തന്നെ നിന്റെ അതിക്രമങ്ങളെ മായിച്ചുകളയുന്നു" (യെശ. 43:25). വീണ്ടെടുപ്പും പാപമോചനവും യേശു യോജിപ്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു, "മനുഷ്യപുത്രൻ വന്നത് ശുശ്രൂഷ ചെയ്യിക്കുവാനല്ല, പിന്നെയോ ശുശ്രൂഷിപ്പാനും പാപികൾക്കു വേണ്ടി മറുവില കൊടുപ്പാനുമത്രെ" (മത്താ. 20:28); "ഇത് അനേകരുടെ പാപമോചനത്തിനായി ചൊരിയുവാനിരിക്കുന്ന പുതിയ നിയമത്തിൽ എന്റെ രക്തം ആകുന്നു" (മത്താ. 26:28).

**അതിക്രമങ്ങൾ** *പാരാപ്റ്റോമാ* യിൽനിന്നു വന്നതാണ്, അത് വിവരിക്കുന്നത്, "ധാർമ്മിക നിലവാരത്തെ ലംഘിക്കുന്നതാണ്." "ഒരു കുറവ്" അല്ലെങ്കിൽ "ഒരു വശത്തേക്ക് *വീഴൽ*"[40] പുതിയ നിയമത്തിലെ മറ്റു വേദഭാഗങ്ങളിൽ പാപത്തിനു പറയുന്ന *അനോമിയ* ("അധർമ്മം") യിൽനിന്നു വ്യത്യസ്തമായിട്ടാണ് ഇവിടെ പറയുന്ന *അഡികാ,* ("അനീതി"). പുതിയ നിയമത്തിൽ "പാപത്തിനു" പൊതുവിൽ പറയുന്ന വാക്കാണ് *ഹമർട്ടിയ*, അതു സൂചിപ്പിക്കുന്നത് "പാപ പ്രവൃത്തിയെ മാത്രമല്ല, പാപം ഒരു *ശക്തിയാണ്, സ്വഭാവമാണ്,* ഒരു *അവസ്ഥയാണ്.*"[41] അതിക്രമത്തിൽ വസിക്കുന്നയാൾ, അധാർമ്മിക ജീവിതം നയിക്കുന്നു, അയാൾ അപ്പോൾ പാപത്തിന്റെ ശക്തിയിൻ കീഴിലാണ്. ഒരാൾ ക്രിസ്തുവിലേക്ക് പ്രവേശിക്കുമ്പോൾ, ദൈവകൃപ അയാളുടെ അധാർമ്മികത മോചിച്ച് നീതിമാനാക്കുന്നു. അങ്ങനെ അയാൾ പാപത്തിന്റെ ശക്തിയിൽനിന്നും, കുറ്റത്തിൽനിന്നും, അനന്തര ഫലത്തിൽനിന്നും സ്വതന്ത്രനാകുകയാണ്; ദൈവം അയാളെ ശരിയായ സ്ഥാനത്താക്കി ജീവിതത്തിൽ രൂപാന്തരപ്പെടുവാൻ പ്രാപ്തനാക്കുന്നു.

**വാക്യം 7. അനുസരിച്ച്** എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് പ്രിപ്പൊസിഷൻ *കാറ്റാ* എന്നാണ്, അത് സൂചിപ്പിക്കുന്ന ആശയം "അധികാരം ചെലുത്തൽ."[42] എന്നാൽ **ധനത്താൽ** (*പ്ലടോസ്*)-അതായത് ധനം അല്ലെങ്കിൽ സമൃദ്ധി-അവന്റെ **കൃപയാലുള്ള** നിയന്ത്രണത്തെയാണ് പറയുന്നത്.[43] (1:6 നോക്കുക).

> ദൈവിക നന്മയുടെ സ്വഭാവമുള്ള *അനർഹമായ* ആനുകൂല്യം കൃപയുടെ രൂപത്തിൽ നൽകി നമ്മെ *സ്വതന്ത്രമാക്കുന്നു,* അതാണ് പൗലൊസ് ഇടക്കിടക്ക് ദൈവത്തെ മനോഹരമായി സ്തുതിക്കുവാൻ കാരണം. കൃപ അതിന്റെ ഉന്നത നിലവാരത്തിൽ *ധനികമായി* വിലയിരുത്തിയിരിക്കുന്നു, അതാണ് നമുക്ക് പരിചയപ്പെടുത്തി തന്നത്. കൃപയുടെ *ധനമെന്ന* മനോഹരമായ ധാരണ, നമ്മിലേക്ക് ദൈവം പകരുന്നത് ക്രിസ്തുവിൽ ആണ് എന്നത് പൗലൊസ് പ്രത്യേകമായി പറഞ്ഞിരിക്കുകയാണ്.[44]

ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ക്രൂശിലേക്ക് നോക്കിയാൽ അവർ ദൈവകൃപയെ അഭിനന്ദിക്കുവാൻ തുടങ്ങും. അയോഗ്യരായ മനുഷ്യരുടെ പാപങ്ങൾ ക്ഷമിച്ച് വീണ്ടെടുക്കുവാനുള്ള വഴി തുറക്കുന്നതിന്, ദൈവം തന്റെ പുത്രനെ മരിപ്പാൻ അനുവദിച്ചത് ക്രൂശിലായിരുന്നു. ദൈവകൃപക്ക് അവസാനമില്ല, അതിലെ വിഭവങ്ങൾക്ക് ഒരു കുറവുമില്ല, അതിൽ മനുഷ്യന്റെ ആവശ്യങ്ങൾക്ക് ഒരു പോരായ്മയുമില്ല. പൗലൊസ് അത് റോമർ 5:20-ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു." ദൈവകൃപ ക്ഷയിച്ചുപോകുന്നതല്ല (2:7 നോക്കുക)!

**വാക്യം 8. ഈ** വാക്യത്തിലെ (*ഹോസ്*) പറയുന്നത് ദൈവത്തിന്റെ കൃപയെയാണ്. ആ കൃപ നമ്മിലേക്ക് ധാരാളമായി പകർന്നിരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. "ധാരാളം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പെരിസെയിവോ*) അർത്ഥം "സമൃദ്ധമായി," ധാരാളമായി എന്നാണ്. സകർമ്മകമായി ഉപയോഗിക്കുമ്പോൾ, അർത്ഥം, "വർദ്ധിക്കുവാൻ കാരണമാകുക"[45] എന്നാണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയുന്നതിനപ്പുറമാണ് ദൈവത്തിന്റെ കൃപ എന്നാണ് പൗലൊസ് സ്ഥിരീകരിക്കുന്നത്.

## പ്രകാശിപ്പിക്കൽ (1:8-10)

**8 അത് അവൻ നമുക്ക് താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകല ജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു. 9 അവനിൽ മുൻനിർണ്ണയിച്ച തന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു. 10 അത് സ്വർഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നെ.**

പൗലൊസ് പറഞ്ഞ അഞ്ചാമത്തെ ആത്മികാനുഗ്രഹമാണ് നമ്മിൽ ധാരാളമായി പകരുന്ന ദൈവ കൃപ (1:8). "സകല ജ്ഞാനവും വിവേകവുമായി തന്റെ ഹിതത്തിന്റെ മർമ്മം വെളിപ്പെടുത്തിയിരിക്കുന്നു" (1:8, 9). ദൈവം തന്റെ ഹൃദയമാണ് നമുക്ക് കാണിച്ചു തന്നിരിക്കുന്നത്!

**വാക്യങ്ങൾ 8, 9. അവൻ അറിയിച്ചു തന്നതിന്റെ ഗുണങ്ങളാണ് സകല ജ്ഞാനവും വിവേകവും.** ആ ജ്ഞാനവും വിവേകവും ദൈവത്തിന്റെ മനോ ഗുണങ്ങളാണോ അതോ ദൈവം ആളുകളിൽ നൽകുന്ന വരങ്ങളാണോ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്ക് യോജിപ്പില്ല; എന്നാൽ കൊലൊസ്യർക്കുള്ള പൗലൊസിന്റെ പ്രാർത്ഥന എഫെസ്യലേഖനത്തിലെ ഈ ഭാഗവുമായി യോജി ക്കുന്നതായിട്ടാണ്, അത് വ്യക്തമാക്കുന്നത് ദൈവം അവർക്ക് ജ്ഞാനവും വിവേകവും നൽകിയതിനാൽ അവന്റെ ഇഷ്ടത്തെ കുറിച്ചുള്ള പരിജ്ഞാ നത്തിൽ നിറയും എന്നാണ് (കൊലൊ. 1:9). മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവം തന്റെ ഇഷ്ടം നമുക്ക് നൽകി, അത് മനസിലാക്കുവാനും പ്രായോഗി കമാക്കുവാനും പ്രാപ്തരാക്കുന്നു.

"ജ്ഞാനം" എന്നതിന്റെ ഗ്രീക്ക് നാമം (*സോഫിയാ*) പൗലൊസും മറ്റു പുതിയനിയമ എഴുത്തുകാരും അടിക്കടി ഉപയോഗിച്ചിട്ടുണ്ട്. "വിവേകം" എന്നതിനുള്ള ഗ്രീക്ക് നാമം (*ഫ്രോണെസിസ്*) പുതിയനിയമത്തിൽ മറ്റൊരു പ്രാവശ്യം കൂടെ മാത്രമെ കാണുന്നുള്ളു (ലൂക്കൊ. 1:17-ൽ, പറയുന്നത് നീതി മാന്റെ "മനോഭാവത്തെ" ആണ്). "ജ്ഞാനം" എന്നത് പൊതുവിൽ കൂടുതൽ വിപുലമായ അർത്ഥത്തിലും, "വിവേകം" എന്നത് രണ്ടാമതായി വരുന്നതും ജ്ഞാനം പ്രായോഗികമാക്കുന്നതുമാണ് എന്ന് പ്ലാറ്റോ, അരിസ്റ്റോട്ടിൽ, ഫിലേ, സിസേറോ എന്നിവർ ബൈബിളിനു പുറത്തുള്ള വിഭവങ്ങൾ വെച്ച് പറഞ്ഞി രിക്കുന്നു.[46] പുതിയനിയമത്തിലെ ഉപയോഗവുമായി താരതമ്യം ചെയതാൽ അത് വാസ്തവമാണെന്നു കാണാം. "ജ്ഞാനം" ദൈവിക കാര്യങ്ങളെ ബുദ്ധിപരമായി മനസിലാക്കലാണ്, "വിവേകം" ആ കാര്യങ്ങൾ ദൈനന്തിന ജീവിതത്തിൽ പ്രായോഗികമായി പരിശീലിക്കുന്നതാണ്. സമൃദ്ധമായ ദൈവ കൃപയിൽനിന്നു വരുന്നതാണ് ശരിയായ ജ്ഞാനവും വിവേകവും. ദൈവം തിരഞ്ഞെടുത്ത് അറിയിക്കുവാനാഗ്രഹിക്കുന്ന "തന്റെ ഹിതത്തിന്റെ മർമ്മം" ശരിയായി മനസിലാക്കി പ്രവർത്തിക്കുവാനുള്ള ദൈവം-നൽകുന്ന ശക്തി യാണ് "ജ്ഞാനവും," "വിവേകവും."

**വാക്യം 9.** മർമ്മം *മസ്റ്റെരിയോൻ* തർജിമ ചെയ്തിരിക്കുന്നതാണ്, അത് എഫെസ്യ ലേഖനത്തിൽ ആറു പ്രാവശ്യം കാണാം. ആർക്ക് ഉദ്ദേശിച്ചിരിക്കു ന്നുവോ, അവർക്ക് ദൈവളിപ്പെടുത്തിയിരിക്കുന്ന ദൈവിക സത്യമാണ്, അല്ലാ തെ, ആധുനികമായ അർത്ഥത്തിൽ ഉള്ളറിയുവാനോ, മനസിലാക്കുവാനോ ഉള്ളതല്ല.[47] ഇവിടെ ഉപയോഗിച്ചിരിക്കുന്നതുപോലെ, അത് സുവിശേഷത്തെ യാണ് പറയുന്നത് (6:19 നോക്കുക). ക്രിസ്തുവിന്റെ മരണത്താലും, ഉയർപ്പിനാ ലും ആളുകളെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ ഉദ്ദേശമാണ് അത്. ദൈവം വെളിപ്പെടുത്തിയ മർമ്മത്തെ കുറിച്ച് പൗലൊസ്, 1 കൊരിന്ത്യർ 2:7-13-ൽ വിശദീകരിക്കുന്നുണ്ട്. മനുഷ്യരുടെ മഹത്വത്തിനായി, കാലം ഉണ്ടാകുന്നതിനു മുൻപ്, ദൈവം മറെച്ചു വെച്ചിരുന്ന മർമ്മമായിരുന്ന ദൈവത്തിന്റെ പദ്ധതി യെ, ജ്ഞാനമെന്നാണ് പൗലൊസ് പറഞ്ഞത് (വാ. 7). ദൈവ പദ്ധതിയെ കുറിച്ച് ആർക്കും ഒന്നും അറിയില്ലായിരുന്നു. ദൈവം അത് വെളിപ്പെടുത്തു ന്നതുവരെ ആർക്കും ഊഹിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല (വാ. 8-10). അത് ആർക്ക് ലഭിക്കണമെന്ന് ദൈവം ആഗ്രഹിച്ചുവോ, അവർക്ക് "ആത്മാവ് മൂലം" അത് വെളിപ്പെടുത്തിയത് ദൈവത്തിന്റെ നല്ല സമയത്താണ് (വാ. 10), അങ്ങനെ ദൈവം തിരഞ്ഞെടുത്തവരിൽ ഒരാളാണ് താനെന്നും, തന്റെ വെളി പ്പെടുത്തലുകൾ ദൈവശ്വാസിയമാണെന്നുമുള്ള പൗലൊസിന്റെ പ്രസ്താവന

നോക്കുക, "അത് ഞങ്ങൾ മാനുഷ ജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ ആത്മികന്മാർക്ക് ആത്മിയമായത് തെളിയിക്കുന്നു ..." (വാ. 13).

ദൈവ പദ്ധതി വർഷങ്ങളോളം മർമ്മമായിരുന്നു; വെളിപ്പാടിനാൽ അത് തുറന്നു കാണിക്കുന്നതുവരെ മൂടി വെച്ചിരുന്നു. ഇപ്പോൾ, ദൈവത്തിന്റെ രക്ഷാപദ്ധതി മുഴുവനായി നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു (റോമർ 16:25; 1 കൊ. 2:7; എഫെ. 6:19; കൊലൊ. 1:26; 1 തിമൊ. 3:9, 16), കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേകമായ ചില കാര്യങ്ങളും. ഉദാഹരണമായി, യെഹൂദന്മാരും ജാതികളും ഒരുപോലെ ദൈവത്തിന്റെ രക്ഷക്ക് യോഗ്യരാണ് എന്നും ദൈവം വെളിപ്പെടുത്തിയിരിക്കുന്നു (റോമർ 11:25; എഫെ. 3:3, 6). പുനരുത്ഥാനത്തെ കുറിച്ചും ക്രിസ്തു വരുമ്പോൾ ജീവിച്ചിരിക്കുന്നവർക്ക് ഉണ്ടാകുന്ന രൂപാന്ത രത്തെ കുറിച്ചും പറഞ്ഞിരിക്കുന്നു (1 കൊ. 15:51, 52). കൂടാതെ, ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ പറ്റിയും പറഞ്ഞിരിക്കുന്നു (എഫെ. 5:32). *തിരുഹിതത്തിന്റെ മർമ്മത്തെ കുറിച്ച്* പൗലൊസ് സംസാരിച്ചു. "ഹിതം" എന്ന വാക്ക് തർജിമ ചെയ്തത് *തെലെമയിൽ* നിന്നാണ്, ("വികാരങ്ങളെ ആസ്പ ദമാക്കിയുള്ള ആഗ്രഹം")[48] അവന്റെ സ്നേഹമുള്ള ഹൃദയത്തിൽനിന്നാണ് അവന്റെ ഹിതം വരുന്നത്.

**വാക്യം 9**. *കാറ്റാ* എന്ന ഗ്രീക്ക് പ്രിപൊസിഷൻ തർജിമ ചെയ്തതാണ് **അനുസരിച്ച്** എന്നത്, അത് എഫെസ്യലേഖനത്തിന്റെ ഈ ഭാഗത്ത് അഞ്ചു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (1:5, 7, 9, 11 [രണ്ട് പ്രാവശ്യം]) അതിന്റെ അർത്ഥം, "ഒന്നി[ൽ] നിന്നു താഴേക്ക്."[49] അവന്റെ ദ*യവോടുകൂടിയ ഉദ്ദേശപ്ര കാര*മാണ് (*എയിഡോകിയ* യിൽനിന്ന്)[50] ദൈവഹിതം വെളിപ്പെടുത്തിയതെന്ന് പൗലൊസ് ഉറപ്പിച്ചു പറയുന്നു. വിശുദ്ധന്മാർക്ക് ഏറ്റവും നല്ലതാണ് തന്റെ സ്നേഹത്താൽ സുവിശേഷത്തിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത് (1:5 നോക്കുക). ആ ദയവോടുകൂടിയ ഉദ്ദേശമായിരുന്നു ദൈവം **പദ്ധതിയിട്ടത്** (*പ്രോടിതെമി*, "ഒരാളുടെ മുമ്പിൽ ഏർപ്പെടുത്തുക" അതായത്, "തീരുമാനം എടുക്കുക"[51]) ദൈവത്തിന്റെ സ്നേഹമുള്ള ഹൃദയത്തിൽനിന്നാണ് അത് ആരംഭിച്ചത്. **അവനിൽ** എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെയാ ണ്, കാരണം അവനിലാണ് എല്ലാ അനുഗ്രഹങ്ങളും നമുക്ക് ആസ്വദിക്കുവാനാ യി വെച്ചിരിക്കുന്നത്. എങ്ങനെയായാലും, ഈ വാക്യത്തിലെ ഏറ്റവും നല്ല തർജിമ *ഔടോയി*, "അവനിൽ തന്നെ" എന്നാണ് (എൻകെജെവി), അടുത്ത വാക്യത്തിൽ ക്രിസ്തുവിനെ പ്രത്യേകമായി പറയുന്നതുവരെ നാം ദൈവഹി തത്തെ കണക്കിലെടുക്കുക (2 തിമൊ. 1:9 നോക്കുക).

**വാക്യം 10**. *എയിസ്* എന്നതിന്റെ നല്ല തർജിമ **കാഴ്ച്ചപ്പാടോടുകൂ**ടെ എന്നാണ് കാരണം പൗലൊസ് ദൈവത്തിന്റെ ഉദ്ദേശത്തെയും രൂപത്തെയും പറയുവാനാണ് പോകുന്നത്. സംയുക്ത വാക്കായ *ഓയികോണോമിയയാണ്* നടത്തിപ്പ് എന്നതിനുപയോഗിച്ചിരിക്കുന്നത് (ഓയികോസ്, "വീട്") എന്നും ("നോമോസ്," "പ്രമാണം") എന്നുമാണ്, അർത്ഥം, "വീടിന്റെ നടത്തിപ്പ്, വീട്ടുകാര്യങ്ങൾ ക്രമപ്പെടുത്തൽ, മേൽനോട്ടം വഹിക്കൽ, മറ്റൊരാളു[ടെ] വസ്തു കൈകാര്യം ചെയ്യൽ, ഒരു ഓഫീസിന്റെ മാനേജർ, കാര്യനിർവ്വഹണം നടത്തുന്ന ആൾ,"[52] *ഓയികോണോമിയ* മേൽനോട്ടം വഹിക്കുന്നതിനെയാണ് സൂചിപ്പിച്ചിരിക്കുന്നത് അഥവാ ഭരണം നടത്തുന്നതിനെയാണ് വിവരിക്കുന്ന തെന്നാണ് ലിങ്കൺ നിരീക്ഷിച്ചിരിക്കുന്നത്; എന്നാൽ ഗ്രീക്ക് ലോകത്തിൽ,

"ദൈവം പ്രപഞ്ചത്തെ ക്രമപ്പെടുത്തുന്നതിനാണ് നിരന്തരമായി ഉപയോഗിച്ചിരിക്കുന്നത്."[53]

ഇവിടെ പറഞ്ഞിരിക്കുന്നത് ദൈവം ഭരണകർത്താവാണ് എന്ന അർത്ഥത്തിലാണ്: മേൽനോട്ടം നടത്തുന്നത് അവനാണ്, അവൻ തന്റെ പദ്ധതിയാണ്, ഇപ്പോൾ വെളിപ്പെടുത്തിയ മർമ്മമാണ് നടപ്പിൽ വരുത്തുന്നത്. ഗ്രീക്ക് വേദപുസ്തകത്തിലെ ലളിതമായ "ഓഫ്" എന്നത് എൻഏഎസ്ബിയിൽ **യോജിച്ച** എന്ന വാക്കാണു ഉപയോഗിച്ചിരിക്കുന്നത്, ചില എഡിഷനുകളിൽ, "ഓഫ്" കുറിപ്പായിട്ടാണ് കൊടുത്തിരിക്കുന്നത്. "ഓഫ്" ശരിയായി മനസിലാക്കുവാൻ സഹായകരമാണ്, അത് ദൈവം നടത്തുന്നത് "കാലസമ്പൂർണ്ണതയിലാണ്." മർമ്മത്തിൽ ഉൾപ്പെട്ട യേശുവിനെ ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുന്നു, അവനിലാണ് ദൈവത്തിന്റെ പദ്ധതി കേന്ദ്രീകരിച്ചിരിക്കുന്നത്. കൊലൊ. 1:27-ൽ, "ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു" എന്നതായിരുന്ന ആ മർമ്മം എന്നു പൗലൊസ് പ്രഖ്യാപിച്ചിരിക്കുന്നു.

**കാലസമ്പൂർണ്ണത** തർജിമ ചെയ്തിരിക്കുന്നത് (*പ്ലെരോമാ*, "സമ്പൂർണ്ണത") യും (*കായിരോസ്*, "കാലത്തിന്റെ").[54] ദൈവത്തിന്റെ മർമ്മം വെളിപ്പെടുത്തുവാനുള്ള യോജിച്ച സമയത്തെയാണ് അതു പറയുന്നത്-ക്രിസ്തീയ കാലം. ഗലാത്യർ 4:4-ൽ പൗലൊസ് പറഞ്ഞു, "കാലസമ്പൂർണ്ണതയിൽ, ദൈവം തന്റെ പുത്രനെ അയച്ചു." പൗലൊസ് "കാലം" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് *ക്രോണോസ്* ആണ്, അർത്ഥം, ചിലത് സംഭവിക്കുന്ന സമയത്തെയാണ് അത് സൂചിപ്പിക്കുന്നത്.[55] ചരിത്രത്തിൽ ദീർഘകാലം പൂർത്തിയാക്കിയതിനെയാണ് ഈ വേദഭാഗത്ത് "സമ്പൂർണ്ണത" എന്നു പറഞ്ഞിരിക്കുന്നത് കാണിക്കുന്നത്.

> "കാലത്തിന്റെ ഉദ്ദേശം കണക്കാക്കിയാണ്" മശിഹാ വന്നത്, അത് നിയമിച്ചത് ദൈവമായിരുന്നു, പിതാക്കന്മാരോട് വാഗ്ദാനം ചെയ്തതും, പ്രവാചകന്മാർ മുന്നറിയിച്ചതും, യെഹൂദന്മാർ പ്രതീക്ഷിച്ച്, വിശ്വസ്തരായവർ ദിർഘകാലമായി കാത്തിരുന്നതും അതായിരുന്നു.[56]

ലോകത്തിന്റെ എല്ലാ കാലയളവും സൂചിപ്പിച്ചാണ് "കാലങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത്-പിതാക്കന്മാരുടെ കാലവും, മോശെയുടെ ന്യായപ്രമാണ കാലം, അഥവാ യെഹൂദന്മാരുടെ കാലവും-ഒക്കെ ക്രിസതീയ കാലത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. ഈ കാലത്ത് ദൈവം തന്റെ മക്കൾക്ക് പ്രത്യേകമായ നേട്ടങ്ങളും ദാനങ്ങളും വാഗ്ദാനം ചെയ്തിരിക്കുന്നു.

> ആ ദാനങ്ങളും നേട്ടങ്ങളും ആർക്കു വേണ്ടി വെച്ചിരുന്നുവോ, അവ കാലത്തിനു മുൻപ് അവർക്ക് അനുഭവിക്കുവാൻ കഴിഞ്ഞിരുന്നില്ല [ഗലാ. 4:1-3] അപ്പോൾ അവർക്കായി ഒരുക്കിയിരുന്നുമില്ല. കാത്തിരിക്കുന്ന കാലം ദീർഘിപ്പിക്കേണ്ടിയിരുന്നു. പരിശീലന നടപടി പൂർത്തിയായപ്പോൾ, പക്വതാ സമയമെത്തിയപ്പോൾ, ദാനങ്ങൾ പൂർണ്ണമായും പകർന്നു കൊടുത്തു. വീട്ടുടയവൻ, കൃപയുടെ മറഞ്ഞിരുന്ന മർമ്മത്തിന്റെ ഉദ്ദേശം യോജിച്ച സമയത്ത് വെളിപ്പെടുത്തി. ആ സമയം വന്നപ്പോൾ, ക്രിസ്തുവെന്ന അവതാരത്തിൽ കൂടെ അത് വെളിപ്പെടുത്തി, അവൻ മുൻപ് ആളുകളോട് വാഗ്ദാനം ചെയ്തിരുന്നതുപോലെ നീണ്ട കാത്തിരിപ്പിനു ശേഷം, അവന്റെ കൃപയുടെ ഉദ്ദേശം പൂർണ്ണമായി വെളിപ്പെടുത്തി.[57]

“സമ്പൂർണ്ണത” ഉദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ അവതാരം മുതൽ അവന്റെ വീണ്ടും വരവ് വരെയുള്ള കാലയളവാണ് അത്. ഈ വർത്തമാനകാലത്തിൽ ദൈവം കൈവരിക്കുവാനുദ്ദേശിച്ചതെല്ലാം അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**വാക്യം 10.** അടുത്തത്, ദൈവത്തിന്റെ നടത്തിപ്പ് സ്വഭാവം മുഴുവൻ ഈ വാക്യത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവിൽ ഉള്ള തന്റെ ഉദ്ദേശം പൗലൊസ് മുഖാന്തരം വിളംബരം ചെയ്തപ്പോൾ, ദൈവം തന്റെ ഹൃദയത്തെയാണ് ബോധ്യപ്പെടുത്തിയത്. ചില വെർഷനുകളിൽ, **അത്** ചരിച്ചെഴുതിയിരിക്കുന്നതു സൂചിപ്പിക്കുന്നത്, തർജിമക്കാർ അർത്ഥം വ്യക്തമാക്കുന്നുവെന്നാണ്. തർജിമക്കാർ ചെയ്തത് ശരിയാണ്, കാരണം നടത്തിപ്പിനു യോജിച്ചത് കാലസമ്പൂർണ്ണതയാണ് അതായത് “എല്ലാം ക്രിസ്തുവിൽ ഒന്നാക്കി തീർത്തു.”

**ഒന്നാക്കിച്ചേർക്കൽ** അപൂർവ്വമായി ഉപയോഗിച്ച ഗ്രീക്ക് ക്രിയ *അനാകേഫലായിഓ* യിൽനിന്നുള്ളതാണ്, അത് ഇവിടെയും റോമർ 13:9 ലും മാത്രമാണ് കാണുന്നത്. അതിന്റെ നിർവ്വചനം “കൂട്ടിച്ചേർക്കൽ,” “സംക്ഷേപിച്ചു പറയൽ,” “ക്രിസ്തുവിൽ എല്ലാം ഒന്നിച്ചാക്കൽ.”[58] റോമൻ വേദഭാഗത്ത്, പൗലൊസ് മനുഷ്യ ബന്ധങ്ങൾക്കുള്ള എല്ലാ കൽപനകളും “യോജിപ്പിച്ച് ചേർത്തിരിക്കുന്നു”: അവൻ പറഞ്ഞത് അവർ അവയെല്ലാം യോജിപ്പിച്ച് പറയുന്നു, “ ‘നീ നിന്റെ കൂട്ടുകാരനെ നിന്നെപോലെ സ്നേഹിക്കുക.’ ” **എല്ലാ** കൽപനകളും സ്നേഹത്തിൽ കൊള്ളിച്ചിരിക്കുന്നു; അതിനു സമാന്തരമായുള്ളതാണ് **ക്രിസ്തുവിൽ** ദൈവപദ്ധതി എല്ലാം ഒന്നാക്കി തീർത്തിരിക്കുന്നു.

ഗ്രീക്കിൽ മദ്ധ്യ ശബ്ദം, ഇവിടെ ഉപയോഗിച്ചിരിക്കുന്നതുപോലെ, അർത്ഥം “വീണ്ടും ഒന്നാക്കുക.”[59] ഒരിക്കൽ ഒന്നായിരുന്നിട്ട് വേറിട്ടുപോയതിനെ നിരപ്പിക്കുന്നതാണ് അത്. എന്താണ് ഒരിക്കൽ യോജിപ്പിലായിരുന്നിട്ട് വേറിട്ടുപോകയും ഈ ക്രിസ്തീയ കാലത്ത് നിരപ്പിക്കുകയും ചെയ്തത്? ക്രിസ്തുവിൽ ആയ വിശ്വസ്ത വിശുദ്ധരായവർക്ക് ദൈവം കൈവരിച്ചതിനെയാണ് ഇവിടെ ഊന്നി പറയുന്നത്. ക്രിസ്തുവിലായവരെ തിരഞ്ഞെടുക്കുകയും വീണ്ടെടുക്കുകയും, പാപം മോചിച്ചു കൊടുക്കുകയും ചെയ്യുന്നതുകൊണ്ടും-ക്രിസ്തുവിലായവർക്ക് ദൈവ മർമ്മത്തിന്റെ വെളിപ്പാട് ലഭിക്കുകയും ചെയ്യുന്നതുകൊണ്ട്-ക്രിസ്ത്യാനികൾ ഒരിക്കൽ പാപം നിമിത്തം ദൈവത്തിൽനിന്നു വേർപെട്ടിരുന്നു എന്ന് അന്തർലീനമാക്കിയിരിക്കുന്നു (യെശ. 59:1, 2). എന്നാൽ ഇപ്പോൾ അവർ നിരപ്പിലായിരിക്കുന്നു. പൗലൊസ് അത് കൊലൊ. 1:20-22-ൽ ക്രൂശിലെ രക്തത്താൽ സ്വർഗത്തിലേയും ഭൂമിയിലേയും സകലവും തന്നിലേക്ക് ഒന്നാക്കിയിരിക്കുന്നു എന്ന് വ്യക്തമാക്കിയിരിക്കുന്നു. കൊലൊസ്യയിലുള്ളവർ മുൻപ് തങ്ങളുടെ ദുഷ്ടതയാൽ ദൈവത്തിൽനിന്നും അകന്നു പോയിരുന്നു എങ്കിലും, ഇപ്പോൾ നിരപ്പു പ്രാപിച്ചു എന്നാണ് പറഞ്ഞത്. ക്രൂശിലെ ക്രിസ്തുവിന്റെ രക്തത്താൽ ദൈവം എന്താണ് കൈവരിച്ചത്? പാപിക്ക് ദൈവത്തോട് നിരന്നുകൊൾവാനുള്ള വഴി തുറന്നു. അതുകൊണ്ട്, **സ്വർഗത്തിലേയും ഭൂമിയിലേയും എല്ലാം നിരപ്പിക്കുക** എന്നത് ആലങ്കാരികമായ പ്രപഞ്ച നിരപ്പാണ്, അതായത്, ക്രിസ്തുവിന്റെ വീണ്ടെടുപ്പ് പദ്ധതി പൂർത്തിയാക്കി എന്നർത്ഥം. എങ്ങനെയായാലും, ക്രിസ്തു രക്തം ചിന്തിയത് ദൂതന്മാർക്കോ, ലോകത്തിലെ മറ്റൊന്നിനോ വേണ്ടി ആയിരുന്നില്ല, പിന്നെ പാപികളായ മനുഷ്യർക്കു വേണ്ടിയായിരുന്നു.

ഗ്രീക്ക് വേദപുസ്തകത്തിൽ, വാക്യം 10 ലെ “ക്രിസ്തു” എന്നതിനു മുൻപ് ഒരു ലേഖനബന്ധം കാണാം. വാക്യം 12 ലേതുപോലെ[60] പ്രത്യേക പോയിന്റ്

പറഞ്ഞശേഷം ആ ലേഖനബന്ധം ഔദ്യോഗിക പദവിയാണെന്ന് സാൽമൂദ് നിരീക്ഷിച്ചിരിക്കുന്നു.[61] ക്രിസ്തീയ കാലത്ത്, "ക്രിസ്തുവിൽ" പാപിയായ മനുഷ്യനെ തന്നിലേക്ക് നിരപ്പിക്കുക എന്നതായിരുന്നു ദൈവത്തിന്റെ മൊത്തത്തിലുള്ള ഉദ്ദേശം എന്നതാണ് ഈ വാക്യത്തിലെ പ്രത്യേകമായ പോയിന്റ്. മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുന്നത്, "വൈവിധ്യങ്ങളായ രണ്ട് മൂലകങ്ങളെ ഒന്നാക്കുക"[62] എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശം.

1:8-10-ൽ, ഇപ്പോൾ ക്രിസ്തീയ കാലം ആയതിനാൽ, ദൈവം തന്റെ മർമ്മം വെളിപ്പെടുത്തിയതായി പൗലൊസ് പറഞ്ഞു. ഈ കാലത്ത് പാപിയായ മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുന്നത് ക്രിസ്തുവാണ്; തന്റെ അടുക്കൽ വരുന്നവരെ ക്രിസ്തുവിൽ വിശുദ്ധരും വിശ്വസ്തരുമാകുവാൻ അനുവദിക്കുന്നതോടെ അവൻ ഭൂമിയിലുള്ളത് സ്വർഗത്തോട് നിരപ്പിക്കുകയാണ് ചെയ്യുന്നത്. യുഗങ്ങളോളം മർമ്മമായിരുന്നതും ഇപ്പോൾ വെളിപ്പെടുത്തിയതുമായ മർമ്മത്തിന്റെ ദൈവികമായ ഉദ്ദേശം അതാണ്.

## അവകാശം നൽകുന്നു (1:10-12)

**[10]അത് സ്വർഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നാക്കിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നെ. [11]അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചന പോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ടത് [12]മുമ്പിൽക്കൂട്ടി ക്രിസ്തുവിൽ ആശ വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്ക് ആകേണ്ടതിന്നു തന്നെ.**

ക്രിസ്തുവിൽ ആയവർ അനുഭവിക്കുന്ന ആത്മികാനുഗ്രഹങ്ങളുടെ ലിസ്റ്റു തുടർന്നു പൗലൊസ്, ക്രിസ്തുവിൽ ക്രിസ്ത്യാനികൾക്കുള്ള അവകാശത്തെ കുറിച്ച് പറയുന്നു.

**വാക്യങ്ങൾ 10, 11.** ദൈവത്തിന്റെ ഉദ്ദേശപ്രകാരമാണ്, ക്രിസ്തുവിൽ അവൻ നമ്മെ നിരപ്പിച്ചതെന്നാണ് പൗലൊസ് പറഞ്ഞത്. ക്രിസ്തുവിൽ ദൈവത്തോട് നിരന്നുകൊള്ളുന്നവർക്ക് "അവകാശവും ലഭിച്ചിരിക്കുന്നു" എന്നാണ് അപ്പൊസ്തലൻ പറയുന്നത്. അത് ആറാമത്തെ ആത്മികാനുഗ്രഹമാണ്. എൻഏഎസ്ബിയിൽ, "ക്രിസ്തുവിൽ" എന്നത് (വാക്യം 10 ന്റെ അവസാനം കാണാം) അത് വാക്യം 10 ലെ വാചകത്തിന്റെ ഭാഗമായി പറയുന്നതിനു പകരം, കെജെവി യിലെ പോലെ "അവകാശം" എന്നതു വാക്യം 11 ലാണ് പറഞ്ഞിരിക്കുന്നത്. ഈ ഭാഗത്തെ ഉപയോഗിച്ച് ക്രിസ്ത്യാനികൾക്ക് പ്രത്യേകമായ അവകാശം ഉണ്ട് എന്നു അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നു. **അവനിൽ** ("ഇൻ ഹും") ആണ് ആ പ്രത്യേകമായ അനുഗ്രഹമുള്ളത്.

ഗ്രീക്ക് ക്രിയ *എക്ലെരോതെമെൻ* തർജിമ ചെയ്തിരിക്കുന്ന **അവകാശം ലഭിച്ചിരിക്കുന്നു** എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആ വാക്ക് *ക്ലേരൂ* വിൽനിന്നു വന്നതും, അർത്ഥം, "ചീട്ടിടുക, ഭാഗം തീരുമാനിക്കുക"[63] എന്നും "ഒരു ഭാഗം *അനുവദിച്ചു*"[64] എന്നുമാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയ നിഷ്ക്രിയാവസ്ഥയിലായി, ഊന്നൽ കൊടുത്തിരിക്കുന്നത് "ചീട്ടിട്ടു നിയമിക്കുക"[65] എന്ന വിഷയമാണ് പ്രവർത്തിക്കുന്നത് എന്നത്രെ ലിങ്കൺ നിരീക്ഷിച്ചത്, അതുമായി ബന്ധപ്പെട്ട നാമം കൊലൊ. 1:12-ൽ ഉപയോഗിച്ചി

രിക്കുന്നു, അവിടെ വിശ്വാസികളെ "വെളിച്ചത്തിലുള്ള അവകാശത്തിനു" യോഗ്യരാക്കുന്നത് ദൈവമാണ്. സെപ്ത്വജിന്റിൽ (LXX)[66] സംഖ്യാപുസ്തകം 26:55, 56-ൽ, *ക്രേരോക്സ്* ഉപയോഗിച്ചിരിക്കുന്നത്, വാഗ്ദാന ദേശം യിസ്രാ യേലിലെ ഗോത്രങ്ങൾക്ക് ഓഹരി ഭാഗിച്ചു കൊടുക്കുന്ന സന്ദർഭത്തിലാണ്. കൂടാതെ LXX ൽ, ആവർത്തനപുസ്തകം 9:29 ലും 32:8, 9 ലും യിസ്രായേലിനെ ദൈവത്തിന്റെ "ഓഹരി" അല്ലെങ്കിൽ "അംശം" എന്നാണ് പറഞ്ഞിരിക്കുന്ന ത്. ആ നാമത്തിന്റെ അത്തരത്തിലുള്ള ഉപയോഗം നിമിത്തം എഫെ. 1:11 ലെ ക്രിയ "നാം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട അവകാശമാണ്" എന്നത്രേ വ്യാഖ്യാതാക്കൾ പറയുന്നത്. കൊലൊ. 1:12 പറയുന്നത് വിശ്വാസികളെ ചില അന്തിമ സ്ഥാനത്തിന് യോഗ്യതയുള്ളവരാക്കുന്നത് ദൈവമാണ്, എഫേസ്യ ലേഖനത്തിലെ ഈ വേദ ഭാഗം പറയുന്നത് ദൈവം ആ അന്തിമ സ്ഥാനം നി യമിച്ചിരിക്കുന്നു എന്നാണ്. ദൈവത്തിന്റെ മക്കളായ നാം, ദൈവത്തിന്റെ അവകാശികളായതുകൊണ്ട്, നാം ദൈവത്തിന്റെ അവകാശത്തിന് ഓഹരി ക്കാരായിരിക്കുന്നു എന്ന് വേദ ഭാഗം നമുക്കു കാണിച്ചു തരുന്നു. വാക്യം 12 ലേക്കു വരുമ്പോൾ നാം കാണുന്നത് ദൈവം നിയമിച്ച അവകാശത്തിനും, "അവന്റെ മഹത്വത്തിന്റെ പുകഴ്ചക്കുമായി" തീരുന്നു.

**വാക്യം 11.** തന്റെ സ്നേഹത്താലാണ് ദൈവം അവന്റെ ഉദ്ദേശം ആളുകളി ലേക്ക് എത്തിക്കുന്നത് (1:4). അവൻ "തന്റെ പ്രസാദത്താലും" (1:5, 9), അവന്റെ കൃപയാലും ആണ് (1:6-8). അവന്റെ മുൻനിർണയ തീരുമാനമനുസരിച്ച് ക്രിസ്തുവിൽ ഉള്ളവർക്ക് ദൈവത്തിന്റെ അവകാശമുണ്ട് (1:4, 5 നോക്കുക).

മൂന്നു വാക്കുകൾ കൂടുതൽ പരിശോധനക്ക് വിധേയമാക്കേണ്ടിയിരിക്കു ന്നു. ഒന്ന്, **ഉദ്ദേശം** (*പ്രോത്തെസിസ്*) എന്നത് "*പദ്ധതി, ഉദ്ദേശം, തീരുമാനം, ഇച്ഛ.*"[67] അത് ദൈവം നിശ്ചയിച്ച് രൂപപ്പെടുത്തിയതാണ്.[68] ക്രിസ്തുവിൽ വിശ്വ സ്തരായ ക്രിസ്ത്യാനികൾക്കുള്ളത് യാദൃശ്ചികമായി സംഭവിച്ചതല്ല, എന്നാൽ ദൈവത്തിന്റെ "നിത്യ പദ്ധതി" അനുസരിച്ചുണ്ടായതാണ്.

രണ്ടാമത്തെ വാക്ക്, *ബൗലേ* യിൽ നിന്നുള്ള **ആലോചന** ആണ്, "പ ര്യാലോചനയും പ്രതിഫലനവും; ന്യായാധിപ സഭയുടെ യോഗം," എന്നും പറയാം.[69] ക്രിസ്തുവിലുള്ള തന്റെ ഉദ്ദേശം ദൈവം യാദൃശ്ചികമായി നടപ്പാക്കി യതല്ല. അവൻ അത് "ആലോചനാ സഭയിൽ" കൊണ്ടുവന്നു. സഭ ആരംഭിച്ച ദിവസത്തിലെ പത്രൊസിന്റെ പ്രസംഗത്തിൽ (പ്രവൃ. 2:23), അപ്പോസ്തലൻ യേശുവിനെ ക്രൂശിലേൽപിക്കുന്നതിനെ കുറിച്ച് പറയുമ്പോൾ ആ വാക്ക് "മുൻനിർണയ പദ്ധതി" ആയി ഉപയോഗിച്ചിരിക്കുന്നു ("നിർണയിച്ച പദ്ധതി"; എൻകെജെവി; "നിർണയകരമായ പദ്ധതി"; എൻകെജെവി; "നിർണായകമായ ആലോചന"; എഎസ്സ്വി). സ്വർഗ്ഗീയ രംഗത്തെക്കുറിച്ച് നമുക്ക് ഊഹിക്കു വാനേ കഴിയു-ലോകമോ ഒരു മനുഷ്യനോ ഉണ്ടാകുന്നതിനു മുമ്പ്-പിതാ വും, പുത്രനും, പരിശുദ്ധാത്മാവും ഒരുമിച്ച് കൂടി വീണുപോയ മനുഷ്യരുടെ ജീവിതത്തിലെ പാപം ഒഴിവാക്കുവാൻ പദ്ധതിയാവിഷ്ക്കരിച്ചു. നഷ്ടപ്പെട്ട മനു ഷ്യരെ വീണ്ടെടുക്കുവാൻ ദൈവീകത്വത്തിലെ ഒരംഗം മറ്റാരും ജനിച്ചിട്ടില്ലാത്ത വിധത്തിൽ ലോകത്തിൽ ജനിക്കുവാനാണ്, മറ്റാരും അതുവരെയും ജീവിച്ചിട്ടി ല്ലാത്ത വിധത്തിൽ ജീവിക്കുവാനാണ്, മറ്റാരും അതുവരേയും മരിച്ചിട്ടില്ലാത്ത വിധത്തിൽ മരിക്കുവാനാണ് തീരുമാനിച്ചതു. ദൈവത്തിന്റെ പദ്ധതി ചിന്തിച്ചതും നിർണയിച്ചതും, പ്രതിഫലിപ്പിച്ചതുമാണ്; ആ തീരുമാനത്തിൽ പെട്ടതായിരുന്നു പുത്രൻ രക്ഷകനായി ലോകത്തിലേക്ക് വരിക എന്നത്. അവൻ പിതാവിന്റെ

ഇഷ്ടം ചെയ്യുവാൻ സന്തോഷത്തോടെ വന്നു, എന്നാൽ ആ പദ്ധതി വളരെ കാലം മുമ്പ് തീരുമാനിച്ചതായിരുന്നു. നഷ്ടപ്പെട്ടവരെ ക്രിസ്തുവിലേക്കും ദൈവത്തിന്റെ അവകാശത്തിലേക്കും കൊണ്ടുവരുന്ന പദ്ധതി, അല്ലെങ്കിൽ തീരുമാനം ആയിരുന്നു ആലോചന.

മൂന്നാമത്തെ വാക്ക് **ഹിതം** എന്നാണ്, അത് തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് നാമം *തെലേമാ.* ഈ വാക്ക്. പുതിയ നിയമത്തിൽ അറുപത് പ്രാവശ്യം കാണാം.[70] ചില ഒഴികഴിവുകൾ ഉണ്ടെങ്കിലും അത് തർജ്ജിമ ചെയ്തിരിക്കുന്ന "ഹിതം" ദൈവേഷ്ടത്തെയാണ് സൂചിപ്പിക്കുന്നത്. *ബൗലേ* എന്തെങ്കിലും ചെയ്യുവാനുള്ള തീരുമാനത്തെയാണ് കാണിക്കുന്നത്, *തെലേമാ* സൂചിപ്പിക്കുന്നത് നമ്മെ പ്രവൃത്തിക്കുവാൻ അപേക്ഷിക്കുന്ന മനസിനെയാണ്.[71] ദൈവത്തിന്റെ ഉദ്ദേശത്തിൽ, ദൈവം ചിന്തിച്ചതിലും, ആലോചിച്ചതിലും അവന്റെ ബുദ്ധിയെയാണ് *ബൗലേ*കൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവം തന്റെ സ്നേഹത്താൽ ലക്ഷ്യമിട്ടപ്പോൾ, അതിൽ ദൈവത്തിന്റെ വികാരവും അടങ്ങിയിരിക്കുന്നു (1:4). അവസാനം, ദൈവത്തിന്റെ ഇഷ്ടവും ഉൾപ്പെട്ടിരിക്കുന്നു, കാരണം ദൈവം തൻെറ പദ്ധതി ക്രിസ്തുവിലാണ് നടപ്പിലാക്കിയത് (*തെലേമാ*). റോമർ 8:28-ൽ പ്രപഞ്ചത്തിലും വീണ്ടെടുപ്പിലും ഉള്ള ദൈവത്തിന്റെ പരമാധികാരത്തെ ആണ് "എല്ലാം പ്രവർത്തിക്കുന്നത്" എന്ന് പൗലോസ് പറഞ്ഞിരിക്കുന്നത്. സഭയിലും ലോകത്തിലും സകലതും ചലിക്കുന്നത് ദൈവത്തിന്റെ ഉദ്ദേശവും, പദ്ധതിയും, മനുഷ്യരുടെ പ്രയോജനത്തിനും, അവന്റെ പുകഴ്ചക്കുമാണ് (ദാനി. 4:32 നോക്കുക).

**വാക്യം 12. ക്രിസ്തുവിൽ** ദൈവം നമുക്ക് ചെയ്തതെല്ലാം, നമുക്ക് **പ്രത്യാശ** ഉളവാകേണ്ടതിനത്രേ-അവന്റെ **തേജസിനും പുകഴ്ചക്കുമായി അവസാനത്തോളം** ആ പ്രത്യാശ നമ്മിൽ തരുന്നു. മുമ്പ്, "അവന്റെ കൃപയുടെ തേജസ്" പുകഴ്ത്തി പൗലോസ് പറഞ്ഞു (1:6). വീണ്ടെടുപ്പും, പാപ മോചനവും, ഉൾക്കാഴ്ചയും പ്രത്യാശയും ഉള്ളതുകൊണ്ട് നാം ദൈവത്തെ പുകഴ്ത്തുന്നു (1:7-10). നാം ദൈവത്തിന്റെ അവകാശമായതുകൊണ്ട് നമുക്ക് പ്രത്യാശയുണ്ട്.

"പ്രത്യാശ" എന്നത് *പ്രൊയെൽപിസോ,* വൂവെസ്റ്റ് അതിനെ നിർവ്വചിച്ചിരിക്കുന്നത് "മുൻകൂറായി പ്രത്യാശിക്കുക, ഒരു വ്യക്തിയിൽ പ്രത്യാശ നിക്ഷേപിക്കുക അല്ലെങ്കിൽ മുൻപുതന്നെ ഒരു സംഭവത്തെ ഉറപ്പിക്കുക."[72] അത് *എൽപിസോ*യോട് ചേർത്ത് *അനുകൂല*മായി നിശ്ചയിച്ചിരിക്കുന്നതും, സാധാരണ ഗ്രീക്ക് ക്രിയ "പ്രത്യാശക്ക്" ഉപയോഗിച്ചിരിക്കുന്നു എന്നാണ്. നമ്മുടെ വിശ്വാസം ഒരു വ്യക്തിയിലായതുകൊണ്ട്, നമുക്ക് "ക്രിസ്തുവിൽ പ്രത്യാശയുണ്ട്". നാം സുവിശേഷം അനുസരിച്ചതുകൊണ്ടാണ് "അവനിൽ" നമുക്കു പ്രത്യാശയുള്ളത്. "ക്രിസ്തുവിനോട് ചേരുവാൻ" സ്നാനമേൽക്കുമ്പോൾ (റോമർ 6:3), നാം "ക്രിസ്തുവിൽ" ജീവിച്ച് തുടങ്ങുന്നു, അവിടെ സകല ആത്മീകാനുഗ്രഹങ്ങളും കാണാം. എങ്ങനെയായാലും, ക്രിസ്തു എന്ന വ്യക്തിയിൽ നമുക്കുള്ള പ്രത്യാശയെയാണ് ആ വാക്യത്തിൽ പൗലൊസ് ഊന്നി പറയുന്നത്.

വാക്യം 12-ൽ ശ്രദ്ധിക്കേണ്ട മറ്റൊരു നിരീക്ഷണമാണ്, പൗലൊസ് "ക്രിസ്തുവിന്" മുമ്പ് ഉപയോഗിച്ച ഗ്രീക്ക് ആർട്ടിക്കിൾ, അവൻ, അവിടെ പറഞ്ഞിരിക്കുന്നത് "ക്രിസ്തു," അല്ലെങ്കിൽ "മശിഹ" എന്നാണ്. (എൻഎഎസ്സ്ബിയുടെ ചില പ്രിന്റിങ്ങുകളിലെ കുറിപ്പുകളിൽ കൊടുത്തിരിക്കുന്നതു പോലെ). "പ്രത്യാശ" എന്ന വാക്കിന്റെ അർത്ഥം, "മുൻകൂറായി പ്രത്യാശിക്കുക"

എന്നാകയാൽ, ചില വ്യാഖ്യാതാക്കൾ ഈ വാക്യത്തെ എടുത്ത് ക്രിസ്തുവിന്റെ വരവിനായി മുൻകൂട്ടി പൗലൊസ് ഇതെഴുതിയ സമയത്തുപോലും യെഹൂദ ക്രിസ്ത്യാനികൾ കാത്തിരുന്നതായി പറയുന്നു. അതുകൊണ്ട് ഈ കാഴ്ചപ്പാട് പ്രകാരം, "മശിഹ" യുടെ വരവിനായി കാത്തിരിക്കാതിരുന്ന ജാതികളായ വിശ്വാസികൾ അവരിൽനിന്നും വ്യത്യസ്തരായിരുന്നു എന്നു കാണാം. സൽമൂദ്, വുവെസ്റ്റ്. വിൻസെന്റ്[73] തുടങ്ങിയ വ്യാഖ്യാതാക്കൾ പറയുന്നത് പൗലോസിനേയും യെഹൂദ വിശ്വാസികളേയും ഉൾപ്പെടുത്തിയാണ്, "ക്രിസ്തുവിലുള്ള പ്രത്യാശക്കായി" **ആദ്യം നമ്മെ** എന്നു രേഖപ്പെടുത്തിയത്, ജാതികളിൽ നിന്നും ക്രിസ്ത്യാനികളായവരെ ഉദ്ദേശിച്ചാണ് വാക്യം 13 ലെ, "നിങ്ങൾ" *ഹൂമെയ്സ്* എന്ന് ഉപയോഗിച്ചിരിക്കുന്നത്.

ഈ തീർപ്പിനെ ന്യായീകരിക്കുന്നതാണോ "ഞങ്ങൾക്ക്" എന്ന വ്യക്തിപരമായ സർവ്വ നാമമായ "ക്രിസ്തു" എന്ന വാക്കിന് മുമ്പ് ഗ്രീക്ക് ആർട്ടിക്കിൾ ഉപയോഗിച്ചത്? ഒരുപക്ഷെ അല്ലായിരിക്കാം. ഒന്നാമത്, പൗലൊസ് ഉപയോഗിച്ച "നാം" എന്നും "നമുക്ക്" എന്നും ഈ അദ്ധ്യായത്തിൽ 14 വാക്യങ്ങളിലും പറയുന്നത് ക്രിസ്ത്യാനികളെയാണ്. രണ്ടാമത്, യിസ്രായേലിന്റെ മശിഹയിലുള്ള പ്രത്യാശ ഭൗതികമായിരുന്നതുകൊണ്ട് (ആളുകൾ പ്രതീക്ഷിച്ചിരുന്നത് രാഷ്ട്രീയ മശിഹയെയായിരുന്നു). ഈ പ്രത്യാശ "അവന്റെ മഹത്വത്തിന്റെ പുകഴ്ചക്കുള്ളത്" ആയിരുന്നില്ല. മൂന്നാമത് തിരുവെഴുത്തിലെ ഈ വേദഭാഗം ക്രിസ്തുവിലുള്ള അനുഗ്രഹങ്ങളെക്കുറിച്ചായതുകൊണ്ട് പെട്ടെന്ന് പൗലൊസ് വിഷയം മാറ്റി ക്രിസ്ത്യാനി ആകുന്നതിനു മുമ്പുള്ള കാഴ്ചപ്പാടിനെ എടുക്കുന്നു എന്നു പറയുവാൻ ബുദ്ധിമുട്ടുണ്ട്. നാലാമത്, "ക്രിസ്തു" എന്നതിനു മുമ്പ് ആർട്ടിക്കിൾ ഉപയോഗിക്കുന്നത് തിരുവെഴുത്തിൽ സാധാരണയാണ്. ആ യോജിപ്പ് എഫേസ്യ ലേഖനത്തിൽ മാത്രം പറഞ്ഞിരിക്കുന്നത് പ്രത്യേക കാഴ്ചപ്പാടിൽ കാണേണ്ടതില്ല. അഞ്ചാമത്, ക്രിസ്ത്യാനി അവകാശമാക്കുന്ന ക്രിസ്തുവിലുള്ള മുഴുവൻ പ്രത്യാശയേയും കുറിച്ചാണ് പൗലൊസ് താഴെയുള്ള വാക്കുകളിൽ പറയുന്നത്. അതുകൊണ്ട്, ഈ യുഗാവസാനത്തിൽ ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ, ഓരോ ക്രിസ്ത്യാനിക്കും ലഭിക്കുവാനിരിക്കുന്ന ക്രിസ്തുവിന്റെ വാഗ്ദാനങ്ങളാണ് "ആദ്യം ക്രിസ്തുവിൽ പ്രത്യാശവെച്ചിരുന്നവർ" എന്ന് ലെൻസ്കീ, ലിങ്കണും,[74] മറ്റു എഴുത്തുകാരും പറഞ്ഞതിനോട് നമുക്കും യോജിക്കാം.

## ക്രിസ്തുവിൽ മുദ്രവെക്കുന്നു (1:13, 14)

**[13]അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യ വചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ട്, [14]തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.**

**വാക്യങ്ങൾ 13, 14.** വാക്യം 10 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ "അവനിൽ" എന്നും "ഞങ്ങൾ" എന്നും പറഞ്ഞിരിക്കുന്നത് ഈ വാക്യങ്ങളിലെ ആമുഖമായി നമുക്ക് നോക്കാം. എഫെസൊസിലുള്ള എല്ലാ ക്രിസ്ത്യാനികളെയും ഉൾപ്പെടുത്തിയാണ് പൗലൊസ് പറഞ്ഞ വാക്കുകൾ ശക്തിപ്പെടുത്തുന്നത്.

വാക്യം 12 ലെ “ഞങ്ങൾ” എന്നു പറഞ്ഞിരിക്കുന്നത് യെഹൂദക്രിസ്ത്യാനികളാണെന്നും, വാക്യം 13 ലെ “നിങ്ങൾ” എന്നു പറയുന്നത് ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളാണെങ്കിൽ, നാം തീർച്ചപ്പെടുത്തുന്നത് യെഹൂദ ക്രിസ്ത്യാനികളെ മുദ്രയിട്ടിട്ടില്ല എന്നാണോ? അങ്ങനെ ഒരു തീർപ്പിലെത്തുവാൻ നമുക്ക് സാധ്യമല്ല, കാരണം മുദ്രയിടുന്ന ആത്മികാനുഗ്രഹങ്ങളിൽ ഒന്ന് വിശ്വസ്തരായ, വിശുദ്ധന്മാരായ എല്ലാവർക്കുമുള്ളതാണ്. മറിച്ച്, അവൻ തന്നെയും തന്റെ സുവിശേഷ പ്രസംഗം കേൾക്കുന്നവരെയും ഉദ്ദേശിച്ചാണ് “നാം” എന്നു പൗലൊസ് ഉപയോഗിച്ചിരിക്കുന്നത്. പൗലൊസ് എഫെസൊസിൽ എത്തിയപ്പോൾ, അവൻ കേൾക്കുകയും, വിശ്വസിക്കുകയും, മുദ്രയിടപ്പെടുകയും ചെയ്തിരുന്നു. “നാം” എന്നതിൽനിന്ന് “നിങ്ങൾ” എന്നു മാറ്റി ഉപയോഗിച്ചപ്പോൾ പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത് അതായിരിക്കും.

വാക്യം 14-ൽ, “നമ്മുടെ” എന്നു പറഞ്ഞു എഫെസ്യരിലും, തന്നിലും സുവിശേഷം വരുത്തിയ മാറ്റത്തെയാണ് പറയുന്നത്, താനും വായനക്കാരും ഒരുപോലെ അതിന്റെ ഗുണഭോക്താക്കളാണെന്ന് കാണിക്കുന്നു.

“അവനിൽ” എന്നത് അക്ഷരികമായി അർത്ഥമാക്കുന്നത് “ആരിലെങ്കിലും” എന്നാണ്-*എൻ ഔടായി* എന്നതിനു പകരം *എൻ ഹോയി* എന്നാണ് എൻഏഎസ്ബിയുടെ ചില പകർപ്പുകളിൽ അത് കുറിപ്പായി കൊടുത്തിരിക്കുന്നത്. “അവനിൽ മുദ്രയിട്ടിരിക്കുന്നു” എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? അവസാനത്തെ ഈ അനുഗ്രഹത്തെ നാം നോക്കുന്നതിനു മുൻപ്, നമുക്ക് ഒരു ചോദ്യം പരിശോധിക്കാം: വാക്യം 13-ൽ “അവനിൽ” എന്ന വാക്ക് ആവർത്തിച്ചു പറയുവാൻ കാരണമെന്താണ്? പൗലൊസ് പരിശുദ്ധാത്മാവിനാലുള്ള മുദ്രയെ കുറിച്ചു പറയുവാൻ പോകുന്നു എന്നതാണ് സാധ്യതയുള്ള ഒരു വിശദീകരണം. മുദ്രയിട്ടതിനു മുൻപ് സംഭവിക്കുവാനുള്ള രണ്ട് കാര്യങ്ങളെ കുറിച്ച് പറയുവാനിരിക്കുന്നു. ഒന്നാമത് *അവർ സുവിശേഷം കേട്ടു*, രണ്ടാമത്, *അവർ വിശ്വസിച്ചു*. ഫലത്തിൽ പൗലൊസ് പറഞ്ഞു, “സുവിശേഷം കേട്ട്, വിശ്വസിച്ചതിനാൽ, നിങ്ങളെ മുദ്രയിട്ടിരിക്കുന്നു.” വാക്യത്തിന്റെ അർത്ഥം, “അവനിൽ-നിങ്ങൾ സത്യ സന്ദേശം ശ്രദ്ധിച്ച്, രക്ഷയുടെ സുവിശേഷം വിശ്വസിച്ചതിനാൽ-നിങ്ങളെ മുദ്രയിട്ടിരിക്കുന്നു.” എൻഏഎസ്ബിയിലെ കുറിപ്പിൽ, “വിശ്വസിച്ചു” എന്നതിനോട് “അവനിൽ” എന്നു ചേർത്തിരിക്കുന്നു, തൽഫലമായി വായിക്കുന്നത്, “അവനിൽ വിശ്വസിച്ചു” എന്നാണ്. “വിശ്വസിച്ചു” എന്നത് ക്രിസ്തുവിന്റെ സന്ദേശത്തോട് നന്നായി ചേർത്തിരിക്കുകയാണ്, എഫെസ്യർ അതു കേട്ടതാണ്. അവർ സുവിശേഷം കേട്ട് വിശ്വസിച്ചവരായിരുന്നു, ആ കേൾവിയും വിശ്വാസവും മുദ്രയിടലിലേക്ക് നയിച്ചു.

പരിശുദ്ധാത്മാവിനെ **വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവ്** എന്നാണ് വാക്യം 13-ൽ പറഞ്ഞിരിക്കുന്നത്, അത് പ്രവൃത്തികൾ 2:38, 39 ലെ വാഗ്ദാനത്തെയാണ് ഓർപ്പിക്കുന്നത്. അവിടെ പത്രൊസ് പറഞ്ഞു,

> പത്രൊസ് അവരോട്, നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ; എന്നാൽ *പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ* എന്നു പറഞ്ഞു (എംഫസിസ് ആഡഡ്).

മാനസാന്തരപ്പെട്ട് സ്നാനമേൽക്കുന്ന വിശ്വാസികൾക്ക് രണ്ട് വാഗ്ദാനങ്ങൾ ഉള്ളതായി ഈ വാക്യം പറയുന്നു: പാപങ്ങളുടെ മോചനവും പരിശുദ്ധാത്മാവ് എന്ന ദാനവും. "തന്നെ അനുസരിക്കുന്നവർക്കാണ് ദൈവം തന്റെ പരിശുദ്ധാത്മാവിനെ നൽകുന്നതെന്ന്" ഒരു സമാന്തര വേദഭാഗത്ത് പത്രൊസ് പറഞ്ഞിരിക്കുന്നു (പ്രവൃ. 5:32). പൗലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് എഴുതുമ്പോൾ ആ ദാനത്തെ കൂടുതൽ വിശദീകരിക്കയുണ്ടായി. "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാണ് നിങ്ങളുടെ ശരീരം" (1 കൊ. 6:19). ആത്മാവ് തന്നെയാണ് ആ വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന പരിശുദ്ധാത്മ ദാനം, ആ ആത്മാവാണ് ക്രിസ്ത്യാനിയുടെ ശരീരത്തിൽ വസിക്കുന്നത്. അത് അപ്പൊസ്തലന്മാർക്ക് അനുഭവപ്പെട്ട പരിശുദ്ധാത്മാവിലുള്ള സ്നാനമല്ല (പ്രവൃ. 1:4-8) അതിനാൽ അവർക്ക് അത്ഭുതങ്ങൾ നടത്തുവാനും, അത്ഭുത വരങ്ങൾ പകർന്നു കൊടുപ്പാനും കഴിഞ്ഞിരുന്നു; എന്നാൽ ഈ ദാനം പ്രവൃത്തികൾ 2-ൽ വിശ്വസിച്ച് സ്നാനം ഏറ്റവർക്ക് ലഭിച്ചതുപോലെ സുവിശേഷം അനുസരിക്കുന്ന എല്ലാവർക്കും ദാനമായി ലഭിക്കും.

ക്രിസ്ത്യാനിക്ക് ഈ "പരിശുദ്ധാത്മാവ് എന്ന ദാനം" എന്താണ് അർത്ഥമാക്കുന്നത്? അതിനുള്ള ഉത്തരം, റോമർ 8:26, 27 ലും, ഗലാത്യർ 5:22, 23 ലും, എഫെസ്യർ 3:16 ലും, ഇപ്പോഴത്തെ നമ്മുടെ വേദഭാഗമായ 1:13, 14 ലും കാണാം. എങ്ങനെയായാലും, എല്ലാവരുടേയും തൃപ്തിക്കല്ല തിരുവെഴുത്ത് നൽകിയിരിക്കുന്നത് എന്ന കാര്യം നാം ഓർമ്മിക്കണം. പൗലൊസ് നമ്മെ ഓർപ്പിക്കുന്നു, "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ, അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു" (റോമ. 11:33).

മനസിലാകുന്ന ഭാഷയിലാണ് പൗലൊസ് **വിശ്വസിച്ചു** എന്നു പറഞ്ഞിരിക്കുന്നത്, അതിൽ അനുസരണവും ഉൾപ്പെട്ടിരിക്കുന്നു. ഈ വേദഭാഗത്ത്, അവൻ പറയുന്നത്, "വിശ്വസിച്ചവരെ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനിൽ **മുദ്രയിട്ടിരിക്കുന്നു**" എന്നാണ്. എന്നാൽ സുവിശേഷം അനുസരിക്കാതെ, പരിശുദ്ധാത്മ ദാനമോ, പരിശുദ്ധാത്മാവിനാലുള്ള മുദ്രയോ ലഭിക്കുകയില്ല (പ്രവൃ. 2:37-40 നോക്കുക).

വാക്യം 13 ലെ **സന്ദേശം**, *ലോഗോസ്* സാധാരണ "വചനം" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്. നമ്മുടെ ചിന്തകളെ പ്രകടിപ്പിക്കുന്ന ആശയവിനിമയ വാഹനങ്ങളാണ് വചനങ്ങൾ. യോഹന്നാൻ ക്രിസ്തുവിനെ "വചനം" എന്നാണ് വിളിച്ചത് (യോഹ. 1:1, 14) കാരണം വചനമാണ് ദൈവത്തിന്റെ സ്വഭാവത്തെ ആശയവിനിമയം നടത്തിയിരിക്കുന്നതും (യോഹ. 1:18) അവന്റെ ദിവ്യഹിതം ക്രിസ്തു മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നതും (എബ്രാ. 1:1, 2). **സത്യ**സന്ദേശം എന്നു പറയുന്നത് എഫെസ്യരോട് പ്രസംഗിച്ച വചനം ആയിരുന്നു, അതായിരുന്നു "സത്യം." "സത്യം" എന്നതിന്റെ ഗ്രീക്ക് നാമം, *അലേതേയിയാ*, അർത്ഥം, "ദൈവിക യാഥാർത്ഥ്യം"[75] എന്നാണ്. തീർച്ചയായും, "സത്യം, യാഥാർത്ഥ്യം, തീർച്ചയുള്ളതാണ്."[76] ദൈവത്തെ കുറിച്ചും, ക്രിസ്തുവിനെ കുറിച്ചും, മനുഷ്യരെ കുറിച്ചും, രക്ഷയെ കുറിച്ചുമുള്ള ദൈവിക യാഥാർത്ഥ്യമാണ് സത്യം. യേശു പറഞ്ഞു, "നിന്റെ വചനം സത്യമാകുന്നു" (യോഹ. 17:17). മനുഷ്യരുടെ ഭാഗത്ത് വിശ്വാസം ഉണ്ടാകേണ്ടതിനാണ് സത്യവചനം രൂപപ്പെടുത്തിയത് (റോമ. 10:17). **നിങ്ങളുടെ രക്ഷയുടെ** "സുവാർത്ത," അല്ലെങ്കിൽ **സുവിശേഷം** ആണ് "സത്യ സന്ദേശം."[77] പുതിയ നിയമത്തിൽ

“സുവിശേഷം” പാപത്തിൽനിന്നുള്ള രക്ഷയുമായി ബന്ധിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട്, സന്ദേശം സുവിശേഷമാണ്, ആ സുവിശേഷ സത്യം രക്ഷയിലേക്ക് വിരൽ ചൂണ്ടുന്നു. സത്യം-സുവിശേഷം-എന്നത് എല്ലായ്പോഴും ദൈവവചനമായി സ്വീകരിക്കയും (1 തെസ്സ. 2:13), വിശ്വസിക്കുകയും (2 തെസ്സ. 2:12 നോക്കുക), സ്നേഹിക്കുകയും (2 തെസ്സ. 2:10), അനുസരിക്കുകയും വേണം (1 പത്രൊ. 1:22). ഈ സന്ദേശം ആണ് സ്വീകരിക്കുന്ന ഏവർക്കും “രക്ഷക്കുള്ള ദൈവശക്തി” (റോമർ 1:16).

എഫെസ്യർ സുവിശേഷം കേട്ട് വിശ്വസിച്ചപ്പോൾ, അവരെ “പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടു.” ഈ അനുഗ്രഹത്തിന്റെ പ്രാധാന്യം എന്താണ്? *സ്ഫ്രാജിസോ* എന്ന ക്രിയയിൽനിന്നാണ് “മുദ്രയിട്ടു” എന്ന വാക്ക് ലഭിച്ചത്, അത് ഉപയോഗിച്ചിരിക്കുന്നത് അയോറിസ്റ്റ് പാസിവ് ടെൻസിലാണ്, അതിനർത്ഥം ദൈവം അത് ഒരിക്കൽ എന്നേക്കുമായി ചെയ്യുന്നു എന്നാണ്.[78] ചില അപ്പൊസ്തോലിക പിതാക്കന്മാർ (“പുരാതന സഭയിലെ എഴുത്തുകാരെ അപ്പൊസ്തൊലിക പണ്ഡിതന്മാർ എന്നു വിശേഷിപ്പിച്ച്, സാധാരണ അങ്ങനെ കരുതപ്പെട്ടിരുന്നു”) പറഞ്ഞിരുന്നത് സ്നാനം ഒരു മുദ്രയാണ് എന്നത്രെ.[79] ആക്കൂട്ടത്തിൽ പെട്ടവരായിരുന്നു ക്ലെമെന്റ് ഓഫ് അലെക്സാണ്ഡ്രിയയും (സി. ഏ. ഡി. 150–215), ഷെഫേർഡ് ഓഫ് ഹെർമാസും (സി. ഏ. ഡി. 110–140 ലെ എഴുത്തുകളിൽ), സ്നാനം ഏൽക്കുമ്പോൾ, ദൈവം നൽകുന്ന പരിശുദ്ധാത്മാവ് എന്ന ദാനത്താൽ നമ്മെ മുദ്രയിടുന്നു എന്നു വിശ്വസിച്ചിരുന്നു.[80] സ്നാനം വാസ്തവത്തിൽ ഒരു മുദ്രയാണെന്ന് അവർ വിശ്വസിച്ചിരുന്നു എങ്കിൽ അവരുടെ തീർപ്പ് സംശയാസ്പദമാകുമായിരുന്നു, കാരണം പൗലൊസ് പറഞ്ഞത് എഫെസ്യർ വിശ്വസിക്കുകയും, സ്നാനമേൽക്കുകയും മുദ്രയിടപ്പെടുകയും ചെയ്തു എന്നാണ്. മുദ്രയിടുന്നത്, സ്നാനത്തിനോ, പാപമോചനത്തിനോ, പരിശുദ്ധാത്മാവ് എന്ന ദാനത്തിനോ തുല്യമല്ല. ആ ആശയങ്ങളെല്ലാം ബന്ധപ്പെട്ടിരിക്കുകയാണ്, പക്ഷെ അവയെല്ലാം ഒന്നല്ല. ഈ വേദഭാഗത്ത് “വിശ്വസിച്ചു” എന്നു പറയുന്നത് ഒരു കാര്യം, “വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവ്” എന്നു പറയുന്നത് മറ്റൊരു കാര്യം, “മുദ്രയിട്ടു” എന്നു പറയുന്നത് വേറൊരു കാര്യം.

മാനസാന്തരം, സ്നാനം, പാപമോചനം, പരിശുദ്ധാത്മാവ് എന്ന ദാനം എന്നിവ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ ഒരു ക്രിസ്ത്യാനിയെ മുദ്രയിടുന്നത്. ആ ദാനം ഒരു അച്ചാരമാണ്. അച്ചാരം മുദ്രയല്ല, പരിശുദ്ധാത്മാവാണ് **അച്ചാരമായി തന്നിരിക്കുന്നത്** (1:14). ഈ വസ്തുത പൗലൊസ് 2 കൊരിന്ത്യർ 1:21, 22-ൽ പഠിപ്പിച്ചിരിക്കുന്നു, അവൻ അവിടെ പറയുന്നു, “ഞങ്ങളെ നിങ്ങളോടു കൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലൊ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു” അവൻ പിന്നെയും പറഞ്ഞു, “അതിന്നായി ഞങ്ങളെ ഒരുക്കിയത് ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവം തന്നെ” (2 കൊ. 5:5). *അരാബോൺ* എന്ന വാക്ക് തർജിമ ചെയ്തതാണ് “അച്ചാരം.” “വില ഉറപ്പിക്കുന്നതിന് ... അതിന്റെ ഒരു ഭാഗം മുൻകൂറായി നൽകുന്നതിനെയാണ് അച്ചാരം എന്നു നിർവ്വചിച്ചിരിക്കുന്നത്.”[81] സ്വർഗത്തിൽ നാം ഭാവിയിൽ തേജസ്ക്കരിക്കപ്പെടുമ്പോൾ, നിത്യമായ **അവകാശം നമുക്ക്** നൽകുമെന്ന ഉറപ്പാണ് ക്രിസ്ത്യാനികൾക്ക് ദൈവം തന്നിരിക്കുന്ന പരിശുദ്ധാത്മാവ് എന്ന് ആലങ്കാരികമായി പൗലൊസ്

പറയുന്നു (4:30; റോമർ 8:23 നോക്കുക).

വാക്യം 14-ൽ, വിശുദ്ധന്മാരെ മുഴുവൻ വീണ്ടെടുപ്പിന്റേയും അച്ചാരമായി പരിശുദ്ധാത്മാവിനാൽ മുദ്രയിടുന്നതിന്റെ രണ്ട് കാരണങ്ങൾ പൗലൊസ് പറയുന്നു. ഒന്ന്, ദൈവം **വീണ്ടെടുത്ത് തന്റെ സ്വന്ത അവകാശമാക്കി എന്ന കാഴ്ച്ചപ്പാടാണ്** ക്രിസ്ത്യാനികൾക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവ്. അതിനർത്ഥം, "വീണ്ടെടുപ്പിന്റെ അവകാശം" എന്നാണ്. ശരിയായ അർത്ഥം നമുക്ക് മനസിലാക്കി തരുവാൻ തർജിമക്കാർ ചരിച്ചെഴുതിയിരിക്കുകയാണ്, "ദൈവത്തിന്റെ സ്വന്തം," എന്ന പ്രയോഗം. ഈ കാര്യത്തിൽ തർജിമക്കാർ ശരിയാണ്, കാരണം ദൈവത്തിന്റെ സ്വന്തം എന്നതു പരിഗണിക്കേണ്ടതു തന്നെയാണ്. "വീണ്ടെടുപ്പ്" എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് നാമം (*അപോലുട്രോസിസ്*) ദൈവത്തിന്റെ പ്രവൃത്തികളെ സൂചിപ്പിച്ച് പുതിയ നിയമത്തിൽ മറ്റു അഞ്ചു സ്ഥലങ്ങളിൽ കൂടെ കാണാം.

വീണ്ടെടുപ്പിന്റേയും "കൈവശത്തിന്റേയും"[82] ഉപജ്ഞാതാവ് ദൈവമാണ്. പഴയ നിയമത്തിൽ ദൈവജനത്തെ അവൻ പ്രത്യേക സമ്പത്തായി പറഞ്ഞിരുന്നു (പുറ. 19:5; ആവ. 14:2), പുതിയ നിയമത്തിലും അതു പറഞ്ഞിരിക്കുന്നു (1 പത്രൊ. 2:9; കൂടാതെ പ്രവൃ. 20:28 നോക്കുക). വാക്യം 14 ലും, എഫെസ്യർ 4:30 ലും, പൗലൊസിന്റെ മനസിൽ ഭാവി അനുഗ്രഹമാണുണ്ടായിരുന്നത്. അതുകൊണ്ട്, അവസാന വിടുതലും, വീണ്ടെടുപ്പും അർത്ഥമാക്കുന്നത് "അവന്റേതായി തീർന്ന സമ്പത്ത് പൂർത്തിയാക്കുകയാണ്."[83]

**തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായി** എന്നതാണ് വിശുദ്ധന്മാരെ പരിശുദ്ധാത്മാവിനാൽ മുദ്രയിടുന്നതിന്റെ രണ്ടാമത്തെ കാരണം. ഇതേ ഉദ്ദേശമാണ് വാക്യം 6 ലും 12 ലും പറഞ്ഞിരിക്കുന്നത്. ദൈവപദ്ധതിയുടെ അവസാന നിറവേറൽ, ഇവിടെ പറഞ്ഞിരിക്കുന്നതുപോലെ, എല്ലാ ക്രിസ്ത്യാനികളും പുകഴ്ത്തിക്കൊണ്ട് പ്രതികരിക്കണം.

### കുടുതൽ പഠനത്തിന്: "മുദ്രയിടൽ" സന്ദർഭം (1:13)

മുദ്രയിടൽ ആശയം ബൈബിളിൽ എങ്ങനെയാണ് ഉപയോഗിച്ചിരിക്കുന്നത്? (1) ഒരു കാര്യം വാസ്തവമാണെന്ന് തെളിയിക്കുന്നതായിരുന്നു രാജാവിന്റെ മുദ്ര (എസ്. 3:12; 1 രാജാ. 21:8). ക്രിസ്ത്യാനികളെ മുദ്രയിടുമ്പോൾ, അവർ ദൈവമക്കളാണെന്ന വസ്തുത കാണിക്കുകയാണ്. അവർ വെറുതെ ദൈവമക്കളെന്ന് അവകാശപ്പെടുകയല്ല, വാസ്തവത്തിൽ അവർ ദൈവമക്കളാണ്. യോഹന്നാൻ പറഞ്ഞു, "പ്രിയരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു" (1 യോഹ. 3:2).

(2) മുദ്ര ഭദ്രതയെ ആണ് കാണിക്കുന്നത്. ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ ഇട്ടപ്പോൾ, ആ ഗുഹ കല്ല് വെച്ച് രാജാവിന്റെ മുദ്രമോതിരത്താൽ ഔദ്യോഗികമായി മുദ്രയിട്ടിരുന്നു (ദാനി. 6:17). അതുപോലെ യേശുവിന്റെ കല്ലറയും കല്ല് ഉരുട്ടി വെച്ച് മുദ്രയിട്ടിരുന്നു (മത്താ. 27:62-66). ക്രിസ്ത്യാനികളെ ഭദ്രതക്കായിട്ടാണ് മുദ്രയിടുന്നത്. "അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ" ദൈവ മക്കളെ കാത്തുകൊള്ളുമെന്നാണ് പത്രൊസ് പറഞ്ഞത് (1 പത്രൊ. 1:5). ദൈവത്തെ ശ്രദ്ധവെച്ച് കേട്ട്, വിശ്വാസത്താൽ ക്രിസ്തുവിനെ അനുഗമിച്ച് ക്രിസ്ത്യാനികൾ

അവനോട് സഹകരിക്കുമ്പോഴാണ് ആ ഭദ്രത ലഭിക്കുന്നത് (യോഹ. 10:28, 29).

(3) മുദ്ര ഉടമസ്ഥാവകാശത്തെയാണ് കാണിക്കുന്നത്. 2 തിമൊഥെയൊസ് 2:18, 19-ൽ, വിശ്വസ്തരായ ക്രിസ്ത്യാനികൾ സത്യത്തെ മുറുകെ പിടിച്ചാൽ അവർ വിശ്വാസത്തിൽനിന്ന് ഇളകുകയില്ല എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. അവർക്ക് ഈ മുദ്രയുണ്ട് എന്നും അവൻ പറഞ്ഞു: "കർത്താവ് അവനുള്ളവരെ അറിയുന്നു"; "ദൈവം മുദ്രയിട്ടിരിക്കുന്നത്, ദൈവത്തിന്റെ ഉറപ്പുള്ള അടിസ്ഥാനത്തെയാണ് കാണിക്കുന്നത്."[84] "ഉടമസ്ഥാവകാശം സൂചിപ്പിച്ച് എഴുത്ത് പരിശീലനത്തിന്റെ ..."[85] അടിസ്ഥാനത്തിലാണ് പൗലൊസ് പറഞ്ഞിരിക്കുന്ന രൂപകാലങ്കാരം. വെളി. 7:3-8-ൽ പറഞ്ഞിരിക്കുന്ന മുദ്ര ദൈവത്തിന്റെ ഉടമസ്ഥാവകാശം ഊന്നി പറയുന്നതാണ്. *വാസ്തവത്തിൽ, ക്രിസ്ത്യാനികൾ ദൈവത്തിനുള്ളവരാണ്.*

(4) ഒരു പ്രവൃത്തി പൂർത്തിയാക്കിയതിനെ കാണിക്കുന്നതാണ് മുദ്ര. യിരെമ്യാവ് 32:9-14-ൽ പ്രവാചകൻ ഒരു നിലം വാങ്ങി. അതിനു വില കൊടുത്ത ശേഷം, അവൻ ആധാരത്തിൽ ഒപ്പും മുദ്രയും വെച്ചു, വിൽപനയുടെ നിബന്ധനകൾ പൂർത്തിയാക്കിയെന്നു തെളിയിക്കുന്നു. അതുപോലെ, *ക്രിസ്ത്യാനികളെ മുദ്രയിട്ടത് തെളിയിക്കുന്നത്, ക്രിസ്തുവിന്റെ ക്രൂശിലെ മരണത്താലും അവർ സുവിശേഷം അനുസരിച്ചതിനാലും, പാപത്തിൽനിന്നുള്ള നമ്മുടെ വീണ്ടെടുപ്പ് പൂർത്തിയാക്കി എന്നാണ്.*

(5) മുദ്ര ഒരു അടയാളം ആയിരിക്കാം. റോമർ 4:11-ൽ, പൗലൊസ് പറയുന്നത് "അഗ്രചർമ്മത്തിൽ വെച്ച് ഉണ്ടായിരുന്ന വിശ്വാസ നീതിക്ക് മുദ്രയായി പരിഛേദന എന്ന അടയാളം അബ്രഹാമിന്നു ലഭിച്ചു എന്നാണ് ..." അബ്രഹാമിന്റെ നീതിക്ക് മുദ്രയായിരുന്നു പരിഛേദന എന്ന അടയാളം. സ്നാനം ഒരു അടയാളവും നീതിയുടെ മുദ്രയുമാണെന്ന് ചില വ്യാഖ്യാതാക്കൾ വിലയിരുത്തുന്നു. കൊലൊ. 2:11-13 ആണ് അവർ ഉദ്ധരിക്കുന്നത്, അവിടെ പരിഛേദനയും സ്നാനവും തമ്മിലുള്ള പരസ്പരബന്ധത്തെയാണ് പൗലൊസ് കാണിക്കുന്നത്. അബ്രഹാമിനെ ദൈവം നീതിമാനായി പ്രഖ്യാപിച്ച ശേഷമാണ് അവനു പരിഛേദനയുടെ അടയാളം ലഭിച്ചത്, അതിനാൽ മുദ്രയെ സംബന്ധിച്ച് കൂടുതൽ ചിന്തിക്കേണ്ടതില്ല. എന്നാൽ സ്നാനം വരുന്നത് പാപമോചനം ലഭിക്കുന്നതിനും ദൈവവുമായി നിരപ്പിലെത്തുന്നതിനും മുൻപാണ് (പ്രവൃ. 2:38). കൂടാതെ, പരിശുദ്ധാത്മാവിനാലുള്ള മുദ്ര ക്രിസ്ത്യാനികൾക്ക് നൽകുന്നതാണ്, എന്നാൽ സ്നാനം നാം ഏൽക്കുന്നതാണ്. എങ്ങനെയായാലും, ക്രിസ്ത്യാനികളെ മുദ്ര വെക്കുന്നത് അവർ വാസ്തവത്തിലുള്ള, ഭദ്രതയുള്ള, വീണ്ടെടുപ്പ് പൂർത്തിയാക്കി ദൈവത്തിനുള്ളവരാണെന്നു ഉറപ്പിക്കുകയാണ്.

## പ്രായോഗികത

### "ഞാൻ അനുഗ്രഹിക്കപ്പെട്ടു!" (1:3)

"സുഖമാണോ?" എന്ന ചോദ്യത്തിന് എന്റെ ഒരു സ്നേഹിതൻ എല്ലായ്പോഴും മറുപടി പറയുന്നത് "ഞാൻ അനുഗ്രഹിക്കപ്പെട്ടു!" എന്നാണ്. അദ്ദേഹം പറയുന്നത് ശരിയാണ്. അദ്ദേഹം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നതുപോലെ നാമും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

ദൈവം നമ്മെ എല്ലാവരേയും ഭൗമികമായി സമൃദ്ധമായി അനുഗ്രഹിച്ചിരിക്കുകയാണ് (മത്താ. 5:45; യാക്കൊ. 1:17). എങ്ങനെയായാലും, തന്റെ

മക്കൾക്ക് ദൈവം "ക്രിസ്തുവിൽ" കൂടുതൽ അനുഗ്രഹങ്ങൾ നൽകുന്നു (1:3). ആ അനുഗ്രഹങ്ങളിലെ രണ്ട് സത്യങ്ങളെ നാം മനസിലാക്കണം: അവ ദൈവത്തിൽനിന്നാണ് വരുന്നത്, അവ "ക്രിസ്തുവിൽ" ആയവർക്കു മാത്രമാണ്.

### "ക്രിസ്തുവിൽ" (1:3-14)

"ക്രിസ്തുവിൽ" എന്ന പ്രയോഗം വാക്യം 3 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ പത്തു പ്രാവശ്യം പൗലൊസ് ഉപയോഗിച്ചിരിക്കുന്നു (1:3, 10, 12), "പ്രിയനായവനിൽ" (1:6), അല്ലെങ്കിൽ "അവനിൽ" (1:4, 7, 9, 10, 13 [രണ്ടു പ്രാവശ്യം]).[86] എല്ലാ അനുഗ്രഹങ്ങളും ലഭിക്കുവാനായി, അവ എവിടെയാണോ ഇരിക്കുന്നത്, അവിടെ ആളുകൾ പ്രവേശിക്കണം-"ക്രിസ്തുവിൽ" (1:3). എങ്ങനെയാണ് ഒരാൾ ക്രിസ്തുവിലാകുന്നത്?

> അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ (റോമർ 6:3, 4).

> ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ. 3:26, 27)

"ക്രിസ്തുവിൽ" ഉള്ള അനുഗ്രഹങ്ങളാണ് ഏറ്റവും വലിയ അനുഗ്രഹങ്ങൾ. ആ അനുഗ്രഹങ്ങൾ ക്രിസ്ത്യാനികൾക്ക് ആത്മിയവും, സമൃദ്ധവുമായ നിത്യജീവനും നൽകുന്നു.

ജേയ് ലോക്ഹാർട്ട്

### ക്രിസ്ത്യാനിയുടെ ഭൂതം, വർത്തമാനം, ഭാവി (1:3–14)

1:3–14 വരെയുള്ള പഠനത്തെ മൂന്നായി വിഭജിക്കാം:

- വാ. 3–6: എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്ന ദൈവം രൂപപ്പെടുത്തിയ ഈ സ്ഥാപനത്തിലെ കഴിഞ്ഞകാല പശ്ചാത്തലം പൗലൊസ് വിവരിക്കുന്നു.
- വാ. 7–12: ക്രിസ്തുവിന്റെ ശരീരത്തെ ഇപ്പോൾ ദൈവം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന് അവൻ വിവരിക്കുന്നു.
- വാ. 13, 14: ശരീരത്തിന്റെ മർമ്മത്തെ ഗുണകരമായി അവൻ കൈകാര്യം ചെയ്യുന്നു, അതായത്, സഭയ്ക്ക് ഭാവിയിൽ എന്തു സംഭവിക്കുമെന്ന് പറയുന്നു.

### നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു! (1:4–6)

തന്റെ ജനമാകുവാനും, അവന്റെ മക്കളാകുവാനും, അവന്റെ ശരീരമായ സഭയാകുവാനുമാണ് ദൈവം നമ്മെ തിരഞ്ഞെടുത്തത്. ഒരു വാക്കിൽ പറ

ഞ്ഞാൽ, അത് "തിരഞ്ഞെടുപ്പ്" ആണ് (1 തെസ്സ. 1:4; കെജെവി). എഫെസ്യർ 1:4–6–ൽ, ഈ വലിയ ബൈബിൾ ഉപദേശത്തെ കുറിച്ച് പൗലൊസ് ഏഴ് ഘടന വിവരിക്കുന്നു.

*ഏർപ്പാട്*. "അവൻ നമ്മെ *തിരഞ്ഞെടുക്കുകയും* ..." (1:4; എംഫസിസ് ആഡഡ്). അവൻ ആ ശരീരത്തെ എങ്ങനെയാണ് മെനഞ്ഞത്? അതിൽ അവ യവങ്ങളെ ഉൾപ്പെടുത്തിയത് എങ്ങനെ? അത് യാദൃശ്ചികമായി സംഭവിച്ചതല്ല. അത് ദൈവത്തെ പോലെ തന്നെ ഭദ്രമായിരിക്കുന്നു. സഭയെന്ന ശരീരത്തിന്റെ ഭാഗം ആകുവാൻ ദൈവം നമുക്ക് നേട്ടം നൽകിയിരിക്കുകയാണ് കാരണം അത് ദൈവേഷ്ടമെന്ന അവന്റെ പരമാധികാരത്തിൽ പെടുന്നു.

നാം നല്ലവരായതുകൊണ്ടോ അല്ലെങ്കിൽ മതിയായത്ര സൽപ്രവൃത്തി കൾ നാം ചെയ്തതുകൊണ്ടോ അല്ല നമ്മെ ക്രിസിതുവിന്റെ ശരീരത്തിലേക്ക് തിരഞ്ഞെടുത്തത്. ഓരോ കർത്തൃദിവസവും നാം ആരാധനക്ക് സംബന്ധിച്ച തുകൊണ്ടോ അല്ലെങ്കിൽ എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃ മേശ എടുത്തതുകോണ്ടോ അല്ല അവൻ നമ്മെ തിരഞ്ഞെടുത്തത്. ആ പ്ര വൃത്തികളെല്ലാം പ്രാധാന്യമുള്ളതാണെങ്കിലും, സത്യം ഇതാണ്: നാം ആ ശരീരത്തിലായത് നിത്യതയിൽ ദൈവം നമ്മെ അതിന്റെ ഭാഗമാക്കുവാൻ പ്ര വർത്തിച്ചതുകൊണ്ടാണ്. ദൈവം തന്റെ പരമാധികാരത്തിൽ നമ്മെ അതിന്റെ ഭാഗമാക്കുവാൻ പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ, ലോകത്തിലെ എല്ലാ മത പരമായ പരിശീലനങ്ങൾ ചെയ്താലും നാം അതിന്റെ ഭാഗമാകുകയില്ല.

തിരഞ്ഞെടുപ്പ് ഉപദേശം (അല്ലെങ്കിൽ മുൻനിർണ്ണയം) ആളുകൾ നൂറ്റാണ്ടു കളായി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. വലിയ വേദശാസ്ത്ര പണ്ഡിതന്മാർ നൂ റ്റാണ്ടുകളോളം–അഗസറ്റിൻ തുടങ്ങി വെസ്ലി വരെ[87]–ആ പ്രശ്ന പരിഹാര ത്തിനു ശ്രമിച്ചു: ദൈവം തന്റെ പരമാധികാരത്തിൽ നമ്മെ തിരഞ്ഞെടുക്കു ന്നത് പുതിയ നിയമത്തിൽ എങ്ങനെ പഠിപ്പിക്കുവാൻ കഴിയും, അതേസമയം "വരുന്നവർ ആരായാലും" എന്നു പറഞ്ഞു മനുഷ്യരുടെ ഉത്തരവാദിത്തവും നൽകുന്നില്ലേ?

ചിലരെ നന്മക്കായും മറ്റുള്ളവരെ തിന്മക്കായും സ്നേഹവാനായ ദൈവത്തിന് എങ്ങനെ തിരഞ്ഞെടുക്കുവാൻ കഴിയും? വളരെ പഴക്കം–ചെന്ന ആ പ്രതിസന്ധിക്ക് നമ്മുടെ വേദഭാഗം ഉത്തരം നൽകുന്നു. അതു നാം നോക്കു ന്നതിനു മുൻപ്, ഓരോ ക്രിസ്ത്യാനിയും ശരീരത്തിന്റെ ഭാഗമാണെന്നും അത് സ്വർഗം ബന്ധിപ്പിച്ച കാരണത്താൽ, മാത്രം ദൈവം നമ്മെ തിരഞ്ഞെടുത്തതാ ണെന്നും നാം അറിയണം.

ദൈവം നമ്മെ തിരഞ്ഞെടുത്തതു നിമിത്തം നമുക്ക് സ്വയം–വിലയുള്ള വരാകുവാൻ കഴിഞ്ഞു. ക്രിസ്ത്യാനികളാകുവാൻ പിന്നെ എന്തിനു ലജ്ജി ക്കണം? പ്രപഞ്ചത്തിന്റെ രാജാവിനാൽ നാം ആദരിക്കപ്പെട്ടിരിക്കയാണ്. അവൻ നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു!

*വസ്തു*. "അവൻ ... *നമ്മെ* തിരഞ്ഞെടുത്തു ..." (1:4; എംഫസിസ് ആഡഡ്). മറ്റു ചില യോഗങ്ങളിൽ ആരാധിക്കുവാൻ തയ്യാറാകാത്തവരെ ദൈവം തിര ഞ്ഞെടുത്തെന്നാണോ പൗലൊസ് പറഞ്ഞത്? അല്ല. *നമ്മെ* അവൻ രക്ഷിക്ക പ്പെടുവാനായും മറ്റുള്ളവർ നഷ്ടപ്പെടുവാനുമായി തിരഞ്ഞെടുക്കുകയല്ല ചെയ്യുന്നത്. പിന്നെ നമ്മെ തിരഞ്ഞെടുത്തു എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്താണ്?

എബ്രായർ 2:16 പൗലൊസ് അർത്ഥമാക്കിയത് മനസിലാക്കുവാൻ നമ്മെ

സഹായിക്കുന്നതാണ്: “ദൂതന്മാരെ സംരക്ഷണ ചെയ്യുവാനല്ല അബ്രഹാമിന്റെ സന്തതിയെ സംരക്ഷണ ചെയ്‌വാനത്രെ അവൻ വന്നത്.” വീണുപോയ ദൂതന്മാരെ വീണ്ടെടുക്കുവാൻ ദൈവത്തിന് ഒരു പദ്ധതിയുമില്ലായിരുന്നു. വീണ്ടെടുക്കപ്പെട്ട ശരീരത്തിന്റെ ഭാഗമാകുവാൻ അവരെ തിരഞ്ഞെടുത്തില്ല. അവന്റെ തേജസുള്ള ശരീരമാകുവാൻ മനുഷ്യരായ നമ്മെയാണ് തിരഞ്ഞെടുത്തത്.

വേദഭാഗം ശ്രദ്ധിച്ചു നോക്കുക. പഴക്കം-ചെന്ന ഉപദേശമെന്ന തിരഞ്ഞെടുപ്പ് എന്ന വൈഷമ്യം പരിഹരിക്കുവാൻ ഇതാ ഒരു വഴി: “അവൻ നമ്മെ *അവനിൽ* തിരഞ്ഞെടുത്തു ...” (1:4; എംഫസിസ് ആഡഡ്).

ദൈവത്തിന്റെ പരമാധികാരത്തിലുള്ള ഇഷ്ടപ്രകാരം അവൻ ക്രിസ്തുവിൽ നിത്യജീവനായി നമ്മെ തിരഞ്ഞെടുത്തു. ആ തീരുമാനം മാറ്റം വരുത്തുവാൻ കഴിയാത്തതാണ്. അത് ദൈവത്തെ പോലെ തന്നെ ഭദ്രമായിരിക്കുന്നു. മറ്റാർക്കും രക്ഷിപ്പാൻ സാധ്യമല്ല. കർത്താവായ യേശുവിൽ ആകുന്നവർക്കാണ് നിത്യജിവൻ ഉള്ളത്.

ആർക്ക് യേശുവിലാകുവാൻ കഴിയും? തേജസിനായുള്ള ഏകശരീരത്തിൽ ഭാഗമാകുവാൻ ആർക്ക് കഴിയും? സുവിശേഷത്തോട് അനുസരണത്തോടെ പ്രതികരിക്കുന്ന ആർക്കും ഭാഗമാകാം. വരുന്നവർ ആരായിരുന്നാലും! ദൈവത്തിന്റെ തിരഞ്ഞെടുപ്പ് വേണമെന്ന് ആഗ്രഹിക്കുന്ന ആർക്കും വരാം.

*സന്ദർഭം.* “ലോകസ്ഥാപനത്തിനു മുൻപ് അവൻ നമ്മെ തിരഞ്ഞെടുത്തു ...” (1:4). ക്രിസ്തുവിൽ ആകുന്നവർക്ക് നിത്യജീവനും സകല അനുഗ്രഹങ്ങളും ലഭിക്കുവാൻ ദൈവം എപ്പോഴാണ് തീരുമാനിച്ചത്? പ്രപഞ്ചം സൃഷ്ടിക്കുന്നതിനു മുൻപ് തന്നെ ദൈവം തന്റെ പദ്ധതിയെല്ലാം ക്രമപ്പെടുത്തിയിരുന്നു. ഏദെൻ തോട്ടത്തിൽ വെച്ച് മനുഷ്യർ അവനോട് മൽസരിച്ചത് ദൈവത്തെ അതിശയിപ്പിച്ചില്ല. നമ്മുടെ വീഴ്ച്ചയിൽനിന്ന് നമ്മെ രക്ഷിപ്പാൻ ദൈവം തന്റെ പദ്ധതി തയ്യാറാക്കിയിരുന്നു. “ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതുന്നതിനെ” കുറിച്ച് വെളി. 13:8 പറയുന്നു (2 തെസ്സ. 2:13; 2 തിമൊ. 1:9).

ദൈവം അത്രത്തോളം നിങ്ങളെ സ്നേഹിക്കുന്നു എന്നു വിശ്വസിക്കുവാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? നിങ്ങൾ ജനിക്കുന്നതിനു മുൻപ്, പ്രപഞ്ചം ഒരു പദ്ധതി മാത്രമായിരുന്നപ്പോൾ തന്നെ, നിങ്ങൾ പാപം ചെയ്തു ദൈവത്തെ വേദനിപ്പിക്കുമെന്ന് അറിയാമായിരുന്നു. എങ്ങനെയായാലും, അവൻ നിങ്ങളെ സ്നേഹിച്ചു തിരഞ്ഞെടുത്തിരിക്കുന്നു.

*ഉദ്ദേശം.* “നാം വിശുദ്ധരും നിഷ്ക്കളങ്കരുമാകുവാൻ അവൻ നമ്മെ ലോകസ്ഥാപനത്തിനു മുൻപ് അവനിൽ തിരഞ്ഞെടുത്തു” (1:4). ദൈവം എന്തിനാണ് അങ്ങനെ ചെയ്തത്? അതിൽ ദൈവത്തിന്റെ ഉദ്ദേശം എന്തായിരുന്നു? ദൈവം നമ്മുടെ കൂട്ടായ്മ ആഗ്രഹിച്ചു. ഏദെൻ തോട്ടത്തിൽനിന്ന് ആദാമിനേയും ഹവ്വയെയും പുറത്താക്കുന്നതിനുമുൻപ് ചെയ്തിരുന്നതുപോലെ, ഒരിക്കൽകൂടെ മനുഷ്യരോട് സംസാരിക്കുവാനും അവരുമായി നടക്കുവാനും ദൈവം ആഗ്രഹിച്ചു. എങ്ങനെയായാലും, അനിവാര്യമായ രണ്ട് യോഗ്യതകൾ കൂടാതെ നമുക്ക് ദൈവത്തെ സമീപിക്കുവാൻ സാധ്യമല്ല: വിശുദ്ധിയും നിഷ്ക്കളങ്കതയും.

നമുക്ക് ഇല്ലാത്തതായി എന്തെങ്കിലും ഉണ്ടെങ്കിൽ, അത് ദൈവിക ഗുണങ്ങളായ വിശുദ്ധിയും നിഷ്ക്കളങ്കതയുമാണ്. എല്ലാവരും പാപം ചെയ്തു. കൂട്ടായ്മക്കുള്ള ദൈവിക നിലവാരത്തിൽനിന്നു സകല മനുഷ്യരും വീണുപോ

യി. നമ്മുടെ സൂത്രവഴിയിൽ നമുക്ക് ഒരിക്കലും ദൈവത്തെ അഭിമുഖീകരിക്കുവാൻ സാധ്യമായിരുന്നില്ല, എന്നിട്ടും, യേശുവിന്റെ കാൽവരിയിലെ പ്രവൃത്തി നിമിത്തം നമുക്ക് ദൈവ സന്നിധിയിൽ പ്രവേശിക്കുവാൻ നമ്മെ പ്രാപ്തമാക്കി. നാം വായിക്കുന്നു,

> ... അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും, കറ ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏൽപിച്ചു കൊടുത്തു (5:25–27).

*പ്രചോദനം.* “സ്നേഹത്തിൽ അവൻ നമ്മെ മുൻനിയമിച്ചു ...” (1:4, 5). ആ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ദൈവത്തെ പ്രേരിപ്പിച്ചതെന്താണ്? അതു കാര്യമാക്കാതിരിക്കുന്നു. ദൈവം അപ്പോഴും നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾക്ക് ദൈവത്തോട് വാസ്തവത്തിൽ കൂട്ടായ്മയുണ്ടാകുവാൻ, തന്റെ സ്നേഹം നിമിത്തമാണ് അവൻ സ്വർഗത്തിൽനിന്നു ഭൂമിയിലേക്ക് വന്നത് (യോഹ. 3:16).

നിങ്ങളുടെ ജീവിതത്തിൽ രഹസ്യങ്ങളുണ്ടോ? ദൈവത്തെ കുറിച്ച് കരുതാതെ, അവനെ സ്നേഹിക്കാതെയുള്ള ജീവിതമാണോ നിങ്ങൾ നയിക്കുന്നത്? അതു സാരമില്ല. ദൈവം അപ്പോഴും നിങ്ങളെ സ്നേഹിക്കുന്നു. ആ സ്നേഹം നിമിത്തമാണ് ദൈവം സ്വർഗം വിട്ട് ഭൂമിയിലേക്ക് വന്നു നമുക്ക് അവനോട് കൂട്ടായ്മയുണ്ടാകുവാൻ പ്രവർത്തിച്ചത്.

ദൈവസ്നേഹത്താൽ അവൻ നിത്യമായ അന്തിമ സ്ഥാനം നമുക്ക് ഭദ്രമാക്കി. അതിൽ വിടവുകളൊന്നുമില്ല. ക്രിസ്തുയേശുവിലുള്ള ആരെയും കാണാതെ പോകുകയില്ല. നിങ്ങൾ യേശുവിലാണെങ്കിൽ, ദൈവപദ്ധതിയിലെ വീണ്ടെടുപ്പ് അവൻ ഉറപ്പാക്കിയിരിക്കുന്നു. ധൈര്യത്തോടെ അവന്റെ അടുക്കലേക്ക് മടങ്ങിവരുവാൻ അവസരമൊരുക്കിയത് അവന്റെ മഹത്തായ സ്നേഹം നിമിത്തമാണ്.

*ഫലം.* “മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും ദത്തെടുക്കേണ്ടതിന്ന് അവൻ പ്രിയനായവനിൽ സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തു ...” (1:4, 5). ഈ വേദഭാഗത്തിലെ സന്ദേശത്തിൽ നാം സന്തോഷിക്കണം. നാം അടിമകളോ, ദാസന്മാരോ അല്ല, വെറും സ്നേഹിതരോ, അയൽക്കാരോ, ബന്ധുക്കളോ അല്ല. നാം മക്കൾ ആകുന്നു! മുടിയനായ പുത്രൻ വീട്ടിലേക്ക് തിരിച്ചുവന്നപ്പോൾ, അവനെ അതിശയിപ്പിച്ചുകൊണ്ടാണ് അവനെ സ്വാഗതം ചെയ്തതും, അവന്റെ അപ്പനോടുള്ള കൂട്ടായ്മ ലഭിച്ചതും. അതുപോലെ, ദൈവകൃപയാൽ, അവൻ നമ്മെ അവന്റെ ഭവനത്തിലെ എല്ലാ നേട്ടങ്ങളും നൽകി സ്വീകരിക്കും.

നാം മക്കളായതുകൊണ്ട്, ദൈവത്തിനുള്ളതിനെല്ലാം നാമും അവകാശികളാകുന്നു (ലൂക്കൊ. 15:22). അവന്റെ ഭവനത്തിലേക്ക് നമ്മെ ദത്തെടുക്കുന്നതുകൊണ്ട്, അതിലുള്ള അനുഗ്രഹങ്ങൾക്കെല്ലാം നാം അവകാശികളാകുന്നു.

*ലക്ഷ്യം.* “അവൻ സൗജന്യമായി നൽകിയ തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ച്ചക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തു ...”

(1:4-6). എന്തുകൊണ്ടാണ് ദൈവം അതെല്ലാം ചെയ്തത്? അവൻ നമ്മെ വിളിച്ച് തിരഞ്ഞെടുത്ത് വിശുദ്ധരും നിഷ്ക്കളങ്കരും ആക്കിയതിന്റെ ലക്ഷ്യം നാം മനസിലാക്കണം.

ദൈവം പാപികളെ രക്ഷിപ്പാൻ ആഗ്രഹിച്ചത് അവരോടുള്ള അനുകമ്പയോ അല്ലെങ്കിൽ നിത്യനരകത്തിൽനിന്നു വിടുവിക്കണമെന്ന പ്രാഥമികമായ കാരണംകൊണ്ടോ ആയിരുന്നില്ല. എല്ലാ കാരണങ്ങളിലുമുപരിയായി, മനുഷ്യചരിത്രത്തിൽ സ്ത്രീപുരുഷന്മാരെ രക്ഷിപ്പാൻ പ്രവർത്തിച്ചത്, അവന്നു നിത്യമായ പുകഴ്ച്ച ലഭിക്കുവാനായിരുന്നു. പാപത്തിൽ വീണുപോയ അനർഹരായവരെ വീണ്ടെടുക്കുന്നത് കാണിക്കുന്നത് ദൈവത്തിന്റെ അപ്രമേയമായ ജ്ഞാനവും അവന്റെ നിസ്തുലമായ നാമത്തെ സ്വർഗീയ സൈന്യം പുകഴ്ത്തുന്നതും വെളിപ്പെടുത്തുന്നു.

*ഉപസംഹാരം.* നമ്മെ വിശുദ്ധിയിലേക്കും നിഷ്ക്കളങ്കതയിലേക്കും യഥാസ്ഥാനപ്പെടുത്തുമ്പോൾ, ഒരിക്കൽകൂടെ അവന്റെ കൂട്ടായ്മ നമുക്ക് അറിയുവാൻ കഴിയും-നമുക്ക് അതിനു അർഹതയില്ലെങ്കിലും-അത് ദൈവത്തെ സന്തോഷിപ്പിക്കും. അത് അവനു പ്രസാദകരമാകും. അതുകൊണ്ടാണ് നമ്മെ വിശുദ്ധിക്കായി ദൈവം വിളിക്കുന്നതിനെ നിസാരമായി കാണുന്നത് അപകടമാണ് എന്നു പറയുന്നത്. കൃപയാൽ ദൈവം നമ്മിൽ തരുവാനാഗ്രഹിക്കുന്ന സന്തോഷത്തോടാണ് നാം പരാജയപ്പെടുന്നത്. തന്റെ മക്കളാകുവാൻ യിസ്രായേലിന്റെ ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുകയാൽ, തിരഞ്ഞെടുത്തവർ ജീവിച്ചിരുന്നതുപോലെ നമുക്ക് ജീവിക്കാം.

ക്രിസ് ബുള്ളാർഡ്

**ആത്മികാനുഗ്രഹങ്ങൾ എണ്ണിയിരിക്കുന്നു (1:4-14)**

1:4-14-ൽ പൗലൊസ് ഏഴ് ആത്മികാനുഗ്രഹങ്ങളെ പറ്റി പറയുന്നു. "ഏഴ്" പൂർണ്ണസംഖ്യയാകയാൽ, ക്രിസ്തുവിലുള്ള എല്ലാ അനുഗ്രഹങ്ങളുടേയും ചുരുക്കമാണ് ആ ഏഴ് അനുഗ്രഹങ്ങൾ. (1) നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തിരിക്കുന്നു (1:4). നിത്യതയിൽ നാം വിശുദ്ധരും നിഷ്ക്കളങ്കരുമാകുവാനാണ് ദൈവം നമ്മെ തിരഞ്ഞെടുത്തത്. (2) നമ്മെ ക്രിസ്തുവിൽ മുൻനിയമിച്ചിരുന്നു (1:5, 6). "പ്രിയനായവനിൽ" അവൻ നമ്മെ തന്റെ സ്നേഹത്താലും കൃപയാലും മക്കളാകുവാനാണ് ദത്തെടുക്കുവാൻ മുൻനിർണ്ണയിച്ചത്. തന്റെ തേജസിന്നും പുകഴ്ച്ചക്കുമാണ് ദൈവം അങ്ങനെ ചെയ്തത്. (3) അവന്റെ രക്തത്താൽ നമ്മെ ക്രിസ്തുവിൽ വീണ്ടെടുത്തു (1:7). (4) ധാരാളമായി അവൻ നമ്മിൽ പകരുന്ന കൃപയാൽ നമ്മുടെ അകൃത്യങ്ങളെ മോചിച്ചു തന്നിരിക്കുന്നു (1:7, 8). (5) ദൈവം തന്റെ മർമ്മം നമുക്ക് വെളിപ്പെടുത്തിയതിനാൽ, ക്രിസ്തുവിൽ നാം പ്രകാശിതരായിരിക്കുന്നു, അത് ഭൂമിയിലുള്ളത് സ്വർഗത്തോട് നിരപ്പിക്കുന്നതിനായിരുന്നു (1:9, 10). (6) ദൈവത്തിന്റെ തേജസിന്റെ പുകഴ്ച്ചക്കായി ക്രിസ്തുവിൽ നമുക്ക് അവകാശവും നൽകിയിരിക്കുന്നു (1:11, 12). (7) നാം ക്രിസ്തുവിൽ ആയപ്പോൾ ആത്മാവിന്റെ ദാനത്താൽ നമ്മെ മുദ്രയിട്ടു. അവസാനം നമ്മെ വീണ്ടെടുത്ത്, വിടുതൽ നൽകുമെന്നും അത് ദൈവമഹത്വത്തിന്റെ പുകഴ്ച്ചക്കാണെന്നും ഉറപ്പിക്കുന്നതാണ് ആത്മാവിനെ നമുക്ക് അവകാശത്തിന്റെ അച്ചാരമായി തന്നിരിക്കുന്നത് (1:13, 14).

ജേയ് ലോക്ഹാർട്ട്

**പുതിയ ആളുകളാകുവാൻ വീണ്ടെടുത്തു (1:6-10)**

തന്റെ ക്രിസ്തീയ ജീവിതത്തെക്കുറിച്ച് ഒരാൾ അയാളോട് ചോദിച്ചു. അയാൾ ഒരു നിമിഷം ചിന്തിച്ചിട്ട് പറഞ്ഞു, "ഞാൻ ആകേണ്ട രീതിയിൽ, ആയിട്ടില്ല; ഞാൻ ആകുവാനിരിക്കുന്നതുപോലെയും ആയിട്ടില്ല, എന്നാൽ ഞാൻ മുൻപ് ആയിരുന്നതുപോലെ ആകാതിരിക്കുന്നതിൽ ദൈവത്തിനു സ്തോത്രം!"

നമുക്ക് എല്ലാവർക്കും അത്തരം പ്രസ്താവന നടത്തുവാൻ കഴിയില്ലേ? നാം യേശുവിനെ കണ്ടുമുട്ടിയതുകൊണ്ടാണ് നമ്മുടെ ജീവിതത്തിന് കാതലായ മാറ്റമുണ്ടായത്. ഇപ്പോഴത്തേതിനു ശേഷമുള്ളതെല്ലാം അല്ല ക്രിസ്ത്യാനിത്വം. അവന്റെ ശരീരമാകുന്ന വെളിപ്പെടുത്തിയ ദൈവിക മർമ്മം ഇപ്പോൾ നമുക്ക് അനുഭവിക്കുവാനുള്ള പ്രയോജനങ്ങളാണ്.

എഫെസ്യർ 1:6-10-ൽ, പുതിയ ആളുകളാകുവാൻ സ്വതന്ത്രരാക്കുന്ന വീണ്ടെടുപ്പിൽ അടങ്ങിയ അഞ്ചു മൂലകങ്ങൾ പൗലൊസ് വെളിപ്പെടുത്തിയിരിക്കുന്നു. ആ നടപടി ക്രിസ്തുവിന്റെ മർമ്മത്തിൽ പങ്കുകാരാകുവാൻ പ്രാപ്തരാക്കുന്നു, ആ ശരീരത്തിലേക്കുള്ള തിരഞ്ഞെടുപ്പ് ദൈവം ലോകസ്ഥാപനത്തിനു മുൻപ് നടത്തിയിരുന്നു.

*വീണ്ടെടുപ്പുകാരൻ.* "അവനിൽ" നമുക്ക് വീണ്ടെടുപ്പ് ഉണ്ട് എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (1:7). ആരിൽ? വാക്യം 6 അനുസരിച്ച്, പിതാവായ ദൈവം സ്നേഹിക്കുന്നവനിൽ ആകുന്നു. അത്, തീർച്ചയായും കർത്താവായ യേശുക്രിസ്തു ആണ് (മത്താ. 3:17; 17:5).

കൊലൊസ്യർക്ക് ലേഖനം എഴുതുമ്പോൾ പൗലൊസ് പറഞ്ഞു, "നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ച്, തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്തു. അവനിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്" (കൊലൊ. 1:13, 14).

ദൈവത്തിന്റെ പ്രിയനായവനാണ് യേശു, അവനാണ് നമ്മുടെ വീണ്ടെടുപ്പുകാരൻ. അവനിൽ നമ്മെ സ്വീകരിച്ചിരിക്കുന്നു. വീണ്ടെടുപ്പ് സ്ഥാനം ഒന്നു മാത്രം: *ക്രിസ്തുവിൽ.* നമ്മുടെ പാപപ്രശ്നങ്ങൾ നീക്കി ദൈവം നമ്മെ വീണ്ടെടുക്കുമ്പോൾ-അതായത് പാപത്തിന്റെ നിയന്ത്രണത്തിൽനിന്നു നമ്മെ വിലക്കു വാങ്ങുമ്പോൾ-പ്രിയനായവനിൽ നമ്മെ സ്വീകരിക്കുന്നു.

അത് ആവേശകരമാണ്! യേശുവിൽ ആകുക എന്നാൽ ദൈവത്താൽ സ്വീകരിക്കപ്പെടുന്നു എന്നർത്ഥം. നമ്മുടെ എന്നേക്കുമുള്ള അന്തിമസ്ഥാനത്തെ കുറിച്ച് ചിന്തിച്ച്, രാത്രി മുഴുവൻ ഉണർന്നു കിടക്കേണ്ട ആവശ്യമില്ല. വാസ്തവത്തിൽ ക്രിസ്തുവിലായവരെ തള്ളിക്കളയുകയില്ല. കാരണം യേശുവിനെ പിതാവിന് തള്ളിക്കളയുവാൻ സാധ്യമല്ല.

തികഞ്ഞ വീണ്ടെടുപ്പുകാരനാണ് ക്രിസ്തു. (1) അവൻ ജഡവും രക്തവുമായതിനാൽ, നമ്മുടെ ബന്ധുവായി തീർന്നിരുന്നു. എല്ലാ നിലയിലും, അവൻ നമ്മിൽ ഒരാളെപോലെയായി (എബ്രാ. 2:17 നോക്കുക). വീണ്ടെടുപ്പ് വില നൽകുവാൻ ഒരു ദൂതനും കഴിഞ്ഞില്ല, കാരണം ഒരു ദൂതനും മനുഷ്യന്റെ ബന്ധുവല്ല. യേശു ജീവിച്ചത് നമ്മിൽ ഒരാളായിട്ടായിരുന്നു; അതുകൊണ്ട്, നമ്മുടെ വീണ്ടെടുപ്പുകാരനാകുവാൻ അവൻ യോഗ്യനായി.

(2) അവനു വില കൊടുപ്പാൻ കഴിഞ്ഞു; നമ്മെ പാപത്തിൽനിന്നു വിലക്കു വാങ്ങുവാനുള്ള വസ്തു അവനിലുണ്ടായിരുന്നു. അതെന്തായിരുന്നു? അവന്റെ രക്തം. ആ വിലയെ കുറിച്ച് ലേവ്യാപുസ്തകത്തിൽ പറഞ്ഞിരുന്നത് എബ്രായർ 9:22-ൽ ആവർത്തിച്ചിരിക്കുന്നു: "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല"

നമ്മുടെ പാപക്കടം കൊടുത്തു തീർപ്പാൻ നമുക്ക് ഒന്നുമില്ലാതിരുന്നപ്പോൾ, ക്രിസ്തു തന്റെ രക്തം വിലയായി കൊടുക്കുവാൻ തയ്യാറായി.

(3) നമുക്ക് വേണ്ടി വില കൊടുപ്പാൻ യേശു മനസ് കാണിച്ചു. നാം വായിക്കുന്നു, "എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ട്, പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോട് എടുത്തു കളയുകയില്ല, ഞാൻ തന്നെ അതിനെ കൊടുക്കുന്നു" (യോഹ. 10:17, 18).

യേശു നമ്മിൽ ഒരുത്തനെ പോലെ ആയിരുന്നു, നമ്മുടെ വീണ്ടെടുപ്പിനു കൊടുപ്പാനുള്ള വില അവന്റെ കയ്യിലുണ്ടായിരുന്നു. അതു കൊടുപ്പാൻ അവൻ മനസ് കാണിച്ചു. എന്തൊരു വീണ്ടെടുപ്പുകാരൻ!

*വീണ്ടെടുക്കപ്പെട്ടവർ.* വാക്യം 7 പറയുന്നു, "അവനിൽ നമുക്ക് വീണ്ടെടുപ്പ് ഉണ്ട് ..." "ആരാണ്" ഇവിടെ നാം എന്നു പറഞ്ഞിരിക്കുന്നത്? അതാണ് വാക്യം 4-ൽ "അവനിൽ നമ്മെ" എന്നു പറഞ്ഞിരിക്കുന്നവരാണ്. കഴിഞ്ഞകാലത്ത്, നിത്യതയിൽ ദൈവം തിരഞ്ഞെടുത്തവരാണ് അവർ, ഇപ്പോൾ അവൻ അവരെ വീണ്ടെടുക്കുന്നു. അവൻ വീണ്ടെടുക്കുവാൻ തിരഞ്ഞെടുക്കുന്നതും അവന്റെ ശരീരത്തിന്റെ ഭാഗമാക്കുന്നതും ആരെയാണ്? ക്രിസ്തുവിൽ ആയ എല്ലാവരേയും. നിങ്ങൾ ക്രിസ്തുവിൽ ആണെങ്കിൽ, പാപത്തിന്റെ ശിക്ഷയിൽനിന്ന് എങ്ങനെ വീണ്ടെടുത്തു എന്നു നിങ്ങൾക്ക് അറിയാം. പാപത്തിന്റെ നിയന്ത്രണത്തിൽനിന്നും ശിക്ഷയിൽനിന്നും മുഴുവനായി വില കൊടുത്തു നിങ്ങളെ വിടുവിച്ചു. നിങ്ങളെ സ്വർഗത്താൽ-ബന്ധിച്ചിരിക്കുന്നു!

*വേതനം.* വീണ്ടെടുപ്പ് ഒരിക്കലും വില കുറഞ്ഞതായിരുന്നില്ല. വീണ്ടെടുക്കുന്ന വസ്തുവിനു തുല്യമായ വിലയാണ് വാങ്ങുമ്പോൾ കൊടുക്കേണ്ടത്. വാക്യം 7 തുടരുന്നു, "അവനിൽ, അവന്റെ രക്തം മുഖാന്തരം നമുക്ക് വീണ്ടെടുപ്പ് ഉണ്ട് ..." പാപത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കുവാൻ യേശുവിന് തന്റെ രക്തം ചിന്തി വിലയായി നൽകേണ്ടി വന്നു. ഈ വില കൊടുക്കാതെ നമുക്ക് പാപമോചനം ഒരിക്കലും ലഭിക്കുമായിരുന്നില്ല. അതിൽനിന്നു കുറവായി ഒന്നും മതിയാകുമായിരുന്നില്ല.

പഴയ നിയമത്തിൻ കീഴിൽ, മൃഗങ്ങളുടെ രക്തം ശുദ്ധീകരണത്തിന്റെ അടയാളമായിരുന്നു. മനുഷ്യനെ എന്നേക്കുമായി സ്വതന്ത്രരാക്കുവാൻ, മനുഷ്യന്റെ രക്തം ആവശ്യമായി വന്നു.

> ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊറ്റന്മാരുടെയും കാളക്കിടാക്കളുടേയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നേ ഒരിക്കലായിട്ട് വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു (എബ്രാ. 9:11, 12).

ദൈവത്തിന്റെ വിശുദ്ധവും നീതിയുമുള്ള നിയമം പറയുന്നത് പാപം ചെയ്യുന്ന ദേഹി മരിക്കും എന്നാണ്. നിങ്ങൾക്ക് വേണ്ടി മരിക്കുവാൻ എനിക്ക് സാധ്യമല്ല, കാരണം എനിക്ക് എന്റേതായ പിഴ ഒടുക്കേണ്ടതായിട്ടുണ്ട്. എനിക്ക് വേണ്ടി മരിപ്പാൻ നിങ്ങൾക്കും സാധ്യമല്ല, കാരണം നിങ്ങളുടെ പാപങ്ങൾക്ക് നിങ്ങൾ പിഴ കൊടുക്കണമല്ലൊ. യേശു എന്ന നമ്മുടെ തികഞ്ഞ വീണ്ടെടു

പ്പുകാരൻ, പാപത്തിനിരയായവരെ വിടുവിക്കുവാൻ, ക്രൂശിൽ അവൻ തന്റെ രക്തം കൊടുത്തു. ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും നാം കർത്തൃമേശ ആചരിക്കുമ്പോൾ, നമ്മുടെ വീണ്ടെടുപ്പിനു കൊടുത്ത ആ വലിയ വിലയാണ് നാം ഓർക്കുന്നത്.

*ഫലം.* നമ്മെ വീണ്ടെടുത്തശേഷം എന്താണ് സംഭവിക്കുന്നത്? "അവനിൽ അവന്റെ രക്തത്താൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പ് ഉണ്ട് ..." (1:7). വീണ്ടെടുപ്പിന്റെ ഫലമായി ലഭിക്കുന്നത് പൂർണ്ണമായ പാപമോചനം ആണ്. ആ സത്യം നിങ്ങളുടെ ഉള്ളിൽ ഗ്രഹിക്കുമ്പോൾ, നിങ്ങൾ സന്തോഷഭരിതരാകും!

ദൈവം നമ്മോട് ക്ഷമിക്കുവാനായി കാത്തിരിക്കുന്നു എന്നതാണ് കാൽവരിയിലെ സംഭവം വിളിച്ചോതുന്നത്. നമ്മുടെ വീണ്ടെടുപ്പുകാരൻ ക്രൂശിൽ മരിച്ചതിന്റെ ദൈവം ഉദ്ദേശിച്ച ഫലമായിരുന്നു പാപമോചനം. തന്റെ അവസാനത്തെ അത്താഴത്തിൽ യേശു പറഞ്ഞു, " '... ഇത് അനേകരുടെ പാപങ്ങളുടെ മോചനത്തിനായി ചൊരിയപ്പെടുന്ന എന്റെ രക്തം' " (മത്താ. 26:28).

ഈ ആശയം യിസ്രായേൽ മക്കൾ മനസിലാക്കിയിരുന്നു. പ്രായശ്ചിത്ത ബലി ദിവസത്തെ ആഘോഷത്തിൽ രണ്ട് ആടുകൾ ഉൾപ്പെട്ടിരുന്നു (ലേവ്യ. 16:8). ഒരാടിനെ കൊന്ന്, രക്തം സമാഗമനകൂടാരത്തിലെ കൃപാസനത്തിന്മേൽ തളിക്കുമായിരുന്നു. ആ രക്തം പ്രതിനിധാനം ചെയ്യുന്നത് പാപത്തിന്റെ പിഴയായിട്ടാണ്. മറ്റൊരു മൃഗത്തിന്മേൽ കൈവെച്ച് മഹാപുരോഹിതൻ ജനത്തിന്റെ പാപങ്ങൾ ഏറ്റു പറയും. അത് ജനങ്ങളുടെ പാപങ്ങൾ മൃഗത്തിന്മേലാക്കുന്നതുപോലെ ആകുന്നു. പിന്നെ ആ ആടിനെ മരുഭൂമിയിലേക്ക് അയക്കുകയും അത് പിന്നെ മടങ്ങിവരാതിരിക്കുകയും ചെയ്യും (ലേവ്യ. 16:21).

*കാരണം.* ഇതെല്ലാം ദൈവം നമുക്ക് വേണ്ടി ചെയ്യുന്നതെന്തിനാണ്? അവന്റെ പ്രവൃത്തികൾക്ക് പിന്നിലുള്ള കാരണം എന്താണ്?

> അവനിൽ താൻ മുൻനിർണ്ണയിച്ച തന്റെ പ്രസാദത്തിന്നു തക്കവണ്ണം തന്റെ ശരീരത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു. അത് സ്വർഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ട് തന്നെ ... (1:9, 10).

കാരണം ഐക്യതയാണ്. തന്റെ സൃഷ്ടികളെ വീണ്ടും യോജിപ്പിലേക്കും കൂട്ടായ്മയിലേക്കും കൊണ്ടുവരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ഏദെൻ തോട്ടത്തിൽ വെച്ച് ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ ദൈവവുമായുള്ള ബന്ധം ഉലഞ്ഞിരുന്നു; കാൽവരി മൂലം യേശു ദൈവത്തിനും മനുഷ്യർക്കും ഇടയിലുണ്ടായിരുന്ന പാപ തടസം ഇല്ലാതാക്കി. ഒരിക്കൽകൂടെ സൃഷ്ടികർത്താവും സൃഷ്ടികളും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുവാൻ സാഹചര്യമൊരുക്കി.

*ഉപസംഹാരം.* നമ്മുടെ ജീവിതം മുൻപ് പാപപങ്കിലമായിരുന്നു. അപ്പോൾ നാം ദൈവത്തിൽനിന്നും അകന്നിരുന്നു, എന്നാൽ അവന്റെ കൃപയാൽ നമ്മുടെ പാപപ്രശ്നം അവൻ പരിഹരിച്ചു. ക്രിസ്ത്യാനികളാകുന്നതോടെ നമുക്ക് ജീവിതവും ദൈവവുമായുള്ള കൂട്ടായ്മയും പൂർണ്ണമായി ആസ്വദിക്കുവാൻ കഴിയുന്നു. സ്വർഗവുമായി-ബന്ധപ്പെടുന്നതിനാൽ നമുക്ക് ഇപ്പോൾ അൽപം സ്വർഗം ആസ്വദിക്കുവാൻ കഴിയും.

**നമ്മുടെ അവകാശത്തിന്റെ കാരണങ്ങൾ (1:10–13)**

ദൈവത്തിന്റെ വാഗ്ദാനങ്ങൾ നമുക്ക് എങ്ങനെ ലഭിക്കും? നാം എങ്ങനെ അവന്റെ അവകാശികൾ ആകും? എഫെസ്യർ 1:10, 11 പറയുന്നു, "... അവനിൽ നമുക്ക് അവകാശവും ലഭിച്ചിരിക്കുന്നു" ഇവിടെ ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് "മുൻനിർണ്ണയിച്ചു" അല്ലെങ്കിൽ "തിരഞ്ഞെടുത്തു" (എൻഐവി) വാക്യം 4–ൽ പറഞ്ഞ "തിരഞ്ഞെടുത്തു" എന്നതിന് ഉപയോഗിച്ചതിൽനിന്നു വ്യത്യാസമുള്ള ഒരു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പൗലൊസ് തന്റെ പുതിയ നിയമ എഴുത്തുകളിലെല്ലാം നാമത്തിന്റെ ക്രിയാരൂപമായ "അവകാശം" എന്നാണ് തർജിമ ചെയ്തിരിക്കുന്നത്. അതുകൊണ്ട്, നമ്മെ തിരഞ്ഞെടുത്തത് അവകാശം ലഭിക്കേണ്ടതിനാണെന്ന് പ്രത്യേകമായി പറഞ്ഞിരിക്കുന്നു.

ഈ അവകാശം ലഭിക്കേണ്ടതിന് എവിടെയാണ് നമ്മെ തിരഞ്ഞെടുത്തത്? "അവനിൽ" എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്, അതായത് ക്രിസ്തുവിൽ. വാക്യം 3 അനുസരിച്ച് അവിടെയാണ് എല്ലാ ആത്മികാനുഗ്രഹങ്ങളും സ്ഥിതി ചെയ്യുന്നത്. ക്രിസ്തുവുമായി ശക്തമായ ബന്ധം പുലർത്തുന്ന സ്ത്രീപുരുഷന്മാർക്കായി മാത്രം ഈ അവകാശം നൽകുവാനാണ് ദൈവം പദ്ധതി തയ്യാറാക്കിയത്. അവനപ്പുറമായി ദൈവത്തിൽനിന്ന് നമുക്ക് ഒന്നും ലഭിക്കുകയില്ല.

*എപ്പോഴാണ് ഇത് സംഭവിക്കുന്നത്?* ആത്മിയമായ ശൂന്യാവസ്ഥയിലായ ഏതൊരു സ്ത്രീയായാലും പുരുഷനായാലും, അവർക്ക് ഇതിനേക്കാൾ സങ്കീർണ്ണമായ ഒരു ചോദ്യം ചോദിക്കുവാൻ കാണുകയില്ല: "എനിക്ക് എങ്ങനെ ക്രിസ്തുവിൽ ആകുവാൻ കഴിയും?" എന്നും "ദൈവവാഗ്ദാനങ്ങൾക്ക് എപ്പോൾ ഞാൻ അവകാശിയാകും?" എന്നുമാണ് അത്.

പാപി ക്രിസ്തുവിനു പുറത്താണ്. ക്രിസ്തുവിനു പുറത്തുള്ള പാപിയായ ഒരാൾ എപ്പോഴാണ് *ക്രിസ്തുവിൽ* ആകുന്നത്? അത് സ്നാനപ്പെടുന്ന സമയത്താണെന്ന് പൗലൊസ് വ്യക്തമായി പറയുന്നു: "അല്ല, *യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം* എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?" (റോമർ 6:3; എംഫസിസ് ആഡഡ്). ഒരാൾ സ്നാനം ഏൽക്കുമ്പോൾ, ദൈവം അയാളെ തന്റെ പുത്രനിൽ ആക്കുകയും, അവന്റെ ധനത്തിനു അവനെ അവകാശിയാക്കുകയും ചെയ്യും.

പൗലൊസ് പറഞ്ഞു,"ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നി*ങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു.* ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ. 3:26, 27; എംഫസിസ് മൈൻ). നമ്മെ എപ്പോഴാണ് ദൈവം ക്രിസ്തുവിൽ ആക്കുന്നത്?എപ്പോഴാണ് നാം ക്രിസ്തുവിനെ ധരിക്കുന്നത്? നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ. യേശു കൽപിച്ച വെള്ളത്തിലുള്ള സ്നാനം ഏൽക്കുമ്പോഴാണ് ദൈവം ഒരാളെ അവകാശിയാക്കുന്നത്. നിങ്ങൾ പുതിയ നിയമത്തിൽ കൽപിച്ച സ്നാനം ഏറ്റിട്ടുണ്ടെങ്കിൽ ക്രിസ്തുവിൽ ആയിരിക്കും. എങ്കിൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും ആയിരിക്കും. ഇല്ലെങ്കിൽ നിങ്ങൾ ക്രിസ്തുവിലല്ല, ദൈവത്തിന്റെ അവകാശികളും അല്ല.

*അത് ആർക്കാണ് സംഭവിക്കുന്നത്?* ദൈവമർമ്മമായ അവന്റെ ശരീരത്തിലാകുന്ന എല്ലാ തരത്തിലുമുള്ള ആളുകൾക്കും ഒരേ രീതിയിലാണ് അവകാശം നൽകുന്നതെന്ന് പൗലൊസ് ആദ്യമായി 1:12, 13–ൽ സൂചിപ്പിക്കുന്നു:

> മുമ്പിൽകൂട്ടി ക്രിസ്തുവിൽ ആശ വെച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കാകേണ്ടതിന്നു തന്നേ. അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെ കുറിച്ചുള്ള സുവിശേഷം-എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ട്, നിങ്ങളെ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.

യെഹൂദനോ, ജാതിയോ, സ്ത്രീയോ, പുരുഷനോ, ധനവാനോ, ദരിദ്രനോ – ആരായാലും ഒരേ കാരണത്താലാണ് അവകാശം ലഭിക്കുന്നത്. അവകാശി ആകുവാൻ *ക്രിസ്തുവിൽ* ആകണം. ഒരാൾ മറ്റൊരാൾക്ക് തുല്യമായി സ്വീകരിക്കപ്പെടും-എന്നാൽ ക്രിസ്തുവിൽ ആണ് എല്ലാവരേയും സ്വീകരിക്കുന്നത്.

**ദൈവത്തിന്റെ വാഗ്ദാനങ്ങൾ (1:11–14)**

വാഗ്ദാനങ്ങൾ, വാഗ്ദാനങ്ങൾ, വാഗ്ദാനങ്ങൾ! ആയിരക്കണക്കിനു വാഗ്ദാനത്തെ കുറിച്ച് കേൾക്കാത്തവർ ആരാണ്? പരസ്യക്കാർ, സർക്കാർ ഉദ്യോഗസ്ഥർ, ഭാര്യാഭർത്താക്കന്മാർ, സഹോദരീസഹോദരന്മാർ, അയൽക്കാർ എന്നിവരെല്ലാം വാഗ്ദാനം ചെയ്യുകയും ലംഘിക്കുകയും ചെയ്തിരിക്കുന്നു. ഒരാൾ എല്ലായ്പോഴും തന്റെ വാഗ്ദാനം നിറവേറ്റിക്കൊണ്ടിരിക്കുന്നു. "വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലൊ" (എബ്രാ. 10:23); "... ദൈവം എന്തു വാഗ്ദാനം ചെയ്തു[വോ], അത് നിവർത്തിപ്പാൻ അവൻ ശക്ത [നാകുന്നു]" (റോമർ 4:21; 2 പത്രൊ. 3:9 നോക്കുക).

നിത്യതയിൽ കഴിഞ്ഞ കാലത്ത്, കാലം ആരംഭിക്കുന്നതിനു മുൻപ്, ദൈവം തന്റെ പുത്രനിൽ വിശ്വാസികളുടെ ഒരു ശരീരം രൂപകൽപന നടത്തിയിരുന്നു. ഈ കാലത്ത് തന്റെ പുത്രൻ കാൽവരിയിൽ രക്തം ചിന്തിയതുമൂലം, അത് യാഥാർത്ഥ്യമാക്കി. വിശ്വാസികളെ തിരഞ്ഞെടുത്ത് അവന്റെ ശരീരത്തിലാക്കുമ്പോൾ, അവരെ വീണ്ടെടുക്കുവാനും ദൈവം തീരുമാനിച്ചിരുന്നു. മരണമോ, പരാജയമോ കൂടാതെ നിത്യജീവൻ അടക്കം അവൻ നമുക്ക് ധാരാളം വാഗ്ദാനങ്ങൾ നൽകിയിരിക്കുകയാണ്. ക്രിസ്ത്യാനിയുടെ അവകാശമായിട്ടാണ് ആ വാഗ്ദാനങ്ങൾ ദൈവം നിറവേറ്റുന്നത്-ദൈവത്തിന്റെ ശരീരമായ സഭയുടെ ഭാവി.

"ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര ഉണ്ടെങ്കിലും, അവനിൽ ഉവ്വ് എന്നത്രെ" (2 കൊ. 1:20). നമുക്ക് വാഗ്ദാനം ചെയ്ത ഒന്നിൽനിന്നും ദൈവം പുറകോട്ട് മാറുകയില്ല.

**ആത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു (1:13)**

ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം നമുക്ക് ലഭിക്കുമെന്ന് എങ്ങനെ തീർച്ചയാക്കാം? വാക്യം 13 പറയുന്നു, "...നിങ്ങളെ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു." നമ്മുടെ ഹൃദയങ്ങളിൽ തന്നിരിക്കുന്ന പരിശുദ്ധാത്മാവിനാൽ ആ വാഗ്ദാനങ്ങൾ തരുമെന്ന് ഉറപ്പിച്ചിരിക്കുന്നു. പ്രത്യേകമായ ആ ദൈവിക മുദ്രയെ കുറിച്ച് പൗലൊസ് 2 കൊരിന്ത്യർ 1:21, 22 ലും, എഫെസ്യർ 4:30 ലും പറഞ്ഞിരിക്കുന്നു. നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോഴാണ്-അവൻ നമ്മെ അവന്റെ ശരീരത്തിലാക്കുന്നത്-അപ്പോൾ നമ്മിൽ ദൈവിക മുദ്രയിടുന്നു. ആ മുദ്രയാണ് പരിശുദ്ധാത്മാവ്.

മുദ്രയിടുക എന്നു പറഞ്ഞാലെന്താണ്? ബൈബിൾ കാലഘട്ടത്തിൽ ഒരു

മുദ്രക്ക് നാല് അർത്ഥങ്ങളാണ് ഉണ്ടായിരുന്നത്.

*ആധികാരികത.* എന്തെങ്കിലും മുദ്ര ചെയ്യുന്നത് ആധികാരികതയെയാണ് കാണിക്കുന്നത്. 1 രാജാക്കന്മാർ 21-ൽ, ഈസെബേൽ തന്റെ ഭർത്താവായിരുന്ന ആഹാബ് രാജാവിന്, നാബോത്തിന്റെ തോട്ടം കൈവശപ്പെടുത്തുവാൻ ഗൂഢാലോചന നടത്തി. തന്റെ പദ്ധതി ആധികാരമാക്കുവാൻ, ഈസെബേൽ, "ആഹാബിന്റെ പേരിൽ എഴുത്തുകൾ എഴുതി, അവന്റെ മുദ്രമോതിരത്താൽ അവയിൽ മുദ്രയും വെച്ചിരുന്നു" (1 രാജാ. 21:8). ഉറപ്പിന്റെ ഔദ്യോഗിക അടയാളമായിരുന്നു മുദ്ര.

നാം ദൈവത്തിന്റെ ആധികാരിക മക്കളാണെന്നും നിയമപരമായി അവന്റെ വാഗ്ദാനങ്ങൾക്കെല്ലാം അവകാശികളാണെന്നും നമുക്ക് എങ്ങനെ അറിയാം? ദൈവത്തിന്റെ വ്യക്തിപരമായ മുദ്രയാൽ അത് ആധികാരികമാക്കിയിരിക്കുന്നതാണ് നമ്മിൽ തന്നിരിക്കുന്ന പരിശുദ്ധാത്മാവ് എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 8:9).

*ഉടമസ്ഥാവകാശം.* ഉടമസ്ഥാവകാശം തെളിയിക്കുന്നതിനും ബൈബിൾ കാലഘട്ടത്തിൽ മുദ്ര ഉപയോഗിച്ചിരുന്നു. ദൈവം യിസ്രായേലിനെ നശിപ്പിക്കുമെന്ന് യിരെമ്യാവ് പറഞ്ഞശേഷം, എഴുപതു വർഷത്തെ പ്രവാസത്തിനു ശേഷം അവർ മടങ്ങി വരുമെന്ന് ദൈവം അവനെ ഓർപ്പിച്ചു. അത് വസ്തുവിൽ നിക്ഷേപിക്കുന്നവർക്ക് സുവർണ്ണാവസരമായിരുന്നു! പ്രവാചകൻ എഴുതി, "അങ്ങനെ ഞാൻ ഇളയപ്പന്റെ മകൻ ഹനമെയേലിനോട് അനാഥോത്തിലെ നിലം മേടിച്ചു ... ആധാരം *എഴുതി മുദ്രയിട്ടു*, സാക്ഷികളെക്കൊണ്ട് ഒപ്പിടുവിച്ച ശേഷം ഞാൻ അവന്നു പണം തുലാസിൽ തൂക്കി കൊടുത്തു" (യിരെ. 32:9, 10; എംഫസിസ് ആഡഡ്). എഴുപത് വർഷത്തിനുശേഷം, യിരെമ്യാവിന്റെ പിൻഗാമികൾ ആധാരത്തിന്റെ മുദ്ര പൊട്ടിച്ചപ്പോൾ, ആ നിലം തങ്ങളുടേതാണെന്ന് ഉറപ്പാക്കി. കൈമാറ്റം പൂർത്തിയാക്കി എന്നു തെളിയിക്കുന്നതായിരുന്നു മുദ്ര.

നമുക്കുള്ള വില പൂർണ്ണമായും നൽകി എന്നും ഇപ്പോൾ നാം ദൈവത്തിനുള്ളവരാണെന്നും തെളിയിക്കുന്നതാണ് പരിശുദ്ധാത്മാവിനാലുള്ള മുദ്ര. നാം വിലകൊടുത്തു വാങ്ങപ്പെട്ടവരും മുദ്രയിട്ടവരുമായതിനാൽ നാം അവനുള്ളവരാണെന്ന് ഉറപ്പു വരുത്തിയിരിക്കുന്നു.

*ഭദ്രത.* സംരക്ഷിക്കുവാനും മുദ്ര ഉപയോഗിച്ചിരുന്നു. ദാനിയേലിനെ സിംഹങ്ങളുടെ ഗുഹയിലിട്ടപ്പോൾ, ഗുഹാ വാതിലിൽ ഒരുപക്ഷെ മെഴുക് ഉരുക്കിയൊഴിച്ച്, രാജാവിന്റേയോ ഉയർന്ന ഉദ്യോഗസ്ഥന്റേയോ മുദ്ര മോതിരത്താൽ മുദ്രയിട്ടിരിക്കാം. ആ അടയാളം ഔദ്യോഗിക അടയാളമായി അംഗീകരിച്ചിരുന്നു. വാതിൽ ഭദ്രമാക്കിയതിനാൽ, അത് പൊട്ടിക്കുവാൻ അധികാരമുള്ള ആൾക്ക് മാത്രമെ കഴിയു.

അതേ കാര്യം യേശു മരിച്ചപ്പോൾ അവനെ അടക്കിയ സമയത്ത് യെഹൂദന്മാർ, അവന്റെ ശിഷ്യന്മാർ ശരീരം മോഷ്ടിച്ചുകൊണ്ടുപോകാതിരിപ്പാൻ മുദ്ര വെച്ച് ഭദ്രമാക്കിയിരുന്നു.

വീണ്ടെടുക്കപ്പെട്ട ജീവിതത്തെ ദൈവം പരിശുദ്ധാത്മാവിനാൽ മുദ്രയിട്ട് ഉറപ്പിച്ചതിനാൽ, ആ മുദ്ര പൊട്ടിക്കുവാൻ ആർക്കാണ് അവകാശം? മറ്റാർക്കുമില്ല! നമ്മുടെ അവകാശം ഭദ്രമാക്കിയിരിക്കുകയാണ്.

*നിയോഗിക്കപ്പെട്ട അധികാരം.* നിയോഗിക്കപ്പെട്ട അധികാരത്തെ സൂചിപ്പിക്കുന്നതാണ് മുദ്രയുടെ അവസാനത്തെ ഉപയോഗം, അതായത്, മറ്റൊരാളുടെ പേർക്ക് പ്രവർത്തിക്കുവാനുള്ള അവകാശം. ഈ രംഗത്തിനുള്ള ഒരു ഉദാ

ഹരണം എസ്ഥേറിന്റെ പുസ്തകത്തിൽ കാണാം: "അപ്പോൾ രാജാവ് തന്റെ മോതിരം കയ്യിൽനിന്ന് ഊരി ഹാമാന്നു കൊടുത്തു ..." (എസ്. 3:10).

മോർദ്ദേഖായിയേയും ശേഷിച്ച യെഹൂദന്മാരേയും ഇല്ലാതാക്കുവാനായിരുന്നു ഹാമാന്റെ പദ്ധതി. യെഹൂദന്മാർ രാജ്യത്തിനു ഭീഷണിയാണെന്ന വ്യാജവിവരം അവൻ രാജാവിനെ ധരിപ്പിച്ചിരുന്നു. അതിന് എന്താണ് ഉചിതമെന്നു വെച്ചു തന്റെ പേരിൽ ചെയ്യുവാനായിരുന്നു രാജാവ് തന്റെ മോതിരം ഊരികൊടുത്ത് ഹാമാനോട് പറഞ്ഞത്. ഹാമാന്റെ വക്രത തെളിവായപ്പോൾ, അതേ നേട്ടം മോർദ്ദേഖായിക്ക് ലഭിച്ചു. രാജാവ് മോർദ്ദേഖായിയോട് പറഞ്ഞു,

> നിങ്ങൾക്ക് ബോധിച്ചതുപോലെ നിങ്ങളും രാജാവിന്റെ നാമത്തിൽ യെഹൂദന്മാർക്ക് വേണ്ടി എഴുതി രാജാവിന്റെ മോതിരംകൊണ്ട് മുദ്രയിടുവിൻ; രാജനാമത്തിൽ എഴുതുകയും രാജമോതിരംകൊണ്ട് മുദ്രയിടുകയും ചെയ്ത രേഖയെ ദുർബ്ബലപ്പെടുത്തുവാൻ ആർക്കും പാടില്ലല്ലോ (എസ്. 8:8).

മോർദ്ദേഖായിക്ക് രാജാവ് മുദ്ര കൊടുത്തപ്പോൾ, രാജാവിന്റെ നാമത്തിൽ പ്രവർത്തിക്കുവാനുള്ള പൂർണ്ണമായ അധികാരത്താൽ നിയോഗിക്കുകയായിരുന്നു.

ഇതിലെല്ലാം വിശ്വാസിക്ക് എന്താണ് കാര്യം? യോഹന്നാൻ 16:23-ൽ, അപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്ത ശേഷം, തന്റെ നാമത്തിൽ പ്രവർത്തിക്കുവാനായിരുന്നു യേശു അവരോട് പറഞ്ഞത്. നമ്മിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഉള്ളതിനാൽ-ദൈവിക മുദ്ര നമ്മുടെ ജീവിതങ്ങളിൽ ഉള്ളതിനാൽ-നിയോഗിക്കപ്പെട്ട് യേശുവിന്റെ അധികാരത്തിൽ പിതാവിനോട് നമുക്ക് എന്തും യാചിക്കുവാൻ കഴിയും.

നമ്മുടെ ഉള്ളിൽ തന്നിരിക്കുന്ന പരിശുദ്ധാത്മാവ്, നാം അവകാശികളാണെന്നും, ദൈവം വാഗ്ദാനം ചെയ്തതെല്ലാം നമുക്ക് ലഭിക്കുമെന്നുമുള്ള ഉറപ്പാണ്. ആത്മാവ് ദൈവത്തിന്റെ നിക്ഷേപമാണെന്ന് പൗലൊസ് പറഞ്ഞു, "തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു" (എഫെ. 1:14). ദൈവം തിരഞ്ഞെടുത്തവർക്ക് ഭാഗികമായ അവകാശം കൊടുത്തു കഴിഞ്ഞിരിക്കുന്നു; ശേഷമുള്ളവ വരുവാനിരിക്കുന്നു എന്ന് കാണിച്ച് പരിശുദ്ധാദ്ധാത്മാവ് അച്ചാരമായി തന്നു. നാം ദൈവത്തിന്റേതാണെന്ന് കാണിക്കുവാൻ മാത്രമല്ല അവന്റെ ആത്മാവ് നമ്മിൽ തന്നിരിക്കുന്നത്, പിന്നെയോ താൻ വാഗ്ദാനം ചെയ്തവയെല്ലാം നമുക്ക് അവൻ തരുമെന്നുകൂടെ ബോധ്യപ്പെടുത്തുകയാണ്.

*ഉപസംഹാരം.* നമ്മെ അവസാനം വീണ്ടെടുക്കുക എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം. പാപത്തിന്റെ ശക്തിയിൽനിന്നും പിഴയിൽനിന്നും നമ്മെ വീണ്ടെടുത്തു കഴിഞ്ഞു; ഒരിക്കൽ നമ്മെ പാപത്തിന്റെ സാന്നിധ്യത്തിൽനിന്നു തന്നെ വീണ്ടെടുക്കും. ഇപ്പോൾ നമ്മുടെ ആത്മാക്കളെ വീണ്ടെടുത്തു, എന്നാൽ ഒരിക്കൽ നമ്മുടെ ശരീരങ്ങൾ ഉയർത്തെഴുന്നേറ്റ് അദ്രവത്വം പ്രാപിക്കും. അപ്പോൾ നമ്മുടെ വീണ്ടെടുപ്പ് പൂർണ്ണമാകും (റോമർ 8:23). അപ്പോൾ നമുക്ക് അവകാശത്തിന്റെ ലക്ഷ്യം തിരിച്ചറിയുവാനും, നമ്മെ വേർപെടുത്തി, അമർത്യ ശരീരം നൽകി ദൈവത്തിന്റെ അവകാശത്തിന്റെ ധനം നിത്യത മുഴുവൻ അവകാശമായി അനുഭവിക്കുവാനും കഴിയും. വാഗ്ദാനം ചെയ്തത് ന

മുക്ക് ലഭിക്കും!

ഭൂതകാലത്തിലെ നിത്യതയിൽനിന്ന് ഭാവിയിലെ നിത്യതയിലേക്ക്, ക്രിസ്തുവിൽ അവന്റെ മക്കളാകുവാൻ നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. ഇപ്പോൾ, നമ്മെ പാപത്തിൽനിന്നു വീണ്ടെടുത്തു, യേശുവിന്റെ രൂപത്തോട് അനുരൂപരാകുവാൻ സ്വതന്ത്രരാക്കിയിരിക്കുന്നു. ഭാവി നിത്യതയിൽ, ദൈവം തന്നെ നമ്മുടെ അവകാശവും ധനവുമായി തീരും.നമ്മുടെ അത്ഭുത ദൈവത്തിന്റെ തേജസിന്റെ പുകഴ്ച്ചക്കാണ് നമ്മെ തിരഞ്ഞെടുത്തത് എന്നതാണ് ഫലം!

ക്രിസ് ബുള്ളാർഡ്

**വാഗ്ദാനത്തോടുകൂടി മുദ്രയിട്ടു (1:13)**

വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാലാണ് ദൈവം നമ്മെ മുദ്രയിട്ടത്, എന്നാൽ പ്രായോഗികമായി അതിന്റെ അർത്ഥം എന്താണ്?

1. ക്രിസ്ത്യാനികളാകുമ്പോൾ നമുക്ക് എല്ലാ അവകാശവും ലഭിക്കും.
2. ദൈവാത്മാവിനാൽ നമ്മുടെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്തി ദൈവം ആവശ്യപ്പെടുന്നത് മനസിലാക്കുവാനും അവൻ ആഗ്രഹിക്കുന്നതു പോലെ പ്രവർത്തിപ്പാനും പ്രാപ്തരാക്കുന്നു (3:16–21).
3. നാം പരിശുദ്ധാത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നു (ഗലാ. 5:22, 23).
4. നാം ജഡത്തെ അതിജീവിച്ച് വാസ്തവത്തിലുള്ള ജീവിതം ആസ്വദിക്കുന്നു (റോമർ 8:13).
5. നമ്മെ മരിച്ചവരിൽനിന്നും ഉയർപ്പിക്കുമെന്ന് ഉറപ്പാക്കിയിരിക്കുന്നു (റോമർ 8:11).
6. നമ്മുടെ കുഴപ്പസമയത്ത് സഹായകൻ നമുക്കുണ്ട് (റോമർ 8:26, 27).
7. നാം യേശുവിന്റെ കരങ്ങളിൽ സുരക്ഷിതരാണ്.

യോഹന്നാൻ 10:27, 28–ൽ യേശു മനോഹരമായ ഒരു വാഗ്ദാനം ചെയ്തിരിക്കുന്നു, അവിടെ അവൻ പറഞ്ഞു, "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു; ഞാൻ അവക്ക് നിത്യജീവൻ കൊടുക്കുന്നു. ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയും ഇല്ല" "കേൾക്കുക," "അറിയുക," "അനുഗമിക്കുക," "കൊടുക്കുക" എന്നീ ക്രിയകൾ അർത്ഥമാക്കുന്നത്, "പറയുന്ന ആൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ സംഭവിക്കുന്നതായിട്ടാണ് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ഭാഷയിലെ വർത്തമാനകാല ക്രിയ വ്യക്തമാക്കുന്നത്."[88] വർത്തമാനകാല ആക്ടിവ് ഇന്റിക്കേറ്റിവ് സൂചിപ്പിക്കുന്നത് "തുടർപ്രക്രിയക്കായി ക്ഷണിക്കുന്നതാണ്."[89] അതുകൊണ്ട്, യേശു പറഞ്ഞു, "എന്റെ ആടുകൾ എന്റെ ശബ്ദം കേട്ടുകൊണ്ടിരിക്കും; അവ എന്നെ അറിഞ്ഞുകൊണ്ടിരിക്കും; അവ എന്നെ അനുഗമിച്ചുകൊണ്ടിരിക്കും; ഞാൻ അവക്ക് നിത്യജീവൻ കൊടുത്തുകൊണ്ടിരിക്കും; അവ ഒരുനാളും നശിച്ചുപോകയില്ല." ഒരിക്കലു ം നശിച്ചുപോകയില്ല എന്നു പറഞ്ഞിരിക്കുന്നത്, അവന്റെ ശബ്ദം കേട്ട് അനുഗമിച്ചുകൊ

ണ്ടിരിക്കുന്നവരെ ഉദ്ദേശിച്ചാണ്. ഒരാട് അവന്റെ ശബ്ദം കേൾക്കാതെയും, അവനെ അനുഗമിക്കാതെയുമിരുന്നാൽ അയാൾ, വാഗ്ദാനത്തിൽനിന്നും മുദ്രയുടെ ഭദ്രതയിൽനിന്നും പുറത്തുപോകയാണ്. ക്രിസ്തുവിൽ നമുക്ക് ഭദ്രതയില്ലെന്നു പറയുന്നവർ ഈ വാഗ്ദാനത്തെ കണ്ടില്ലെന്നു നടിക്കുക യാണ്. ഭദ്രത എന്ന വാഗ്ദാനം നിബന്ധനാ രഹിതമാണെന്നു പറയുന്നവർ, ഉപയോഗിച്ചിരിക്കുന്ന ക്രിയാ പ്രവൃത്തിയെ കാണുന്നില്ല. ക്രിസ്ത്യാനിക്ക് ഭദ്രയുണ്ടോ? തീർച്ചയായും ഉണ്ട്! അവന്റെ ഭദ്രത നിബന്ധനാരഹിതമാണോ? തീർച്ചയായിട്ടും അല്ല!

**നമ്മുടെ അനുഗ്രഹങ്ങൾക്കായുള്ള മദ്ധ്യസ്ഥത വഹിക്കൽ**

നാം ക്രിസ്തീയ ജീവിതം നയിക്കുമ്പോൾ, നമ്മുടെ അനുഗ്രഹങ്ങൾ എണ്ണുകയും ...

- ദൈവം നമ്മെ മനോഹരമായ രീതിയിൽ അനുഗ്രഹിക്കുന്നത് നോക്കുക.
- നാം ലോകത്തിൽ ജീവിക്കുന്നതുകൊണ്ട്, നമ്മുടെ അനുഗ്രഹങ്ങളെ ധ്യാനിക്കുക.
- അനുഗ്രഹങ്ങളിൽ വെച്ച് ഏറ്റവും വലിയത് അവലോകനം നടത്തുക, "ക്രിസ്തുവിൽ" ഉള്ള അനുഗ്രഹങ്ങൾ ഏതെല്ലാമെന്നും നോക്കുക. ആ അനുഗ്രഹങ്ങൾ ആത്മിയവും, സമൃദ്ധവും, നിത്യജീവനുമാണ്.

ഈ ആത്മികാനുഗ്രഹഹങ്ങളെല്ലാമുള്ള "ക്രിസ്തുവിൽ" ആണോ നിങ്ങൾ?

ജേയ് ലോക്ഹാർട്ട്

---

കുറിപ്പുകൾ

[1]എതെൽബെർട്ട് ഡബ്ലിയു. ബലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യുടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 104. [2]മാർവിൻ ആർ. വിൻസന്റ്, *വേർഡ് സ്റ്റഡീസ് ഇൻ ദ ന്യുടെസ്റ്റമെന്റ്*, വാല്യം. 3, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ* (എൻ.പി.: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1890; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1946), 364. [3]ആൽബെർട്ട് ബാർണെസ്, *നോട്ട്സ് ഓൺ ദ ന്യുടെസ്റ്റമെന്റ്: എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്,* എഡി. റോബർട്ട് ഫ്ര്യു (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1965), 16. [4]പോൾ ടി. ബട്ട്ലർ, *ദ ഗോസ്പെൽ ഓഫ് ജോൺ,* വാല്യം. 1, ബൈബബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ. മോ.: കോളേജ് പ്രസ്, 1961), 21. [5]ഹോമെർ ഹെയ്ലി, *ദാറ്റ് യു മെ ബിലീവ്: സ്റ്റഡീസ് ഇൻ ദ ഗോസ്പെൽ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 20. [6]അഡാപ്റ്റഡ് ഫ്രം ജെറാൾഡ് എഫ്. ഹാവ്തോൺ, *ഫിലിപ്പിയൻസ്,* വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം. 43, (വാകോ. ടെക്സ്.: വേർഡ് ബുക്സ്, 1983), 84. [7]സ്പിരോസ് സോദിയേറ്റ്സ്, എഡി. *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യുടെസ്റ്റമെന്റ്* 2ഡ്. എഡി. (ചറ്റനൂഗാ, ടെന്ന.: എഎംജി പബ്ലിഷേഴ്സ്, 1992), 937, 963. [8]ആർ സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ് പോൾസ്, എപ്പിസ്റ്റിൽസ് ടു*

*ദ ഗലേഷ്യൻസ്, ടു ദ എഫെഷ്യൻസ് ആന്റ് ടു ദ ഫിലിപ്പിയൻസ്* (കൊളംബസ്, ഒഹിയോ.: വാർട്ബർഗ് പ്രസ്, 1946; റീപ്രിന്റ്, മിന്നപൊലിസ്: ആഗ്സ്ബർഗ്, പബ്ലിഷിങ് ഹൗസ്, 1961), 392. [9]ടി. ആർ. അപ്ലെബറി, *സ്റ്റഡീസ് ഇൻ സെക്കന്റ് കൊരിന്ത്യൻസ്,* ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1971), 19. [10]വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 388.

[11]ഇബിഡ്., 305. [12]ഡി. എൽ. മൂഡി, ക്വോട്ടഡ് ഇൻ രൂത്ത് പാക്സൻ, *ദ വെൽത്ത്, വാക്ക് ആന്റ് വാർഫെയർ ഓഫ് ദ ക്രിസ്ത്യൻ* (ഓൾഡ് ടപ്പാൻ, എൻ. ജെ.: ഫ്ളെമിങ് എച്ച്. റെവെൽ കമ്പനി., 1939), 31. [13]കെന്നെത്ത് എസ്. വുവെസ്റ്റ്, *വുവെസ്റ്റ്സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യൂടേസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 31; കൂടാതെ, ബാവെർ, 515 കൂടെ നോക്കുക. [14]വൂവെസ്റ്റ്, 31; കൂടാതെ ബാവെർ 561 നോക്കുക. [15]ആൻഡ്രൂ ടി. ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 24. [16]വൂവെസ്റ്റ്, 33. [17]എസ്. ഡി. എഫ്. സാൽമണ്ട്, "ദ എപ്പിസ്റ്റിൽസ് ടു ദ എഫെഷ്യൻസ്," ഇൻ *ദ എക്സ്പൊസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്* എഡി. ഡബ്ലിയു. റോബർട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:249. [18]വൂവെസ്റ്റ്, 33–34. [19]സാൽമണ്ട്, 250. [20]ലെൻസ്കി, 360.

[21]സാൽമണ്ട്, 251. [22]റോബർട്ട് *യങ്, യങ്സ് അനലിറ്റിക്കൽ കൺകോർഡൻസ് ടു ദ ബൈബിൾ,* 22ഡ്. അമേരിക്കൻ എഡി., റെവ. ഡബ്ലിയുഎം. ബി. സ്റ്റീവ്സൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 14. [23]ടി. എസ്. റീസ് "അഡോപ്ഷൻ," ഇൻ *ദ ഇന്റർനാഷ്ണൽ ബൈബിൾ എൻസൈക്ലോപീഡിയ,* എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 1:58. [24]സാൽമണ്ട്, 251. [25]ഇബിഡ്., 250–51. [26]എമ്മെറ്റ് റസെൽ, "അഡോപ്ഷൻ," ഇൻ *ദ സോണ്ടർവാൻ പിക്ചോറിയൽ ബൈബിൾ ഡിക്ഷ്ണറി,* എഡി. മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1963), 15. [27]വൂവെസ്റ്റ്, 36. [28]ഇബിഡ്., 36–37. [29]കെന്നെത്ത് എസ്. വൂവെസ്റ്റ്, *വൂവെസ്റ്റ്സ്'സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: ഗലേഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 115. [30]വൂവെസ്റ്റ്, *എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്*, 37.

[31]ഇബിഡ്. [32]സാൽമണ്ട്, 252. [33]ജോർജ് വിഗ്രാം, *ദ ഇംഗ്ലീഷ്മാൻ'സ് ഗ്രീക്ക് കൺകോർഡൻസ് ഓഫ് ദ ന്യൂടെസ്റ്റമെന്റ്,* 9ത് എഡി. (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, 1903), 322. [34]വിൻസെന്റ്, 365. [35]ലിങ്കൺ, 27. [36]സോദിയേറ്റ്സ്, 631, 863. കഴിഞ്ഞകാല പ്രവൃത്തിയെ സൂചിപ്പിച്ചാണ് അയോറിസ്റ്റ് ടെൻസ് ഉപയോഗിച്ചിരിക്കുന്നത്. [37]ഇബിഡ്., 631, 869. [38]ബൂവെർ, 117. [39]ലെൻസ്കി, 366; കൂടാതെ ബാവർ, 156. [40]ബാവർ, 770; സൽമണ്ട്, 255; ലെൻസ്കി, 367.

[41]സാൽമണ്ട്, 255. [42]വൂവെസ്റ്റ്, *എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്*, 41. [43]ഇബിഡ്. [44]സാൽമണ്ട്, 256. [45]ബാവർ, 805. [46]സാൽമണ്ട്, 257. [47]ജി. ഡബ്ലിയു. ബേക്കർ, "മിസ്റ്ററി," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* റെവ. എഡി., എഡി. ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1986), 3:451–52. [48]വൂവെസ്റ്റ്, *എഫെഷ്യൻസ് ആന്റ്*

*കൊലൊഷ്യൻസ്*, 44; കൂടാതെ ബാവർ, 447 നോക്കുക. [49]ബാവർ, 511. [50]ഇബിഡ്., 404.

[51]വൂവെസ്റ്റ്, *എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്*, 44. [52]ഇബിഡ്., കൂടാതെ ബാവർ, 697 നോക്കുക. [53]ലിങ്കൺ, 31. [54]ബാവർ, 830, 497. [55]സി. ജി. വിൽകെ ആന്റ് വിൽബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റ മെന്റ്*, ട്രാൻസ്, ആന്റ് റെവ. ജോസെഫ് ഹെന്റിതേയർ (എഡിൻബർഗ്: ടി & ടി. ക്ലെർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 673. [56]ജോൺ മെക്ക്ലിൻടോക് ആന്റ് ജെയിംസ് സ്ട്രോങ്, എഡിസ്., "ഫുൾനെസ്," ഇൻ *സൈക്ലോപീഡിയ ഓഫ് ബിബിളിക്കൽ, തിയോളജിക്കൽ, ആന്റ് എക്ലേഷിയാസ്റ്റിക്കൽ ലിറ്ററേച്ചർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1970), 3:692. [57]സാൽമണ്ട്, 260. [58]ബാവർ, 65. [59]സോദിയേറ്റ്സ്, 886. [60]സാൽമണ്ട്, 261.

[61]ഹെൻറി ആൽഫോർഡ്, *ദ ഗ്രീക്ക് ടെസ്റ്റമെന്റ്, വാല്യം. 3, ഗലേഷ്യൻസ്-ഫിലേമോൻ.* 4ത് എഡി. (കെയിംബ്രിഡ്ജ്: ഡെയിറ്റൺ, ബേൽ, ആന്റ് കമ്പനി., 1865), 76. [62]ലിങ്കൺ, 33. [63]സോദിയേറ്റ്സ്, 928; കൂടാതെ ബാവർ, 548 നോക്കുക. [64]സാൽമ ണ്ട്, 263. [65]ലിങ്കൺ, 35-36. [66]ഏകദേശം ബി. സി. രണ്ടാം നൂറ്റാണ്ടിൽ, എബ്രായ പ ഴയ നിയമത്തിന്റെ ഗ്രീക്ക് തർജിമയാണ് സെപ്ത്വജിന്റ്. [67]ബാവർ, 869. [68]നോക്കുക, ജോൺ മെക്ക്ലിൻടോക് ആന്റ് ജെയിംസ് സ്ട്രോങ്. എഡിസ്., "പർപ്പസ് ഓഫ് ഗോഡ്," *ഇൻ സൈക്ലോപീഡിയ ഓഫ് ബിബിളിക്കൽ, തിയോളജിക്കൽ ആന്റ് എക്ലേഷ്യാസ്റ്റിക്കൽ ലിറ്ററേച്ചർ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1970), 8:815. [69]സോദിയേറ്റ്സ്, 897. [70]വിഗ്രാം, 361-62.

[71]സോദിയേറ്റ്സ്, 897. [72]വൂവെസ്റ്റ്, *എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്,* 48. [73]സാൽമണ്ട്, 265-66; വൂവെസ്റ്റ്, *എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്,* 48; വിൻസെന്റ്, 368-69. [74]ലെൻസ്കി, 380; ലിങ്കൺ, 37. [75]ലെൻസ്കി, 382. [76]തേ യർ, 26. [77]ബലിഞ്ചർ, 339. [78]ലെൻസ്കി, 383. [79]"സീൽഡ്," ഇൻ *ദ ന്യൂ സ്റ്റാഫ് ഹെർസോഗ് എൻസൈക്ലോപീഡിയ ഓഫ് റിലീജിയസ് നോളേജ്,* എഡി. സാമുവേൽ മെക്കാളേ ജാക്സൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1951), 1:248. [80]കിർസോപ് ലേക്ക്, ട്രാൻസ്., *ദ അപ്പോസ്തോലിക് ഫാദേഴ്സ്,* ദ ലോയേബ് ക്ലാസിക്കൽ ലൈബ്രറി, എഡി. ടി. ഈ. പേജ്, എറ്റ് അൽ. (കെയിംബ്രിഡ്ജ്, മാസ്.: ഹാർവാർഡ് യുണിവേഴ്സിറ്റി പ്രസ്, 1913), 1:141, 2:263.

[81]സോദിയേറ്റ്സ്, 893. [82]ലിങ്കൺ, 41. [83]ഇബിഡ്., 42. [84]വില്യം ഡി. മൗൺസ്, *പ ാസ്റ്റോറൽ എപിസ്റ്റിൽസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 46 (നാഷ്വിലേ: തോമസ് നെൽസൻ പബ്ലിഷേഴ്സ്, 2000), 529. [85]ഇബിഡ്. [86]അക്ഷരികമായി ഗ്രീക്കിൽ വാക്യം 7, 11, 13-ൽ (രണ്ട് പ്രാവശ്യം) തർജിമ ചെയ്തിരിക്കുന്നത് "ഇൻ ഹും" എന്നാ ണ്. [87]ബഹുമാന്യരായ വേദശാസ്ത്ര പണ്ഡിതന്മാർ മുൻനിർണ്ണയ വിഷയത്തെ കുറിച്ച് വിവിധ സ്ഥലങ്ങളിലും സമയങ്ങളിലും ജീവിച്ചിരുന്ന് തർക്കിച്ചിട്ടുള്ളവരാണ്, അഗസ്റ്റിനും നാലാം-നൂറ്റാണ്ടിൽ വടക്കെ ആഫ്രിക്കയിലെ ആനുകാലികനായിരുന്ന പെലാജിയസും; പതിനൊന്നാം-നൂറ്റാണ്ടിലെ ആൻസേം ഓഫ് കാന്റിബറി; പതിമൂന്നാം -നൂറ്റാണ്ടിലെ ഇറ്റാലിയൻ പുരോഹിതനായിരുന്ന തോമസ് അക്വിനാസ്; പതിനാ റാം-നൂറ്റാണ്ടിലെ ഫ്രഞ്ച് നവോത്ഥാനകനായിരുന്ന ജോൺ കാൽവിൻ; പതിനാറാം-നൂറ്റാണ്ടിലെ ഡച്ച് മിനിസ്റ്ററായിരുന്ന ജേകോബസ് അർമീനിയസ്; പതിനെട്ടാം നൂറ്റാ ണ്ടിലെ ബ്രിട്ടിഷ് ആംഗ്ലിക്കൻ മിനിസ്റ്ററായിരുന്ന ജോൺ വെസ്ലി എന്നിവർ അവരിൽ പെടുന്നു. ഇന്നും നാമധേയ വിഭാഗങ്ങളിൽ ആ വിഷയത്തെ കുറിച്ചുള്ള തർക്കം തുടരുന്നു. [88]സോദിയേറ്റ്സ്, 869. [89]ജെ. ഗ്രെഹാം മാചെൻ, *ന്യൂടെസ്റ്റമെന്റ് ഗ്രീക്ക് ഫോർ ബിഗിനേഴ്സ്* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1957), 21-22.